# സത്യദൂതൻ

2017 ഒക്ടോബർ | ലക്കം 10

വില ₹ 30



## മലക്കുകൾ

## വംശീയ ഉന്മൂലനത്തിന് വിധേയമാവുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran
Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at
A pocket reference of Shara't-e-Bai'at in 7 languages



### Sermons
Huzoor's Friday Sermons In 15 languages




### MTA
Watch MTA Live, view Schedule and much more



### Ahmadiyya News
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2017 ഒക്ടോബർ
ഹി.ശ.1396 - ഇഖാഅ്
1439 മുഹറം - സഫർ
പുസ്തകം 89 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്‌ബ സംഗ്രഹം
**നന്മക്ക് വേണ്ടിയുള്ള ഒത്തുചേരലുകൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 സെപ്തംബർ 22ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം.

12
**മലക്കുകൾ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

18
**ഇസ്‌ലാം: അടിസ്ഥാന സാമ്പത്തിക തത്ത്വങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

23
**അന്ത്യവിധിയെ വിസ്മരിക്കുന്ന മനുഷ്യൻ**
എഫ്.എ. നെല്ലിക്കുന്ന്

26
കവിത
**സ്പന്ദനങ്ങൾ**
എം.എ.സമദ്

27
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ - 12**
ഇബ്നു വഫ കോഴിക്കോട്

35
**നുബുവ്വത്ത്: എം.എം.അക്ബറിന്റെ ആരോപണങ്ങൾക്ക് മറുപടി - 2**
യാസർ അറഫാത്ത്.ആർ.എം

38
**സ്വകാര്യ ജീവിതം**
സർ സഫറുല്ലാഹ് ഖാൻ

40
കുറിപ്പുകൾ
**വംശീയ ഉന്മൂലനത്തിന് വിധേയമാവുന്ന റോഹിങ്ക്യൻ മുസ്‌ലിംകൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026. Cover Photo: Baitur Rahman Mosque, Spain
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25:74)





## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഹറജ് ' വർധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് 'ഹറജ് '? നബിതിരുമേനി(സ) കൈ കൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ശാന്തരായി ചിന്തിക്കു

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ, എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സ്വാത്വികരുടെ മാർഗം ... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫിദ്ദീൻ' (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായി ക്കാണുന്നു. (കിശ്തീനൂഹ്)



# കൂടിയാലോചനയും അഭിപ്രായ സമീകരണവും

മത-സാമൂഹിക മണ്ഡലത്തിലും കൂടുംബ ജീവിതത്തിലും രാഷ്ട്രീയ അന്താരാഷ്ട്രാ രംഗത്തും കൂടിയാലോചനക്ക് വലിയ പ്രാധാന്യമുണ്ട്. മനുഷ്യ ജീവിതം സംഘർഷരഹിതമായി സമാധാന പൂർവം മുന്നോട്ട് കൊണ്ട് പോകാൻ കൂടിയാലോചനക്ക് നിർണായകമായ സ്ഥാനമുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു. ***'തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും (വ അംറുഹും ശൂറാ ബയ്നഹും) നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും (ആണ് അവർ)' (42: 39).*** മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു. ***'അതിനാൽ നീ അവർക്ക് പൊറുത്തുകൊടുക്കുകയും അവർക്ക് പാപമോചനത്തിനായി പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ (വ ശാവിറുഹും ഫിൽ അംമ്റി) അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.' (3:160)***

വ്യക്തികൾ പരസ്പരം വ്യത്യസ്തമായിരിക്കുന്നത് പോലെ അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും അഭിരുചികളും പലപ്പോഴും വിഭിന്നങ്ങളായിരിക്കാം. വിരുദ്ധങ്ങളും വ്യത്യസ്തവുമായ അഭിപ്രായങ്ങളുടെയും വീക്ഷണങ്ങളുടെയും സമന്വയവും സഹവർത്തിത്വവുമാണ് സമാധാനത്തിന്റെ മുന്നുപാധികൾ. ദാമ്പത്യം, കുടുംബം, സമാജം, സമൂഹം, രാഷ്ട്രീയം, അന്താരാഷ്ട്രീയം തുടങ്ങിയ മനുഷ്യജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സംജാതമായേക്കാവുന്ന പൊരുത്തക്കേടുകളെ സരമസപ്പെടുത്തിയും സമന്വയിപ്പിച്ചും കൂടിയാലോചന മുന്നോട്ടു കൊണ്ടുപോകുന്നു. അതിലാണ് നന്മയും വിജയവും നിലകൊള്ളുന്നത്.

ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് മനുഷ്യ സംസ്കാരം പ്രാകൃതാവസ്ഥയിലായിരുന്ന ഒരു കാലഘട്ടത്തിൽ, റസൂൽ തിരുമേനി(സ) യും വിശുദ്ധ ഖുർആനും മനുഷ്യ സമൂഹത്തിൽ കൂടിയാലോചനയുടെയും സമീകരണത്തിന്റെയും മൂല്യങ്ങൾ സന്നിവേശിപ്പിച്ചിരുന്നു എന്നത് അത്ഭുതാവഹമല്ലേ? ഇസ്‌ലാം വിഭാവന ചെയ്യുന്ന ഇത്തരം കൂടിയാലോചനക്കും സംവാദങ്ങൾക്കും ജനാധിപത്യം ഇടം നൽകുന്നു എന്നത് കൊണ്ടാണ് അതിന് പ്രത്യയശാസ്ത്രം എന്ന നിലക്കും രാഷ്ട്രീയ സംവിധാനം എന്ന നിലക്കും ജീവിത വീക്ഷണം എന്ന നിലക്കും ആധുനിക കാലത്ത് ചിന്താമണ്ഡലത്തിലും പ്രായോഗിക രംഗത്തും സ്വീകാര്യത ലഭിക്കുന്നത്. ജനാധിപത്യത്തിൽ വാദപ്രതിവാദം (Debate), സംവാദം (Dialogue), കൂടിയാലോചന (Deliberative dialouge) എന്നീ പ്രക്രിയകളിലൂടെയാണ് അഭിപ്രായ സമന്വയം ഉണ്ടാകുന്നത്. വിയോജിപ്പുകൾ ഉണ്ടാവുമ്പോൾ അത് സംഘർഷങ്ങളിലേക്കും സമരങ്ങളിലേക്കും ശക്തി പ്രകടനങ്ങളിലേക്കും വളർത്തിയെടുത്ത് സമൂഹത്തിൽ അസ്വസ്ഥതകളുണ്ടാക്കുന്ന ഇടതുപക്ഷ വിപ്ലവ സമീപനം സമൂഹക്ഷേമത്തിനും സുസ്ഥിര സമാധാനത്തിനും ഹിതകരമല്ല. ചരിത്രം അതിന് സാക്ഷിയാണ്. അഭിപ്രായ വിയോജിപ്പുകളേയും വിരുദ്ധവീക്ഷണങ്ങളേയും സമന്വയിപ്പിക്കാൻ മതം എന്ന നിലക്ക് ഇസ്‌ലാമും ഭരണ സമ്പ്രദായം എന്ന നിലക്ക് ജനാധിപത്യവും ഒരു പോലെ മുന്നോട്ട് വെക്കുന്ന കൂടിയാലോചന എന്ന അനുഗൃഹീത മാർഗത്തിലൂടെ വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ടു തന്നെ നാം നിരന്തരം പരിഹാരം ആരായേണ്ടതുണ്ട്. അത് മാനവീയ ഗുണങ്ങളുടെ പ്രകടനമാണ്. വിയോജിപ്പുകൾക്കും സംഘർഷാത്മകമായ വൈരുദ്ധ്യങ്ങൾക്ക് നടുവിലും കൂടിയാലോചന ക്ഷേമവും സമാധാനവും ഐക്യവും കൊണ്ടുവരുന്നു. മറിച്ച് പ്രക്ഷോഭത്തിന്റെ മാർഗം വിനാശവും അസ്വസ്ഥതയും അശാന്തിയുമാണ് സമൂഹത്തിന് സമ്മാനിക്കുക. വിയോജിപ്പുകളും വിരുദ്ധ വീക്ഷണങ്ങളും സംഘർഷങ്ങളും നിലനിൽക്കുന്ന സമൂഹങ്ങളിൽ വിശിഷ്യാ മുസ്‌ലിം സമൂഹങ്ങൾ കൂടിയാലോചനകളിലൂടെ പ്രശ്നം പരിഹരിക്കട്ടെ എന്ന് അഹ്മദിയ്യാ ഖലീഫ മുസ്‌ലിം ലോകത്തോട് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത് അതുകൊണ്ടാണ്.



### ഹദ്റത്ത് അഹ്മദ് (അ)


# തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല

ഈ മഹാവിപ്ലവത്തെ നോക്കിക്കാണുവിൻ! ഇതു മനുഷ്യന്റെ കൈക്ക് സംഭവിക്കുന്നതാണോ എന്നാലോചിക്കുവിൻ! ലോകർ ആഗ്രഹിച്ചു, ഈ പ്രസ്ഥാനത്തിന്റെ നാമാടയാളങ്ങൾ പോലും ബാക്കിയാവാത്ത നിലയിൽ നശിപ്പിച്ചു കളയണമെന്ന്. ഇത് അവരുടെ വരുതിയിൽപ്പെട്ട കാര്യമാണെങ്കിൽ ഈ പ്രസ്ഥാനം എന്നേ നശിച്ചൊടുങ്ങുമായിരുന്നു. എന്നാൽ, ഇതു അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു. അവൻ ഉദ്ദേശിക്കുന്നതെന്തോ അതിനെ തടയാൻ ഈ ലോകത്തിന് സാധിക്കുന്നതല്ല. ലോകം ഉദ്ദേശിക്കുന്നതെന്തോ അത് ദൈവം ഇച്ഛിച്ചതല്ലെങ്കിൽ അതൊരിക്കലും സംഭവിക്കുന്നതല്ല. ചിന്തിച്ചു നോക്കുവിൻ! എന്റെ കാര്യത്തിൽ മുഴുവൻ ഉലമാക്കന്മാരും പീർപുത്രന്മാരും പുണ്യസ്ഥാനികളും എതിരാളികളായി അണിനിരന്നു. മറ്റു മതസ്ഥരെയും എന്റെ ശത്രുതയിൽ അവർ കൂട്ടുകാരാക്കിമാറ്റി. എന്നെ സംബന്ധിച്ചിടത്തോളം അവർ എല്ലാതരം ശ്രമങ്ങളിലും ഏർപ്പെട്ടു. മുസ്‌ലിംകളേയും എന്റെ നേരെ ദുർഭാവന പുലർത്തുന്നവരാക്കി മാറ്റാനായി കുഫ്റ് ഫത്‌വ പുറപ്പെടുവിച്ചു. ഈ പരിപാടിയിലും വിജയം സിദ്ധിക്കാതെ വന്നപ്പോൾ കേസ്സുകളുടെ ഒരു പരമ്പര ആരംഭിച്ചു. കൊലക്കേസ്സിലും എന്നെ കുരുക്കിയിട്ടു. എന്നെ ശിക്ഷയിലകപ്പെടുത്തുന്നതിന് കഴിയുന്നത്ര എല്ലാ ശ്രമങ്ങളും നടത്തി. ഒരു പാതിരിയെ വധിക്കാൻ ശ്രമിച്ചതായി എന്റെ പേരിൽ കള്ള കുറ്റം ചുമത്തി. ഈ കേസിൽ മുഹമ്മദ് ഹുസൈൻ ഭട്ടാലവി സാക്ഷി പറയാൻ സന്നദ്ധനാവുകയും ചെയ്തു. ഞാൻ കേസിൽപെട്ടു വിഷമിക്കണമെന്നും ശിക്ഷിക്കപ്പെടണം എന്നും അദ്ദേഹം ആഗ്രഹിക്കുന്നുണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ ഈ ശ്രമങ്ങൾ വ്യക്തമാക്കിയത് തെളിവുകളും പ്രമാണങ്ങളുമുന്നയിക്കാൻ അദ്ദേഹം അശക്തനാണെന്നത്രേ. ശത്രു ന്യായവാദങ്ങൾ ഉന്നയിക്കാൻ പ്രാപ്തനാകാതെ വരുമ്പോയും പ്രമാണങ്ങളിലൂടെ കുറ്റം വിധിക്കാൻ കഴിയാതെ വരുമ്പോഴും ദ്രോഹിക്കാനും കൊല്ലാനും പ്ലാനിടുകയും നാട്ടിൽ നിന്നും ആട്ടിപുറത്താക്കാൻ വട്ടം കൂട്ടുകയും ചെയ്യുന്നതാണല്ലോ സമ്പ്രദായം. അവർ പല തരത്തിലുള്ള ഗൂഢാലോചനകളും ആസൂത്രണം ചെയ്യാൻ തുടങ്ങുന്നു. തിരുനബി (സ) ക്കെതിരെ മക്കയിലെ അവിശ്വാസികൾക്ക് ഒന്നും ചെയ്യാനാകാതെ വരികയും എല്ലാ വിധത്തിലും അവർ അശക്തരായി ഭവിക്കുകയും ചെയ്തപ്പോൾ അവരും ഇത്തരത്തിൽ തന്നെ തിരുമേനി(സ)യെ കൊല്ലുകയോ തടവിലിടുകയോ നാട്ടിൽ നിന്നും അടിച്ചോടിക്കുകയോ ചെയ്യാൻ ഗൂഢാലോചന നടത്തുകയാണല്ലോ ഉണ്ടായത്. തിരുനബി(സ)യുടെ സഹചരർക്ക് കടുത്ത ക്ലേശങ്ങൾ ഉണ്ടാക്കിവെച്ചു. എന്നാൽ ഒടുവിൽ തങ്ങളുടെ എല്ലാ ആസൂത്രണങ്ങളിലും ഗൂഢാലോചനകളിലും അവർ പരാജിതരും നിരാശരുമായിതീർന്നു. അതേ സുന്നത്തും രീതികളും തന്നെയാണ് എന്റെ കാര്യത്തിലും പ്രാവർത്തികമാക്കപ്പെടുന്നത്. എന്നാൽ ഈ ലോകം അതിന്റെ സ്രഷ്ടാവും സർവലോക രക്ഷിതാവുമായ ഒരു സത്തയുടെ പ്രഭാവത്തിനടിമപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് കള്ളവാദിയേയും സത്യവാദിയെയും വേർതിരിക്കുന്നത്. സത്യവാദിക്ക് പിന്തുണ നൽകുകയും സത്യവാദിയെ വിജയിപ്പിച്ചുകാണിക്കുകയും ചെയ്യുന്നതും അവൻ തന്നെ. ഇപ്പോൾ ഈ കാലഘട്ടത്തിലും ദൈവം അവന്റെ അത്ഭുത ശക്തിയുടെ ഉദാഹരണം കാണിച്ചിരിക്കയാണ്. ദൈവത്തിന്റെ പിന്തുണയുടെയും സഹായങ്ങളുടെയും സജീവമായ ഒരടയാളമാകുന്നു ഞാൻ. സമുദായം മുഴുവനും തള്ളിക്കളഞ്ഞ അതേവ്യക്തി തന്നെയാണ് ഈയുള്ളവൻ. ഞാനിന്നും സ്വീകൃതന്മാരിൽ പെട്ടവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. ഇന്നേക്ക് നാൽപ്പത് കൊല്ലം മുമ്പ് ഞാനിവിടെ വന്നപ്പോൾ എന്നോടൊന്നിച്ച് നിൽക്കാൻ ആരാണ് ഇഷ്ടപ്പെട്ടിരുന്നത്? ഉലമാക്കളും ഫുക്കറാക്കളും എല്ലാതരത്തിൽ പെട്ട മഹാന്മാരും ഉന്നതരായ വ്യക്തികളും ഞാൻ നശിച്ചു പോകണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ഈ പ്രസ്ഥാനം നശിച്ചൊടുങ്ങിപ്പോവുമെന്നും അവർ ആശിച്ചുകൊണ്ടിരുന്നു. എനിക്ക് പുരോഗതിയുണ്ടാകുമെന്ന് അവർ ഊഹിക്കുക പോലും ചെയ്തിട്ടില്ല. എന്നാൽ തന്റെ സത്യ ദാസരെ എപ്പോഴും പിന്തുണച്ചു പോന്ന ആ ദൈവം, സ്വാത്വികരേയും സദ്ധർമികളേയും വിജയിപ്പിച്ചു കൊണ്ടിരുന്ന ആ സർവാധിനാഥൻ എന്റെ പിന്തുണക്കെത്തി. എന്റെ എതിരാളികൾക്കെതിരെ അവരുടെ ഉദ്ദേശ്യങ്ങൾക്കും ആസൂത്രണങ്ങൾക്കും നേർ വിപരീതമായ നിലയിൽ, എനിക്കവൻ സ്വീകാരം തന്നനുഗ്രഹിക്കുകയും ഒരു ജനക്കൂട്ടത്തെ എനിക്കനുകൂലമായി തിരിച്ചു വിടുകയും ചെയ്തു. ആ ശത്രുതയുടെയും കഷ്ടപ്പാടുകളുടെയും തിരശ്ശീലയേയും തടസ്സങ്ങളെയും പിച്ചിചീന്തിക്കൊണ്ടാണവർ എന്റെ അടുക്കലേക്ക് ഓടിയെത്തിയതും വന്നടുത്തുകൊണ്ടിരിക്കുന്നതും. മനുഷ്യരുടെ ആലോചനകളും ആസൂത്രണങ്ങളും കൊണ്ട് ഈ വിജയഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്ന് നല്ലവണ്ണം ആലോചിച്ചു നോക്കുക!. (ലക്ചർ സിയാൽക്കോട്ട്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 സെപ്തംബർ 22ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# നന്മക്ക് വേണ്ടിയുള്ള ഒത്തുചേരലുകൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ലോകത്ത് ഒരുപാട് തരത്തിലുള്ള മജ്ലിസുകൾ അഥവാ സഭകളുണ്ട്. എല്ലാത്തരം സഭകളും പ്രവർത്തക സമിതികളും ചേർന്നുകൊണ്ടിരിക്കുന്നത് ഭൗതിക പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്. ആ മജ്ലിസുകളൊന്നും ദൈവത്തിനുവേണ്ടിയോ ദൈവത്തിന്റെ പ്രീതിക്കുവേണ്ടിയോ അല്ലെങ്കിൽ ദൈവത്തിന്റെ സാമീപ്യം ലഭിക്കുന്നതിനുവേണ്ടിയോ അല്ല. ഇനി ജനങ്ങളുടെ ഉന്നതിക്കുവേണ്ടി ഏതെങ്കിലും മജ്ലിസ് അഥവാ കമ്മിറ്റി ചേരുകയോ ആലോചിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതും ഭൗതികോദ്ദേശ്യങ്ങൾക്കുവേണ്ടിയാണ്. ദൈവത്തിന്റെ സന്തോഷം അതിലും ഉദ്ദേശ്യമായിരിക്കുകയില്ല. പക്ഷേ, ചില മജ്ലിസുകളുണ്ട്. അത് മതപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ചിന്തിക്കുന്നതിനുവേണ്ടിയുള്ളതാണ്. ആ മജ്ലിസുകളിൽ പങ്കെടുക്കുന്നവർ ദൈവതൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ഒത്തു ചേരുന്നത്. ദൈവത്തിന് ഇഷ്ടപ്പെട്ട അത്തരം മജ്ലിസുകളും ആ മജ്ലിസുകളുടെ ഫലങ്ങളും ഈ ലോകത്തും പ്രകടമാകാറുണ്ട്. മരിച്ചതിനുശേഷവും അത്തരം മജ്ലിസുകളിൽ പങ്കെടുക്കുന്നവർക്ക് അല്ലാഹു അനുഗ്രഹം നൽകും. അതുകൊണ്ട് തന്റെ വീട്ടിലെ മജ്ലിസാണെങ്കിലും വീടിന് വെളിയിലുള്ള മജ്ലിസാണെങ്കിലും അല്ലാഹുവിന്റെ തൃപ്തിയെ നമുക്കെങ്ങനെ കരസ്ഥമാക്കാം? നമ്മുടെ ആത്മീയതയെ എങ്ങനെ സംരക്ഷിക്കാം? നമ്മുടേയും സത്യവിശ്വാസികളുടേയും അവസ്ഥയെ എങ്ങനെ മെച്ചപ്പെടുത്താം എന്നതിനുവേണ്ടിയുള്ള ശ്രമത്തിലിരിക്കേണ്ടത് ഒരു മുഅ്മിന്റെ ജോലിയാണ്. ഒരു മുഅ്മിന്റെ ബാഹ്യത്തിലുള്ള ഭൗതികമായ മജ്ലിസും ദൈവസ്മരണയിൽനിന്ന് ശൂന്യമായിരിക്കുകയില്ല. ഭൗതികമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും വ്യർഥമായ കാര്യങ്ങളിൽനിന്ന് അവർ വിട്ടുനിൽക്കുന്നതായിരിക്കും.

ഇതുതന്നെയാണ് ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നതും. ഇക്കാര്യങ്ങൾ അവർ എപ്പോഴും ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിലും അല്ലാഹു മുഅ്മിനീംകളുടെ മജ്ലിസുകളെക്കുറിച്ച് നൽകിയിട്ടുള്ള നിർദേശം ഇതുതന്നെയാണ്. ധിക്കാരങ്ങളിൽനിന്നും കലഹങ്ങ

ളിൽനിന്നും പാപങ്ങളിൽനിന്നും പരിശുദ്ധരായിരിക്കുകയും റസൂലിനെ (സ) നിഷേധിക്കുന്നതിൽനിന്ന് രക്ഷപ്പെടുകയും തഖ്‌വയിലൂടെ നടക്കുകയും ചെയ്യുന്ന മജ്‌ലിസുകളായിരിക്കേണ്ടതാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ! ഇക്കാലത്തെ മുസ്‌ലിംകളുടെ ഭൂരിപക്ഷം മജ്‌ലിസുകളും ഇതിന് തികച്ചും വിരുദ്ധമാണ്. മുസ്‌ലിംകൾ മുസ്‌ലിംകളെ നശിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകുകയും പദ്ധതികൾ ആസൂത്രണം ചെയതുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ഇദാ തനാജയ്ത്തും ഫലാ തത്തനാജൗ ബിൽഇഥ്മീ വൽഉദ്‌വാനി വ മഅ്സിയ്യത്തിർറസൂലി വ തനാജൗ ബിൽബിർറി വത്തഖ്‌വാ വത്തഖുല്ലാഹല്ലദീ ഇലയ്ഹീ തുഹ്ശറൂൻ.** വിശ്വസിച്ചവരേ, നിങ്ങൾ രഹസ്യാലോചന നടത്തുമ്പോൾ നിങ്ങൾ കുറ്റം ചെയ്യാനും അതിക്രമം പ്രവർത്തിക്കാനും ദൈവദൂതന്റെ കല്പന ലംഘിക്കാനും രഹസ്യാലോചന നടത്തരുത്. എന്നാൽ, നന്മ പ്രവർത്തിക്കാനും സൂക്ഷ്മത കൈക്കൊള്ളാനും നിങ്ങൾ രഹസ്യാലോചന നടത്തിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്.(58:10)

പക്ഷേ, ഞാൻ പറഞ്ഞതുപോലെ മുസ്‌ലിംകൾ അല്ലാഹുവിന്റെ ഈ കല്പന മറന്നുപോയി. പരസ്പരമുള്ള ഭിന്നത അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. അല്ലാഹു മുഅ്മിന്റെ അടയാളമായി പറഞ്ഞത് **റുഹമാഉ ബയ്നഹും**(48:30) അവർ പരസ്പരം കാരുണ്യമുള്ളവരും ഇണക്കമുള്ളവരുമാണെന്നാണ്. പക്ഷേ, ഇവിടെ നമ്മൾ കാണുന്നത് അവിശ്വാസികളുടെ അവസ്ഥ അല്ലാഹു വരച്ചുകാണിച്ചതാണ്. അവരെക്കുറിച്ച് പറയുന്നത് **വ ഖുലൂബുഹും ശത്താ** (59:15)എന്നാണ്. അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിച്ചുകൊണ്ടും തഖ്‌വയിൽനിന്ന് അകന്നുകൊണ്ടുമാണ് പരസ്പരവും അന്യരുമായുള്ള കൂടിയാലോചനയാണെങ്കിലും രഹസ്യമായുള്ള ഉടമ്പടികളാണെങ്കിലും നടത്തുന്നത്. ദൈവഭയമാണെങ്കിൽ തീരെയില്ല. അല്ലാഹുവിനെ ഭയപ്പെടുകയെന്നും അവന്റെ സന്നിധിയിൽ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതാണെന്നും അല്ലാഹു പറയുന്നു. അവിടെ ഭരണകൂടങ്ങളും രാജത്ത്വവും സമ്പത്തും പാശ്ചാത്യശക്തികളുടെ ആശിർവാദങ്ങളും പ്രയോജനം ചെയ്യുകയില്ല. അവിടെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ധിക്കരിച്ചതിനും തഖ്‌വയിൽനിന്ന് അകന്നതിനുമുള്ള ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ ഒരു വൻശക്തിക്കും സാധ്യമല്ല. അല്ലാഹുവിന്റെ സത്തയിലുള്ള ഈമാനും യഖീനും അവസാനിച്ചുപോയി. അല്പമാത്രമെങ്കിലും അല്ലാഹുവിന്റെ സത്തയിൽ ഈമാനും യഖീനും ഉണ്ടായിരുന്നെങ്കിൽ മുസ്‌ലിം രാഷ്ട്രീയക്കാരുടേയും ലീഡർമാരുടെയും ഇന്ന് കാണുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ല. അതുപോലെതന്നെ ഇന്ന് നമ്മൾ കണ്ടുവരുന്നതുപോലെ നാമമാത്ര ഉലമാക്കളുടെ ഈ അവസ്ഥയും ഉണ്ടാകുമായിരുന്നില്ല. എന്തായാലും ഈ കാലഘട്ടത്തിൽ നമ്മൾ ഇത്തരം എല്ലാ ചിന്താഗതികളോടും കൂടി നമ്മെ പരിശുദ്ധരാക്കുകയും അല്ലാഹുവിനോടുള്ള ഭയവും ഭക്തിയും നമ്മുടെ ഉള്ളിൽ വർധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അനഹ്മദി മുസ്‌ലിംകളുമായും ബന്ധങ്ങൾ ഉണ്ടാക്കുകയും എത്രത്തോളം നമുക്ക് നമ്മുടെ വൃത്തത്തിൽ മുസ്‌ലിംകൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമോ മനസ്സിലാക്കികൊടുക്കുകയും ചെയ്യുക എന്നത് നമ്മുടേയും നിർബന്ധകടമയാണ്; നിങ്ങളുടെ ഈ അവസ്ഥ നിങ്ങളെ പരിപൂർണമായും അന്യരുടെ അടിമത്ത്വത്തിൽ കൊണ്ടുചെന്നെത്തിക്കുക മാത്രമല്ല മറിച്ച് ദൈവത്തിന്റെ ശിക്ഷയ്ക്കും നിങ്ങൾ പാത്രീഭൂതരാകുന്നതാണെന്നും ഏതൊരു ലോകത്തിന്റെ പിന്നാലെയാണോ നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത് അവരും നിങ്ങളുടെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും ദീനിനെ നിങ്ങൾ മുമ്പേതന്നെ ഉപേക്ഷിച്ചിരിക്കുകയാണെന്നും ഇനിയും സമയമുണ്ടെന്നും അതിനാൽ അല്ലാഹുവിനോടുള്ള ഭയവും തഖ്‌വയും മനസ്സുകളിൽ ഉണ്ടാക്കുകയെന്നും ഇല്ലെങ്കിൽ എല്ലാംതന്നെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും മുസ്‌ലീംകൾക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഭൗതികമായ കാര്യങ്ങൾ ചർച്ച ചെയ്യുന്ന മജ്‌ലിസുകളിൽ ഒന്ന് യു. എൻ ഓയുടേതുമാണ്. ഇപ്പോൾ കഴിഞ്ഞദിവസമാണ് അതിന്റെ ഒരു മീറ്റിംഗുണ്ടായത്. അമേരിക്കൻ പ്രസിഡന്റിന്റെ പ്രസംഗവുമുണ്ടായിരുന്നു. പാശ്ചാത്യ നിരൂപകൻ എഴുതി: 'ഈ പ്രസംഗം സമാധാനമുണ്ടാക്കുന്നതിനുപകരം കുഴപ്പവും കലഹവും ഉണ്ടാക്കാനാണ് കൂടുതൽ സാധ്യത'. മാത്രമല്ല ഇതും അദ്ദേഹം തുറന്നെഴുതി: 'ഈ പ്രസംഗം കൊണ്ട് സൗദിഅറേബ്യയും അല്പം ചില മുസ്‌ലിംരാഷ്ട്രങ്ങളും സന്തോഷിക്കുന്നുണ്ടാകും. എന്നാൽ, അങ്ങേയറ്റം നിരാശാജനകവും യുദ്ധത്തിന്റേയും കലഹത്തിന്റേയും അഗ്നി ജ്വലിപ്പിക്കുന്നതുമായ പ്രസംഗമായിരുന്നു അത്.' അതിനാൽ മുസ്‌ലിംഭരണകൂടങ്ങൾ അല്ലാഹുവിന്റെ കല്പനകളെ നോക്കുകയും എല്ലാതരത്തിലുള്ള കലഹങ്ങളിൽനിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്.

എന്തായാലും പൊതുവെ മുസ്‌ലിംലോകത്ത് എന്തൊന്നാണോ നടന്നുകൊണ്ടിരിക്കുന്നത് അത് ഓർത്തുകൊണ്ടാണ് ഞാൻ സംസാരിച്ചത്. പക്ഷേ, നമുക്ക് നമ്മുടെ അവസ്ഥകളിലും ആത്മപരിശോധന നടത്തികൊണ്ടിരിക്കേണ്ടതാണ്. ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് ശയ്ത്വാന് ഒരിക്കലും

സഹിക്കുകയില്ലെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ അവന്റെ പ്രകൃതിയനുസരിച്ച് നമ്മുടെ ഉള്ളിലും അസ്വസ്ഥതകൾ ഉണ്ടാക്കുകയും ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് കൂടിയിരിക്കുന്നവർ അല്ലെങ്കിൽ തങ്ങളുടെ തദ്ദേശ ഹൽഖകളിലേയോ നഗരത്തിലെ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ ദേശീയ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ സംബന്ധിച്ച് സംസാരിക്കുന്നവർ ശയ്ത്വാന്റെ ചതികളിൽ വന്നുപെടുന്നു. ശയ്ത്വാന്റെ ജോലി സഹതാപിയായിക്കൊണ്ട് ആക്രമണം നടത്തുക എന്നതാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽ യഥാർഥത്തിൽ ജമാഅത്തുപരമായ വ്യവസ്ഥിതിക്ക് വിരുദ്ധം പ്രവർത്തിക്കാത്ത ആളുകളും പങ്കെടുക്കുന്നു. അവിടേയും ഇവിടേയും സഭകൾകൂടി അവർ സംസാരിക്കുന്നു. വലിയ രഹസ്യവും സുപ്രധാനവുമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്നും ജമാഅത്തിനെ കുറിച്ചുള്ള വേദനകൊണ്ടാണ് സംസാരിക്കുന്നതെന്നും തോന്നുംവിധമായിരിക്കും അവർ സംസാരിക്കുന്നത്. ഇത് തികച്ചും തെറ്റായ രീതിയാണ്. പാപവും ധിക്കാരവും റസൂലിനോടുള്ള നിഷേധവും, തഖ്‌വയിൽനിന്ന് അകന്നിരിക്കുന്നതിന്റെ അടയാളങ്ങളാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു മുഅ്മിനീംകളെ ജാഗ്രതപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും ഭാരവാഹിക്കെതിരെ പരാതിയുണ്ടെങ്കിൽ അല്ലെങ്കിൽ അമീറിനെതിരെ പരാതിയുണ്ടെങ്കിൽ കേന്ദ്രത്തിൽ പരാതിപ്പെടുക. കാലത്തിന്റെ ഖലീഫവരെ എത്തിക്കുക. അതോടെ ജമാഅത്തംഗങ്ങളുടെ ജോലി കഴിയുന്നു. പിന്നീട് ഏതെങ്കിലും കാര്യം എങ്ങനെ നോക്കണമെന്നും അത് എങ്ങനെ പരിഹരിക്കണമെന്നുമുള്ളത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. അതെ, ദുആ എല്ലാ ഓരോരുത്തരും നിർബന്ധമായും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എല്ലാ ഓരോ അഹ്മദിയും വേദനയോടുകൂടി ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാവിധത്തിലുള്ള തിന്മകളേയും ജമാഅത്തിൽനിന്ന് എടുത്തുമാറ്റുമാറാകട്ടെ. തഖ്‌വയിലൂടെ നടക്കുന്നവരും പ്രവർത്തിക്കുന്നവരും എപ്പോഴും ജമാഅത്തിന് കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ.

ജമാഅത്തിന് അല്ലാഹു അഭിവൃദ്ധി നല്കിക്കൊണ്ടുപോകുമ്പോൾ -നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു-ശയ്ത്വാനും അവന്റെ ജോലി എടുക്കേണ്ടതുണ്ടെന്ന സുപ്രധാനമായ കാര്യം എല്ലാവരും ഓർമവയ്ക്കേണ്ടതാണ്. താൻ മുഅ്മിനീംകളെ നേരായമാർഗത്തിൽനിന്ന് തെറ്റിക്കാനുള്ള പണിയെടുക്കുമെന്ന കാര്യം ശയ്ത്വാൻ ആദ്യദിവസം മുതൽതന്നെ അല്ലാഹുവിന്റെ മുമ്പിൽ പ്രകടിപ്പിച്ചിട്ടുള്ളതും അനുവാദം വാങ്ങിയിട്ടുള്ളതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ തുറന്നനിലയിൽ എവിടെയാണോ ജമാഅത്തിന്നെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ചെയ്യാൻ പോകുന്നതും അവിടെ സഹതാപത്തിന്റെ പേരിൽ നിഷ്ക്കളങ്കരായ ആളുകളേയും ദുർബല വിശ്വാസികളേയും കുഴപ്പമുണ്ടാക്കുന്നതിന് തങ്ങളുടെ ആയുധമാക്കുന്നു. അതുകൊണ്ട് എല്ലാ അഹ്മദിയും ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിനെ ആന്തരികവും ബാഹ്യവുമായ എല്ലാ ഫിത്നകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എപ്പോഴും എപ്പോഴും നന്മയുടെയും തഖ്‌വയുടെയും മജ്‌ലിസിൽ ഇരിക്കുകയും അതിന്റെ ഭാഗമാകുന്നതിന് തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ. പാപവും ധിക്കാരവും റസൂലിനെ നിഷേധിക്കലും ഭക്തിയിൽനിന്ന് അകന്നിരിക്കുകയും ചെയ്യുന്ന മജ്‌ലിസുകളാകാതിരിക്കട്ടെ.

മജ്‌ലിസുകളുടെ വിവിധ ഇനങ്ങളെയും അവസ്ഥകളെയും കുറിച്ച് നബി തിരുമേനി(സ)യുടെയും ചില നിർദേശങ്ങളുണ്ട്. അവിടത്തെ സത്യസന്ധനായ ദാസൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ചില നിർദേശങ്ങളുണ്ട്. അതും ഇപ്പോൾ സമർപിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതെങ്കിലും മജ്‌ലിസിൽ അല്ലാഹുവിനും അവന്റെ റസൂലിനുമെതിരിൽ പരിഹാസമുണ്ടാകുകയാണെങ്കിൽ അവരിൽ ഗണിക്കപെടാതിരിക്കാൻ ഒന്നുകിൽ അവിടന്ന് എഴുന്നേറ്റുപോകുക. അല്ലെങ്കിൽ തുറന്നനിലയിൽ പൂർണമായും അതിന് മറുപടി നല്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മജ്‌ലിസിൽ ഇരിക്കുകയും മുഖപ്രശംസ കാണിച്ചുകൊണ്ടോ ഭയംകൊണ്ടോ അക്കൂട്ടർ പറയുന്ന ഓരോന്നും സമ്മതിക്കുകയും പിന്നീട് നിങ്ങൾ തെറ്റാണ് ചെയ്യുന്നത് ഇക്കാര്യം ഇങ്ങനെയല്ല വേണ്ടത് ഇങ്ങനെയാണ് വേണ്ടിയിരുന്നതെന്ന് പതിഞ്ഞസ്വരത്തിൽ പറയുകയും തുറന്നനിലയിൽ കാര്യങ്ങൾ പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് കപടതയാണ്. ഇത് മുഅ്മിന്റെ രീതിയല്ല. അല്ലാഹുവിനും അവന്റെ റസൂലിനും അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിന്റെ വ്യവസ്ഥിതിക്കുമെതിരിൽ സംസാരം കേട്ടാൽ ശക്തമായ നിലയിൽ അതിനെ ഖണ്ഡിക്കുക എന്നതായിരിക്കണം സത്യവിശ്വാസിയുടെ പ്രതികരണം. നിങ്ങൾ പറയുന്നതെല്ലാം ശരിയാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ കാലത്തിന്റെ ഖലീഫയോടും വ്യവസ്ഥിതിയോടും പറയുകയാണ് വേണ്ടതെന്നും ഇങ്ങനെ പറഞ്ഞുനടക്കാൻ നിങ്ങൾക്ക് അനുവാദമില്ലെന്നും അക്കാര്യങ്ങൾ പറയുന്നവരോട് പറയുക. ഇത്തരം മജ്‌ലിസുകളിൽ മനുഷ്യൻ ഇരിക്കുകയും തുറന്നനിലയിൽ പറയാതെ പതിഞ്ഞസ്വരത്തിൽ ഖണ്ഡിക്കുകയുമാണെങ്കിൽ അത് കാപട്യമായിത്തീരുന്നതാണെന്നും അതിൽനിന്ന് മുഅ്മിൻ രക്ഷപ്പെടേണ്ടതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കു

ന്നു. ദീനീകാര്യങ്ങളിലും വ്യവസ്ഥിതിയുടെ കാര്യങ്ങളിലും ഒരിക്കലും ധാർമികരോഷമില്ലായ്മ കാണിക്കാൻ പാടില്ല. ധാർമികരോഷത്തിന്റെ പ്രകടനം രണ്ട് രീതിയിലാണ്. ഒന്നുകിൽ തുറന്നനിലയിൽ കാര്യം പറയുക. അല്ലെങ്കിൽ ആ മജ്‌ലിസിൽനിന്ന് എഴുന്നേറ്റുപോവുക. ഈ രീതി അല്ലാഹുവും പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദീകരണം നബി(സ) തിരുമേനിയും നൽകിയിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഒരു സ്വഹാബി ഹാജരായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എനിക്ക് എന്തെങ്കിലും ഉപദേശം തന്നാലും. അവിടന്ന് പറഞ്ഞു: അല്ലാഹുവിനോട് ഭയഭക്തി കൈക്കൊള്ളുക. നിങ്ങൾ ഏതെങ്കിലും ജനതയുടെ മജ്‌ലിസിൽ പോകുകയും അവരെ അവരുടെ സ്വഭാവമനുസരിച്ച് സംസാരിക്കുന്നത് കാണുകയും ചെയ്താൽ അവിടെ നിൽക്കുക. അതായത് നന്മയുടെ കാര്യങ്ങൾ അവർ സംസാരിക്കുകയും തെറ്റായ വിധത്തിലുള്ളതും കലഹങ്ങളും കുഴപ്പങ്ങളും അടങ്ങുന്നതുമായ കാര്യങ്ങൾ പറയാതിരിക്കുകയുമാണെങ്കിൽ അവിടെ നിൽക്കുക. എന്നാൽ, താങ്കൾ ഇഷ്ടപ്പെടാത്ത കാര്യങ്ങളിലാണ് അവർ മുഴുകുന്നതെങ്കിൽ ആ മജ്‌ലിസ് ഉപേക്ഷിച്ചുപോരുക.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) വിവരിക്കുന്നു: ഒരാൾ നബി(സ)തിരുമേനിയോട് ചോദിച്ചു: ഞങ്ങൾ എത്തരത്തിലുള്ള ആളുകളുടെ മജ്‌ലിസിലാണ് ഇരിക്കേണ്ടത്? അവിടന്ന് പറഞ്ഞു: ഏതൊരു കൂട്ടരെ കാണുമ്പോഴാണോ നിങ്ങൾക്ക് ദൈവത്തെ ഓർമവരുന്നത് അത്തരക്കാരുടെ മജ്‌ലിസുകളിൽ നിങ്ങൾ ഇരിക്കുക. അവരുടെ സംസാരംകൊണ്ട് നിങ്ങളുടെ മതപരമായ അറിവ് വർധിക്കുകയും അവരുടെ കർമങ്ങൾ നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തുകയും വേണം. ഇതാണ് അടിസ്ഥാനപരമായ മാർഗദർശനം. ഒരു മുഅ്മിൻ തന്റെ മജ്‌ലിസിന്റെ തിരഞ്ഞെടുപ്പുവേളയിൽ ഇത് മുന്നിൽ വെക്കേണ്ടതാണ്. കേവലം ഭൗതിക ചിന്താഗതിക്കാരുടെ മജ്‌ലിസുകളാണെങ്കിൽ ആ മജ്‌ലിസുകളെ ഒരു മുഅ്മിൻ ഇഷ്ടപ്പെടാൻ പാടില്ല. അത്തരം മജ്‌ലിസിൽനിന്ന് ഉടനെ എഴുന്നേറ്റുപോരേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതായാൽ നമ്മളിലുള്ള വലിയവരും ചെറുപ്പക്കാരും ഒരുപാട് ദോഷങ്ങളിൽനിന്ന് രക്ഷപ്പെടുന്നതാണ്.

ജമാഅത്തിലും ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ചീത്തയായ കൂട്ടുകെട്ടുകളുടെയും മോശമായ മജ്‌ലിസിന്റെയും സ്വാധീനംകൊണ്ട് യുവത്വത്തിൽ ചുവട് വെച്ചയുടനെ യുവാക്കൾ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതും അയൽവാസികൾക്ക് നഷ്ടമുണ്ടാക്കുന്നതും അല്ലെങ്കിൽ വഴിയാത്രക്കാർക്ക് നഷ്ടമുണ്ടാക്കുന്നതും എവിടെയെങ്കിലും പോയാൽ അവിടെയും ദ്രോഹപരമായനിലയിൽ നഷ്ടം വരുത്തുന്നതുമായ ചില പ്രവൃത്തികൾ ചെയ്യുന്നു. അയാൾ ഈ ജമാഅത്തിലെ വ്യക്തിയാണെന്ന് അറിഞ്ഞാൽ പിന്നീട് ജമാഅത്തിനും ദുഷ്പേരിന് കാരണമാകുന്നു. അതുകൊണ്ട് നമ്മുടെ യുവാക്കളും യുവത്വത്തിൽ ചുവടുവെക്കാൻ തുടങ്ങുന്ന കുട്ടികളും ചീത്തക്കൂട്ടുകെട്ടുകളിൽനിന്നും മജ്‌ലിസുകളിൽനിന്നും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടേയും മജ്‌ലിസുകളുടേയും അവരുടെ കൂട്ടുകെട്ടുകളുടേയുംമേൽ ദൃഷ്ടിവെക്കേണ്ടതാണ്. സ്വയം വീടുകളിലും പരിശുദ്ധമായ മീറ്റിംഗുകൾ ചേരേണ്ടതാണ്. അത് എപ്പോഴും ശിക്ഷണപരമായ വീക്ഷണത്താൽ ഉന്നതമായിരിക്കേണ്ടതാണ്.

നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: ഏതെങ്കിലും ജനത മസ്ജിദിൽ ദൈവഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം ദർസുകൾ കേൾക്കുന്നതിനുവേണ്ടി ഇരിക്കുകയും ചെയ്താൽ അല്ലാഹു അവരുടെമേൽ സമാധാനം ഇറക്കുന്നതായിരിക്കും. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിഞ്ഞെടുക്കുന്നതാണ്. മലക്കുകൾ അവരെ തങ്ങളുടെ വൃത്തത്തിൽ എടുക്കുന്നു. അല്ലാഹുവിന്റെ വലിയ കൃപയാണ് ജമാഅത്തിനുള്ളത്. ജമാഅത്തിന് അത്തരം അവസരങ്ങൾ ലഭ്യമായിരിക്കുന്നു. ഇപ്രകാരംതന്നെ നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: ഏതൊരു കൂട്ടരാണോ ഏതെങ്കിലും മജ്‌ലിസിൽ ഇരിക്കുകയും അവിടെ ദൈവസ്മരണ ചെയ്യാതിരിക്കുകയും ചെയ്യുന്നത് അവർ തങ്ങളുടെ മജ്‌ലിസിനെ ഖിയാമത്തുനാൾ വളരെ വേദനയോടെ നോക്കുന്നതായിരിക്കും. അതിനാൽ ഇജ്തിമായിൽ പങ്കെടുക്കാൻ വരുന്നവരും ഇക്കാര്യം ഓർമിക്കേണ്ടതാണ്. വന്ന കാര്യം നിങ്ങൾ പൂർത്തിയാക്കുക. നമ്മുടെ മജ്‌ലിസുകൾ പുനരുത്ഥാനനാളിൽ വളരെ ഖേദത്തോടുകൂടി നോക്കപ്പെടുന്ന മജ്‌ലിസുകളിൽ ആകാതിരിക്കാൻ നിങ്ങളുടെ സമയം പരിഹാസത്തിലും നിന്ദ്യതയിലും വ്യർഥമായ ഭാഷണത്തിലും കഴിക്കുന്നതിനുപകരം കൂടുതൽ സമയം ദൈവസ്മരണയ്ക്കും നന്മയുടെ കാര്യങ്ങൾ പറയുന്നതിനും കേൾക്കുന്നതിനും ചെലവഴിക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളെ കൂടാതെ മറ്റാരുടെയും കൂടെയിരിക്കരുത്. മുത്തഖിയല്ലാതെ മറ്റാരും നിങ്ങളുടെ ഭക്ഷണം കഴിക്കരുത്. പറഞ്ഞതിന്റെ ഉദ്ദേശ്യം നിങ്ങളുടെ അഗാധമായ സുഹൃത്ബന്ധവും അധികമധികമായുള്ള ഇടപഴകലും നിങ്ങളുടെ സമയങ്ങൾ കഴിച്ചുകൂട്ടലും നിങ്ങളുടെ മജ്‌ലിസുകളും ഏറ്റവും കൂടുതൽ വിശ്വാസപരമായി ശക്തിപ്രാപിച്ചവരും തഖ്‌വയിലൂടെ നടക്കുന്നവരുമായിട്ടായിരിക്കണം എന്നാണ്. നിങ്ങളും നന്മയിലും ഭക്തിയിലും മുന്നോട്ടുഗമിക്കുന്നതിനാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആത്മപരിശുദ്ധിക്കുള്ള ഒരു വഴി അല്ലാഹു പറഞ്ഞത് **കൂനൂമഅസ്സ്വാദിഖിൻ** അതായത് വാക്കുകൊണ്ടും പ്രവർത്തികൊണ്ടും എല്ലാ അവസ്ഥയിലും സത്യസന്ധതയിൽ നിലകൊള്ളുന്നവരോടൊപ്പം നിങ്ങൾ സഹവസിക്കുക. സഹവാസത്തിന് വലിയ സ്വാധീനമാണുള്ളത്. അത് ഉള്ളിന്റെ ഉള്ളിൽ ഉണ്ടായിക്കൊണ്ടുപോകുന്നു. പറഞ്ഞു: ആരാണോ മദ്യശാലയിൽ പോകുന്നത് അവൻ എത്ര പഥ്യം പാലിച്ചാലും താൻ കുടിക്കില്ലെന്ന് പറഞ്ഞാലും അവൻ കുടിച്ചുപോകുന്ന ഒരു ദിവസം വരികതന്നെ ചെയ്യും. നമുക്ക് ചീത്തസഹവാസങ്ങളിൽനിന്ന് രക്ഷപ്പെടേണ്ട ആവശ്യമുണ്ട്. പൊതുവെയുള്ള ഭൗതിക തൊഴിലുകളിൽ അന്യരോടൊപ്പവും ബന്ധം എന്തായാലുമുണ്ടാകും. പക്ഷേ, ഈ ബന്ധങ്ങളിൽ പരിധികൾ ഉണ്ടായിരിക്കേണ്ടതാണ്. അവരുടെ വ്യർഥമായ മജ്‌ലിസുകളിലും മനുഷ്യൻ പൊയ്ക്കൊളളണമെന്നതല്ല. ഇക്കാര്യം തടയുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ ദീനില്ലാത്ത ആളുകളോടൊപ്പം കൂടുതൽ ഇടപഴകുന്നതും ഭക്ഷണം കഴിക്കുന്നതും പാനം ചെയ്യുന്നതും നിങ്ങളെ നിങ്ങളുടെ ദീനിൽനിന്നും തഖ്‌വയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്. അതെ, തബ്ലീഗ് ചെയ്യുന്നതിനും സൽകാര്യങ്ങൾ എത്തിക്കുന്നതിനും അവരെ തങ്ങളുടെ മജ്‌ലിസുകളിൽ കൊണ്ടുവരേണ്ടതാണ്. കാരണം നന്മയുടെ ഈ മജ്‌ലിസുകൾ പിന്നീട് അതിന്റെ സ്വാധീനം വിട്ടുവെച്ചുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ ഒരു നേർമാർഗിയുടെയും സത്യസന്ധന്റേയും അടുക്കൽ ഇരിക്കുമ്പോൾ സത്യസന്ധത അവനിൽ പ്രവർത്തിച്ചുതുടങ്ങുന്നു. പക്ഷേ, ആരാണോ സന്മാർഗികളുമായുള്ള സഹവാസം ഉപേക്ഷിക്കുന്നത് എന്നല്ല ദ്രോഹികളുടെ സഹവാസം സ്വീകരിക്കുന്നത് അവനിൽ തിന്മ സ്വാധീനം ചെലുത്തിക്കൊണ്ടേപോകും. അതുകൊണ്ടാണ് ഹദീഥുകളിലും വിശുദ്ധഖുർആനിലും ചീത്ത സഹവാസത്തിൽനിന്ന് മാറിനിൽക്കാൻ താക്കീത് ചെയ്തിട്ടുള്ളത്. എഴുതിയിരിക്കുന്നു, എവിടെയാണോ അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിന്ദിക്കുന്നത് ആ മജ്‌ലിസിൽനിന്ന് ക്ഷണത്തിൽ എഴുന്നേറ്റുപോരേണ്ടതാണ്. അപമാനം കേട്ടിട്ടും എഴുന്നേറ്റുപോരാത്തവൻ അവരിൽ ഗണിക്കപ്പെടുന്നതാണ്.'

വീണ്ടും പറയുന്നു: സത്യസന്ധരുടേയും സന്മാർഗികളുടേയും അടുത്ത് ഇരിക്കുന്നവരും അവരിൽ പങ്കാളികളാണ്. അതുകൊണ്ട് മനുഷ്യൻ **കൂനൂമഅസ്സ്വാദിഖീൻ** എന്ന പരിശുദ്ധ നിർദേശമനുസരിച്ച് പ്രവർത്തിക്കാൻ എത്രമാത്രം ആവശ്യമാണുള്ളത്. പറഞ്ഞു: ഹദീഥിൽ വന്നിരിക്കുന്നു, അല്ലാഹു മലക്കുകളെ ലോകത്തയക്കുന്നു. അവർ പരിശുദ്ധരായ ആളുകളുടെ മജ്‌ലിസിൽ വരുന്നു. തിരിച്ചുചെല്ലുമ്പോൾ നിങ്ങൾ എന്താണ് കണ്ടത്? എന്ന് അല്ലാഹു അവരോട് ചോദിക്കുന്നു. അവർ പറയുന്നു: ഞങ്ങൾ ഒരു മജ്‌ലിസ് കണ്ടു. അതിൽ നിന്നെ സ്മരിക്കുകയായിരുന്നു. പക്ഷേ, ഒരാൾ ആ സ്മരിക്കുന്നവരിൽ പെട്ടവനായിരുന്നില്ല. എങ്കിലും അയാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. അല്ലാഹു പറയുന്നു: അങ്ങനെയല്ല, അയാളും അവരിൽപെട്ടയാളാണ്. കാരണം **ഇന്നഹും കൗമുൻ ലാ യശ്ഖാ ജലീസുഹും** സത്യസന്ധന്മാരുടെ സഹവാസംകൊണ്ട് എത്ര കണ്ട് ഫലമാണുള്ളതെന്ന് ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നു. അവരുടെ സഹവാസത്തിൽനിന്ന് അകന്നിരിക്കുന്ന വ്യക്തി അങ്ങേയറ്റം നിർഭാഗ്യവാനാണ്.

ഹദ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ ദുആ മുഖേന അല്ലാഹുവിനോട് ഈശ്വരീയജ്ഞാനം ചോദിക്കുക എന്ന കാര്യം വളരെ ആവശ്യമുള്ളതാണ്. ഇതുകൂടാതെ ദൃഢവിശ്വാസം പരിപൂർണമായ നിലയിൽ ഒരിക്കലും കരസ്ഥമാകുകയില്ല. അത് കരസ്ഥമാകുന്നത് അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നതിൽ ഒരു മരണമുണ്ടെന്ന വിവരം അറിയുമ്പോഴാണ്. പറഞ്ഞു: ആപത്തുകളിൽനിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്യുന്നതോടൊപ്പം പ്രയത്നങ്ങളുടെ പരമ്പര കൈയിൽനിന്ന് വിട്ടുകളയാൻ പാടില്ല. എല്ലാ മജ്‌ലിസുകളും അതിൽ പങ്കെടുക്കുന്നതുകൊണ്ട് പാപം ചെയ്യാൻ പ്രേരണയുണ്ടെങ്കിൽ അവയെ ഉപേക്ഷിക്കുക. അതിനോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിൽനിന്ന് മനുഷ്യരോടൊപ്പം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആപത്തുകളിൽനിന്ന് അല്ലാഹുവിന്റെ സഹായമില്ലാതെ രക്ഷപ്പെടാൻ സാധ്യമല്ലെന്നത് നല്ലവണ്ണം അറിഞ്ഞുകൊള്ളുക. ഒരിക്കലും രക്ഷപ്പെടുകയില്ല. പറഞ്ഞു: അഞ്ചുനേര നമസ്കാരത്തിലും ഇതേ സൂചനയാണുള്ളത്. അവൻ ശാരീരികമായ വികാരങ്ങളിൽനിന്നും ചിന്താഗതികളിൽനിന്നും അതിനെ സംരക്ഷിക്കാത്തിടത്തോളം സത്യസന്ധമായ നമസ്കാരം ഒരിക്കലും അനുഷ്ഠിക്കുന്നവനാകുകയില്ല. നമസ്കാരത്തിന്റെ അർഥം തല താഴെ മുട്ടിക്കലോ ആചാരമായിട്ടോ ശീലമായിട്ടോ നിറവേറ്റലോ ഒരിക്കലുമല്ല. നമസ്കാരം എന്നു പറയുന്നത് മനസ്സും അത് അറിഞ്ഞിരിക്കണമെന്നതാണ്. ആത്മാവ് ഉരുകി തീക്ഷ്ണസ്ഥിതിയിൽ ദൈവസവിധത്തിൽ വീഴുക. പറഞ്ഞു: എത്രത്തോളം കഴിവുണ്ടോ അത്രത്തോളം വേദനയുണ്ടാക്കാൻ പരിശ്രമിക്കുക. കീഴൊതുങ്ങി ചോദിക്കുക. ആത്മാവിലുള്ള പാപങ്ങളും പൊങ്ങച്ചവും അകലാൻ വേണ്ടി പ്രാർഥിക്കുക. ഇത്തരം നമസ്കാരമാണ് അനുഗൃഹീതമായിട്ടുള്ളത്. ഒരവസരത്തിൽ നബി(സ) പറഞ്ഞു: ചില വാക്യങ്ങളുണ്ട് അവ തന്റെ മജ്‌ലിസുകളിൽനിന്ന് എഴുന്നേൽക്കുമ്പോൾ മൂന്ന് പ്രാവശ്യം ചൊല്ലിയാൽ അവൻ അവിടെ

ശേഷം പേജ് 42ൽ

# മലക്കുകൾ

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മത സാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ഇന്നത്തെ വിഷയവും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങളിൽപ്പെട്ടതും അങ്ങേയറ്റം ഗഹനവുമായത്. ദൈവവിധിയെക്കുറിച്ചുള്ള വിഷയം പ്രയാസകരമായിരുന്നെങ്കിലും എല്ലാ ജനങ്ങളും അതിൽ പ്രത്യേകം താത്പര്യം കാണിച്ചിരുന്നതിനാൽ അത് ഗ്രഹിക്കാൻ എളുപ്പമായി. എന്നാൽ ഈ വിഷയം വിശ്വാസകാര്യങ്ങളിപെട്ടതായിട്ടും ഇതിലേക്ക് ജനങ്ങൾ ശ്രദ്ധ തിരിക്കുന്നില്ല. ദൈവവിധി എന്ന പദം പ്രസിദ്ധമാണല്ലോ. വല്ലവനും നേട്ടമോ കോട്ടമോ ഉണ്ടായാൽ ദൈവവിധിയാണെന്ന് അവൻ പറയുന്നു. മാത്രവുമല്ല, ആ പ്രഭാഷണത്തിൽ ദൈവവിധി എന്ന പദം ആവർത്തിക്കുന്നതിനാലും ദൈവവിധി എന്താണെന്ന് ജനങ്ങൾ പൊതുവേ ചോദിക്കാറുള്ളതിനാലും അതിനെക്കുറിച്ച് ശ്രദ്ധാപൂർവം കേൾക്കാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ടാവുക സ്വാഭാവികം. തന്നെയുമല്ല, ദൈവവിധി മനുഷ്യൻ നിത്യേന അഭിമുഖീകരിക്കുന്നതു കൊണ്ടും അതിലേക്ക് ശ്രദ്ധയുണ്ടാകാറുണ്ട്.

പക്ഷേ, ഇന്നു ഞാൻ വിവരിക്കാൻ പോകുന്ന വിഷയം വിശ്വാസകാര്യങ്ങളിൽ ഉൾപ്പെട്ടതാണെങ്കിലും മനുഷ്യൻ നിരന്തരം അഭിമുഖീകരിക്കുന്നതല്ല. വിശ്വാസകാര്യങ്ങളിൽ അതിനെ ഉൾപ്പെടുത്തിയത് എന്തിനാണെന്നു പോലും ജനങ്ങൾ അറിയുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇത് മലക്കുകളുടെ അല്ലെങ്കിൽ മാലാഖമാരുടെ അസ്തിത്വത്തെ സംബന്ധിച്ച വിഷയമാണ്.

### മലക്കുകൾ വിശ്വാസകാര്യങ്ങളിൽപെട്ടതാണ്

അല്ലാഹു മലക്കുകളെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലക്കുകളിൽ വിശ്വാസമില്ലാത്തവൻ ഗ്രന്ഥങ്ങളിലോ പ്രവാചകന്മാരിലോ അന്ത്യദിനത്തിലോ വിശ്വസിച്ചാൽ പോലും അവൻ ഇസ്ലാമിക വീക്ഷണ കോണിൽ മുസ്ലിം ആകുന്നില്ല; അവൻ അവിശ്വാസിയായി തുടരുന്നു. നബി (സ)തിരുമേനിയെ നിഷേധിക്കുന്നവൻ അവിശ്വാസിയാകുന്നതു പോലെത്തന്നെ ജിബ്രീലി (അ) നെ നിഷേധിക്കുന്നവനും അവിശ്വാസിയായിത്തീരുന്നതാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ നിഷേധിക്കുന്നവൻ അവിശ്വാസിയാകുന്നതുപോലെ മലക്കുകളെ നിഷേധിക്കുന്നവനും അവിശ്വാസിയായിത്തീരും. പരലോകനിഷേധി അവിശ്വാസിയാകുന്നതു പോലെ മാലാഖമാരെ നിഷേധിക്കുന്നവനും അവിശ്വാസിയാണ്. എന്നാൽ, മലക്കുകളുടെ വിഷയത്തിലേക്ക് മുസ്ലീംകൾ വളരെ കുറച്ച് മാത്രമേ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളൂവെന്നതാണ് ഏറെ ദുഃഖകരം. എന്താണ് മലക്കുകൾ? അവരുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നത് എന്തു കൊണ്ട്? അവയിൽ വിശ്വസിക്കുന്നതു കൊണ്ടുള്ള പ്രയോജനമെന്ത്? തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അവർ അജ്ഞരാണ്.

നബ(സ)യിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നത് കൊണ്ട് നല്ല കാര്യങ്ങളെ സംബന്ധിച്ച് മാർഗദർശനം ലഭിക്കുകയും അവയെ പ്രാവർത്തികമാക്കുക വഴി ആത്മീയോന്നതി കരഗതമാവുകയും ചെയ്യുന്നുവല്ലോ. അന്ത്യദിനത്തിൽ വിശ്വസിക്കുന്നതു കൊണ്ടാ

ണെങ്കിൽ മനുഷ്യൻ ദൈവഭയ ത്താൽ പാപം ഉപേക്ഷിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു എന്ന ഗുണവുമുണ്ട്. എന്തെന്നാൽ, പരലോകത്ത് ദുഷ്കർമങ്ങൾക്ക് ശിക്ഷയും സത്കർമങ്ങൾക്ക് പ്രതിഫലവും ലഭിക്കുമെന്ന് അവനറിയാം. ദൈവ ത്തിൽ വിശ്വസിക്കുന്നത് കൊണ്ടു ള്ള പ്രയോജനവും പ്രകടമാണ്. ദൈവം അന്നദാതാവും സ്രഷ്ടാ വും കരുണാമയനും ഔദാര്യവാ നും ആയതിനാൽ അവനിൽ വിശ്വസിച്ചുകൊണ്ട് അവന്റെ ഈ ഗുണങ്ങളിൽ നിന്നൊക്കെ പ്രയോജ നമുൾക്കൊള്ളാവുന്നതാണ്. എന്നാ ൽ, മലക്കുകളിൽ വിശ്വസിക്കണ മെന്ന് പറയുന്നത് എന്തുകൊണ്ടാ ണ്? അവയിൽ വിശ്വസിക്കുന്നതു കൊണ്ടുള്ള പ്രയോജനമെന്താണ്?

## മലക്കുകളെ സംബന്ധിച്ച പൊതുജനവിശ്വാസം

മലക്കുകളെ സംബന്ധിച്ച് ജനങ്ങളുടെ പൊതുവിലുള്ള വിശ്വാസം ഇല്ലാതായിപ്പോയാൽ ഈമാന് എന്തു കുറവുണ്ടാകാനാ ണ് എന്ന് ചിന്തിച്ചുനോക്കുക. ആലോചിച്ചു നോക്കൂ, നബി(സ) പ്രവാചകനല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ ആ വ്യക്തി തിരുമേനി (സ)യുടെ അധ്യാപനങ്ങളിൽ നിന്ന് അകന്നു പോകും. വിശുദ്ധ ഖുർആനെ സംബന്ധിച്ച് അത് ദൈവവചനമല്ല എന്ന് പറയുന്നവ നും അതിലെ അധ്യാപനങ്ങളെ വിട്ടൊഴിയേണ്ടിവരും. എന്നാൽ, മലക്കുകൾ ഇല്ല എന്നു പറഞ്ഞാൽ വല്ല നഷ്ടവും സംഭവിക്കുമോ? മലക്കുകളിൽ വിശ്വസിക്കുന്ന കാര്യത്തിൽ തൊണ്ണൂറ്റിയൊമ്പത് ശതമാനം ആളുകളുടെയും സമീപനം നിഷേധാത്മകമാണ്. എത്രത്തോളമെന്നാൽ, അതിൽ വിശ്വാസമില്ലെങ്കിൽ തന്നെയും ഇപ്പോഴുള്ള അവരുടെ വിശ്വാസ ത്തിൽ വല്ല കുറവോ ഇനി അതിൽ വിശ്വസിക്കുന്നതു കൊണ്ട് അവരു ടെ വിശ്വാസത്തിൽ വർദ്ധനവോ ഉണ്ടാവുകയില്ല. വാസ്തവത്തിൽ, വിശ്വാസപരമായ കാര്യങ്ങൾ എന്നു പറയുമ്പോൾ അവയോരോന്നും വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണെന്നാണ് അർഥമാക്കു ന്നത്. അതിന്റെ മേന്മകൾ വളരെ വലുതും അതുപേക്ഷിച്ചാലുണ്ടാ കുന്ന നഷ്ടം ഭീമവുമാണ്. ഇന്ന കാര്യം ഞങ്ങൾ വിശ്വസിക്കുന്നു എന്ന് വായ കൊണ്ട് മാത്രം പറഞ്ഞാൽ പോര. അത് മതിയായി രുന്നെങ്കിൽ അതിൽ വിശ്വസിക്കു കയോ അവിശ്വസിക്കുകയോ ചെയ്യുന്നത് കൊണ്ട് നേട്ടമോ കോട്ടമോ ഉണ്ടാകുമായിരുന്നില്ലല്ലോ. ഈ രീതിയിൽ നമുക്ക് ഹിമാലയ പർവതത്തിലും വിശ്വസിക്കാം. എന്നാൽ, ഹിമാലയത്തിൽ വിശ്വസി ക്കുന്നതു കൊണ്ട് നമുക്ക് വല്ല മേന്മയോ, നിഷേധിക്കുന്നതു കൊണ്ട് വല്ല നഷ്ടമോ വരുന്നില്ല. അതിനാൽ തന്നെ അതിനെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടു ത്തിയിട്ടുമില്ല. മലക്കുകളിലുള്ള വിശ്വാസം, പക്ഷേ, ഈമാൻ കാര്യങ്ങളിൽപെട്ടതായതിനാൽ അതിൽ വിശ്വസിക്കുന്നതു കൊണ്ട് നേട്ടവും നിഷേധിക്കുന്നതു കൊണ്ട് നഷ്ടവും ഉണ്ടായിരിക്കേണ്ടതാണ്.

## മലക്കുകളിൽ വിശ്വസിക്കുന്നതിന്റെ ആവശ്യകത

ചുരുക്കത്തിൽ, മലക്കുകളിൽ എന്തുകൊണ്ട് വിശ്വസിക്കണം? അവരുമായി നമുക്ക് എന്താണ് ബന്ധം? അവരിൽ നിന്ന് നമുക്ക് എന്തു നേട്ടമാണ് ലഭിക്കുന്നത്? നമുക്ക് അവരെക്കൊണ്ട് ഒരു പ്രയോജനവുമില്ലെങ്കിൽ പിന്നെ അവരിൽ വിശ്വസിക്കുന്നതിന്റെ ആവശ്യകതയെന്ത്? എന്നീ ചോദ്യ ങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്ന വയാണ്. നബി(സ) തിരുമേനിക്ക് അധ്യാപനങ്ങൾ കൊണ്ടുവന്നത് മലക്കുകളായതുകൊണ്ട് അവരിൽ വിശ്വസിക്കേണ്ടത് അനിവാര്യമാ ണെന്ന് ആരെങ്കിലും പറയുകയാ ണെങ്കിൽ അവരുമായി നമുക്കെന്ത് ബന്ധം എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. വഹ്‌യ് ഇറങ്ങു ന്നത് അവർ മുഖേനയാണെന്ന കാര്യം നമുക്ക് അറിവില്ലെങ്കിൽ തന്നെ നമ്മുടെ വിശ്വാസത്തിലും കർമത്തിലും എന്തു കുറവുണ്ടാകാ നാണ്?

അല്ലാഹു തന്റെ വചനങ്ങൾ റസൂൽ തിരുമേനി(സ)ക്ക് നേരിട്ട് ഇറക്കി എന്നു വിശ്വസിച്ചാൽ എന്തെങ്കിലും കുഴപ്പമുണ്ടോ? അങ്ങനെ വിശ്വസിക്കുന്നതു കൊണ്ട് ഖുർആനിൽ കുറവൊന്നും വരാനില്ലല്ലോ. പിന്നെന്തിനാണ് മലക്കുകളിൽ വിശ്വസിക്കാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നതും അവരിൽ വിശ്വസിക്കുന്നവൻ മുസ്‌ലിമും നിഷേധിക്കുന്നവൻ അവിശ്വാസിയുമാകത്തക്ക വിധം ഊന്നൽ നൽകിയിരിക്കുന്നതും?

ഇത്തരത്തിലുള്ള ചിന്തകൾ കാരണം ഈ വിഷയം പ്രയാസമു ള്ളതും ഒരുപാട് പേർക്ക് ചിലപ്പോൾ ഇത് അപ്രസക്തവും ആയേക്കാം. അവർ ഇതിലേക്ക് ശ്രദ്ധിച്ചില്ലെന്നും വരാം. കാരണം, മലക്കുകൾ അഗോചരങ്ങളും പ്രത്യക്ഷത്തിൽ ബന്ധമില്ലാത്തവരുമാണ്. വിധിവിശ്വാസത്തെ സംബന്ധിച്ച വിഷയവും പ്രയാസമുള്ളതായിരു ന്നു. എങ്കിലും, ദൈവം ആർക്കു വേണ്ടിയും തഖ്ദീർ(വിധി) മുഖേന ശിക്ഷ നിശ്ചയിച്ചുറപ്പിച്ചിട്ടില്ലെന്നും മനുഷ്യന് ശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്നും പറഞ്ഞപ്പോൾ തഖ്ദീറിനെ സംബന്ധിച്ച് പൊതു വേ പ്രചരിച്ചിരുന്ന ചിന്തകൾ മൂലം കാണപ്പെട്ട ഭാരം ഒഴിഞ്ഞു പോവുകയും അങ്ങനെ ആ വിഷയത്തിലേക്ക് ശ്രദ്ധ പതിയുക യും ജനങ്ങൾ സഗൗരവം അതു കേൾക്കുകയും ചെയ്തു. എന്നാൽ, മലക്കുകൾ അപ്രസക്തവും അനാവശ്യവുമാണെന്നു ഗണിക്ക പ്പെട്ടിരുന്നതിനാൽ ജനങ്ങളുടെ ശ്രദ്ധ ഒരു പക്ഷേ ഇതിലേക്കു തിരിഞ്ഞില്ലെന്നു വരാം.

മുസ്‌ലിം ഗ്രന്ഥകാരന്മാർ മലക്കുകളെ സംബന്ധിച്ച് ഒന്നും എഴുതിയിട്ടില്ല എന്നതാണ് മറ്റൊരു കാര്യം. അവരുടെ അവസ്ഥകളെ

ക്കുറിച്ച് അവർ മനസ്സിലാക്കിയിട്ടേയില്ല. മലക്കുകളെക്കൊണ്ട് മനുഷ്യന് ഒരുപാടു നേട്ടങ്ങളുണ്ട്. ആ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ മലക്കുകളെക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥങ്ങൾ ആവേശപൂർവം അവർ വായിച്ചേനെ. സൂഫികൾ അവരെക്കുറിച്ച് പറയുകയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വളരെ കുറച്ചേ അവർ പരാമർശിച്ചിട്ടുള്ളൂ. നബി(സ)ക്കു ശേഷം ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) മാത്രമാണ് ഈ വിഷയം ഏറ്റവും കൂടുതൽ കൈകാര്യം ചെയ്തത്. അദ്ദേഹത്തിന്റെ ആഗമനത്തോടെയാണ് ഇതിന്റെ യാഥാർഥ്യം വെളിവായത്. നബി (സ) തിരുമേനിക്കും വാഗ്ദത്ത മസീഹിനുമിടയിൽ മറ്റാരും തന്നെ ഈ വിഷയത്തിൽ വെളിച്ചം വീശിയിട്ടില്ല. വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും മലക്കുകളെ സംബന്ധിച്ച പരാമർശം കാണാം. മറ്റു സൂഫികൾ കുറച്ചൊക്കെ പറയുന്നുണ്ടെങ്കിലും മുസ്ലിം ഗ്രന്ഥകാരന്മാർ ഈ വിഷയത്തെക്കുറിച്ച് പറയുന്നേയില്ല. നിസ്സാരമായ കാര്യങ്ങളെക്കുറിച്ച് നൂറുകണക്കിനു കെട്ടുകഥകൾ മെനയുമ്പോഴും മലക്കുകളെക്കുറിച്ച് പ്രതിപാദിക്കേണ്ടി വരുമ്പോൾ അതൊരു വിഷയമേയല്ല എന്ന വിധത്തിൽ അവർ നിശ്ശബ്ദം കടന്നു പോകുന്നതായി കാണാം. കാരണമെന്തെന്നാൽ, വളരെ പ്രയാസമേറിയ ആ വിഷയത്തിന്റെ യാഥാർഥ്യം വിവരിക്കാൻ അവർക്കാകുമായിരുന്നില്ല. എന്നാൽ എല്ലാ കാര്യങ്ങളുടെയും യാഥാർഥ്യം വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഒരുത്തനും ഇസ്ലാമിക വിശ്വാസങ്ങളെ ആക്രമിക്കാൻ ധൈര്യപ്പെടാതിരിക്കാൻ അല്ലാഹു മലക്കുകളുടെ യാഥാർഥ്യം ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ഏർപ്പാടു ചെയ്തിരിക്കുന്നു.

മുസ്ലിംകൾക്ക് ഇസ്ലാമിൽ വിശ്വാസം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് ഒരു ആര്യസമാജക്കാരൻ ഏതാനും ദിവസം മുൻപ് പറഞ്ഞു. ഇതിന് തെളിവായി അദ്ദേഹം പറഞ്ഞത് മുസ്ലിമായ സയ്യിദ് അമീർ അലി സാഹിബ് മലക്കുകൾ വെറും സങ്കൽപമാണെന്നും യാഥാർഥ്യവുമായി അതിന് യാതൊരു ബന്ധവുമില്ലെന്നും എഴുതിയിരിക്കുന്നു എന്നാണ്. ഇന്ന് മുസ്ലിംകൾ എന്ന് വിളിക്കപ്പെടുന്നവരുടെ മനസ്സിൽ മലക്കുകൾ വെറും സങ്കൽപം മാത്രമാണ് എന്നതിൽ സംശയമില്ല. എന്തെന്നാൽ, മലക്കുകൾ എന്താണെന്നോ അവരിൽ വിശ്വസിക്കേണ്ട ആവശ്യമെന്താണെന്നോ അവരുടെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നോ അവർക്കറിയില്ല. എന്നാൽ, ഞാൻ പറഞ്ഞതു പോലെ, വിശ്വാസകാര്യങ്ങളിൽ പെട്ട ഒരു കാര്യവും വ്യർഥമല്ല. മറിച്ച്, അതിൽ ഒരുപാട് പ്രയോജനങ്ങൾ ഉണ്ട്.

ഈ വിഷയം സാധാരണ ജനങ്ങൾക്ക് താത്പര്യമില്ലാത്ത ഒന്നായതിനാൽ ഇതിലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീനത്താൽ മലക്കുകളെ സംബന്ധിച്ചും ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നുവെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്ന മറ്റു വസ്തുക്കളുടെ അസ്തിത്വം തെളിയിക്കുന്നതു പോലെ തന്നെ മലക്കുകളുടെ അസ്തിത്വവും തെളിയിക്കാൻ എനിക്ക് കഴിയും. മറ്റുള്ളവർക്ക് ഗ്രാഹ്യമാകും വിധം തെളിവു നിരത്താൻ എനിക്ക് സാധിക്കും. പക്ഷേ വിദ്വേഷത്താൽ കണ്ണടച്ച് ഇരുട്ടാക്കരുതെന്ന് മാത്രം.

ഇക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീന ഫലമായി മലക്കുകളില്ലെന്ന ചിന്ത പൊതുവേ മുസ്ലിംകളിൽ ജന്മംകൊണ്ടിരിക്കുകയാണ്. നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ സംജാതമായ ശക്തിയെയാണ് അവർ മലക്കുകളെന്ന് പേരുവെച്ചിരിക്കുന്നത്. ജിബ്രീൽ, മീക്കായേൽ എന്നൊക്കെ പേരിട്ടിരിക്കുന്നത് നേരത്തെ ആ വിശ്വാസം പ്രചരിച്ചിരുന്നതുകൊണ്ടും കാര്യങ്ങളെ കൂടുതൽ ആകർഷകമാക്കാൻ വേണ്ടിയുമാണെന്ന് അവർ പറയുന്നു.

അതേസമയം, മലക്കുകളുടെ അസ്തിത്വത്തിൽ ശക്തമായ ഊന്നൽ നൽകിയിരിക്കുന്നതായിട്ടാണു നാം കാണുന്നത്. എത്രത്തോളമെന്നാൽ, ദൈവത്തിനു ശേഷം ഇത്രയധികം പരാമർശിക്കപ്പെട്ട ഒരു വിഷയമുണ്ടെങ്കിൽ അതു മലക്കുകളുടെ അസ്തിത്വം സംബന്ധിച്ചായിരിക്കും. വളരെ പ്രാകൃതമായ സമുദായങ്ങൾ പോലും അവയിൽ വിശ്വസിച്ചിരുന്നു. ലോകത്ത് നിന്നും തിരോഭവിച്ച മതങ്ങളുടെ പുരാതന അവശിഷ്ടങ്ങളിൽ നിന്നും അവർക്ക് മലക്കുകളിൽ വിശ്വാസമുണ്ടായിരുന്നുവെന്ന് തെളിയുന്നുണ്ട്. ഇന്ന് നിലവിലിരിക്കുന്ന മതങ്ങളിലും അവരെകുറിച്ച് വളരെ വ്യക്തമായ പരാമർശങ്ങൾ കാണാം.

## മലക്കുകൾ വിവിധ മതങ്ങളിൽ

പൗരാണിക മതങ്ങളിൽ സൊറാസ്ട്ര മതമാണ് മലക്കുകളെ സംബന്ധിച്ച് വളരെയധികം പ്രതിപാദിച്ചിട്ടുള്ളത്. ഈ മതത്തിന്റെ അനുയായികൾ മലക്കുകളെക്കുറിച്ച് വ്യക്തമായി വിവരിച്ചിട്ടുള്ളതു പോലെ (അവരുടെ വിവരണത്തിൽ ചില അപാകതകൾ ഉണ്ടെങ്കിലും) മുസ്ലിംകൾ വിവരിച്ചിട്ടില്ലായെന്ന് വ്യസനത്തോടെയാണെങ്കിലും അംഗീകരിക്കാതിരിക്കാൻ നിർവാഹമില്ല. മലക്കുകളെ പറ്റി വളരെ വിശദമായിത്തന്നെ അവർ പ്രതിപാദിച്ചിട്ടുണ്ട്.

അവർക്കു ശേഷം രണ്ടാമതായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ജൂതമതത്തിലാണ്. ഒരു പരിധിവരെ ഈ മതം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിലും മലക്കുകളെ സംബന്ധിച്ച് ഒരുപാട് അധ്യാപനങ്ങൾ കാണാം. അതു കഴിഞ്ഞ് ഹിന്ദു മതത്തിലാണ് ഇതു സംബന്ധിച്ച വിവരണം

നമുക്ക് കാണാൻ സാധിക്കുന്നത്. വളരെ പുരാതനമായ മതമാണ് അവരുടേ ത്. എങ്കിലും, മലക്കുകളെ അവർ അംഗീകരിക്കുന്നു. പക്ഷേ, ഇക്കാലത്ത് അവരതിന് വേറെ വ്യാഖ്യാനങ്ങളാണ് നല്കുന്നത്. അതുപോലെ ചൈനക്കാരുടെ പൗരാണിക ഗ്രന്ഥങ്ങളിലും മലക്കുകളെക്കുറിച്ചുള്ള പരാമർശം കാണാം. ഈജിപ്തിലെയും ഗ്രീക്കിലെയും പുരാതനവശിഷ്ട ങ്ങളിൽ നിന്നും അവരെക്കുറിച്ചുള്ള തെളിവുകൾ ലഭ്യമാണ്. പേരെന്തെന്നു പോലും അറിയാത്ത പ്രാകൃത സമൂഹങ്ങളിലെ പുരാതനവശിഷ്ട ങ്ങളിൽ നിന്നും അവരുടെ ഭാഷാ പ്രയോഗങ്ങളിൽ നിന്നും മലക്കുകളെക്കുറിച്ചുള്ള വിവരം നമുക്ക് ലഭിക്കുന്നുണ്ട്. ചിറകുള്ള ഒരു സൃഷ്ടി മനുഷ്യനെ ശിക്ഷിക്കുന്നുവെന്ന് ഒരു സ്ഥലത്ത് പറയുന്നുണ്ട്. മറ്റൊരു സ്ഥലത്ത് ആയിരക്കണക്കിന് വർഷം പഴക്കമുള്ള ചിത്രങ്ങളാണുള്ളത്. അവയിലും ചിറകുള്ള ചില സൃഷ്ടികൾ മുകളിൽ നിന്ന് താഴോട്ട് വരുന്നതായാണ് കാണിക്കുന്നത്. ഇതിൽ നിന്നെല്ലാം നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ആ സമുദായങ്ങൾ മലക്കുകളിൽ വിശ്വസിച്ചിരുന്നവരത്രേ.

ആയതിനാൽ എല്ലാ സമുദായങ്ങളും മലക്കുകളിൽ വിശ്വസിച്ചിരുന്നതായി നമുക്ക് വിവരം ലഭിക്കുന്നു. സൗരാഷ്ട്ര മതക്കാരിലാണ് ഈ വിശ്വാസം എറ്റവുമധികം കാണപ്പെടുന്നത്. അതുകഴിഞ്ഞ് ജൂതന്മാരിലും പിന്നീട് ഹിന്ദുക്കളിലും മറ്റു പൗരാണിക സമൂഹങ്ങളിലുമാണ്. ക്രിസ്ത്യാനികളിലും ഈ വിശ്വാസമുണ്ട്. എത്രത്തോളമെന്നാൽ, മലക്കുകളെ ആരാധിക്കുന്നത് അനുവദനീയമാണോ എന്ന വിഷയം പൗലോസ് അപ്പോസ്തലൻ ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ ഹൃദയങ്ങളെയും സ്വാധീനിച്ചിരുന്ന വിഷയമാണ് ഇതെന്നാണ് മനസ്സിലാകുന്നത്. പണ്ടു മുതൽക്കേ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ച് വന്നിട്ടുണ്ടെന്നും ആയതിനാൽ അത് ദൈവാസ്തികൃത്തിനുള്ള തെളിവാണെന്നും എല്ലാ സമുദായങ്ങളിലെയും ദൈവവിശ്വാസത്തെ നോക്കി കൊണ്ട് മനുഷ്യന് പറയാവുന്നതു പോലെ നാഗരികതകൾ തമ്മിൽ ബന്ധപ്പെടുകയോ സമ്പർക്കം പുലർത്തുകയോ ചെയ്തതായി സ്ഥാപിക്കപ്പെടാത്ത സമുദായങ്ങളെല്ലാം മലക്കുകളിൽ വിശ്വസിക്കുന്നവരായതു കൊണ്ട് അത് മലക്കുകളുടെ അസ്തിത്വത്തിനുള്ള ഒന്നാം തരം തെളിവാണെന്നു പറയാം.

## മലക്കുകൾ സൊറാസ്ട്ര മതത്തിൽ

മുസ്ലിംകളും സൊറാസ്ട്ര മതക്കാരും മലക്കുകൾക്ക് നൽകിയിരിക്കുന്ന പേരുകളിലും പ്രവൃത്തികളിലും പരസ്പരം ഉള്ള സാമ്യത എത്രയും അദ്ഭുതാവാഹമാണ്.

രണ്ടു ദൈവങ്ങളുണ്ടെന്ന് അവർ വിശ്വസിക്കുന്നു; ഒന്ന്, ഇരുട്ടിന്റെയും മറ്റൊന്ന് പ്രകാശത്തിന്റെയും. പ്രകാശത്തിന്റെ ദൈവം ഇച്ഛരിക്കുന്നത് ഇരുട്ടിന്റെ ദൈവത്തെ ബലഹീനനാക്കണമെന്നാണ്. ഇരുട്ടിന്റെ ദൈവത്തിന്റെ ശക്തി ക്ഷയിച്ചു പോകുന്ന ഒരു കാലം വരുമെന്ന് അവർ പറയുന്നു. നന്മയുടെ ദൈവത്തെ 'യെസ്ദാൻ' എന്നാണ് അവർ വിളിക്കുന്നത്. തിന്മയുടെ ദൈവത്തെ 'അഹറമാന' അല്ലെങ്കിൽ 'അഹുറമൻ' എന്നാണ് പൊതുവെ വിളിക്കാറ്. അതായത്, ഇരുട്ടിന്റെ മനുഷ്യൻ. ഇതു കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പിശാച് ആണ്, ദൈവമല്ല എന്ന് പേരിൽ നിന്നു തന്നെ സ്പഷ്ടമാണ്. എങ്കിലും, ദൈവത്തിനെതിരിൽ തിന്മകളുടെ ദൈവമാണിതെന്ന് അവർ പറയുന്നു. ഈ ദൈവം തന്നെയാണ് തിന്മകൾ ചെയ്യിപ്പിക്കുന്നതും. സൊറാസ്ട്രമതക്കാരുടെ മതഭാഷയായ 'അവസ്താ'യിൽ വലിയ മലക്കുകളെ 'ഉമേഷിയാ' എന്നാണ് വിളിച്ചിരിക്കുന്നത്. 'ഉമേഷിയാ' എന്ന പദം ഉമേഷ് എന്ന പദത്തിൽ നിന്നാണുണ്ടായത്. നാശമില്ലാത്തത് എന്നാണതിനർഥം. മലക്കുകൾ അനശ്വരമാണെന്നാണ് അവർ വിശ്വസിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. മനുഷ്യാത്മാവ് ഫനാ(നാശം)യിൽ നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നതുപോലെ അവയ്ക്കും അനശ്വരമായ ജീവിതം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.

മലക്കുകൾ മതത്തിന്റെയും എല്ലാ നന്മകളുടെയും ഉറവിടമാണെന്ന് സൊറാസ്ട്രമതക്കാരും വിശ്വസിക്കുന്നു. സൈദ്ധാന്തികമായി അവർ ദൈവത്തിന്റെ പ്രതീകങ്ങളാണ്. പരിണാമത്തിന്റെ ആയിരക്കണക്കിന് വർഷങ്ങൾ താണ്ടിയാണ് അവർ ഇന്നത്തെ അവസ്ഥയിലെത്തിയിരിക്കുന്നത് എന്നവർ സങ്കൽപിക്കുന്നു. മലക്കുകളെ സംബന്ധിച്ച് അവരുടെ വിശ്വാസം അവർ നമ്മുടെ കാഴ്ചയിൽ നിന്ന് മറഞ്ഞിരിക്കുന്ന അമൂല്യ മുത്തുകളാണെന്നാണ്. എങ്കിലും, നമുക്ക് ഉപകാരപ്രദമാണ്. മാണിക്യക്കല്ലെന്ന് അവരെ പറയാവതല്ല. എന്തെന്നാൽ, അത് അവരെ നിന്ദിക്കലാവും. അവർ മരത്തിൽ തൂങ്ങിക്കിടക്കുന്ന ഇലകളുമല്ല. മറിച്ച്, സൂര്യനെ വലയം ചെയ്തുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളാണ്. അവർ ദൈവത്തിന് അലങ്കാരമല്ല. മറിച്ച്, അവന്റെ സത്തയുടെ പ്രതീകങ്ങളാണ്.

സൊറാസ്ട്ര മതഗ്രന്ഥങ്ങളിൽ വലിയ മലക്കിനെ 'വദ്ഹുമനാഹ് 'എന്നാണ് പറയുന്നത്. അതിനെ വഹിശ്തമനാഹ് എന്നും വിളിക്കും. ഏറ്റവും നല്ല മലക്ക് എന്നാണ് അതിനർഥം. വദ്ഹുമനാഹ് എന്നതിനർഥം സന്മനസ്സുള്ളവൻ, പരിഷ്ക്കരിക്കുന്നവൻ എന്നൊക്കെയാണ്. ഹീബ്രുവിലും അറബിയിലും ജബർ എന്ന പദത്തിന് ഇസ്ലാഹ് (പരിഷ്ക്കരണം) എന്നർഥം കൂടിയുണ്ട്. ആയതിനാൽ ഈ രണ്ടു പദങ്ങളുടെയും സമാനാർഥങ്ങളിൽ നിന്നും വദ്ഹുമനാഹ് യഥാർഥത്തിൽ ജിബ്രീലിന്റെ തന്റെ പേരാണ് എന്നാണ് മനസ്സിലാവുന്നത്.

മനുഷ്യ മസ്തിഷ്ക്കത്തിന് വെളിച്ചം ലഭിക്കുന്നത് ഈ മലക്ക് മുഖേനയാണെന്നാണ് ഇവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. മാത്രമല്ല, വെളിച്ചം കൊണ്ടും വെളിപാടു കൊണ്ടും വദ്ഹു മനാഹിനെ കാണണമേ എന്ന് സൊറാസ്ട്രർ പ്രാർഥിക്കുകയും ഒടുവിൽ ആ മലക്കിനെ കണ്ടുമുട്ടുകയും ചെയ്തിട്ടുണ്ട്. സത്പ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണകൾ വരുന്നത് ഈ മലക്കിൽ നിന്നാണ്. ഈ മലക്കിന്റെ പ്രേരണകളെ സ്വീകരിക്കാത്തവരെ അത് ഉപേക്ഷിക്കുന്നു.

സൊറാസ്ട്രമതക്കാരുടെയും അടുക്കൽ മറ്റൊരു മലക്ക് 'ആശാ' എന്നാണറിയപ്പെടുന്നത്. അതായത്, തഖ്‌വായുടെ മലക്ക്. പ്രകൃതി വസ്തുക്കളിൽ അഗ്നിയുടെ ചുമതല ഈ മലക്കിനാണ്. വെളിച്ചം അഗ്നിയിൽ നിന്നാണല്ലോ വരുന്നത്. തഖ്‌വയുണ്ടാകുന്നത് വെളിച്ചത്തിൽ നിന്നും. ഈ മലക്ക് മീക്കായേൽ ആണെന്നാണ് മനസ്സിലാകുന്നത്. കാരണം, ലോകപുരോഗതിയുടെ മലക്ക് മീക്കായേലും അതിന്റെ അടയാളം അഗ്നിയുമാണ്.

ഈ വലിയ രണ്ടു മലക്കുകളെ കൂടാതെ വേറെ അഞ്ചു വലിയ മലക്കുകളിലും അവർ വിശ്വസിക്കുന്നുണ്ട്. ചെറിയ മലക്കുകളാണെങ്കിൽ അസംഖ്യമാണ്. എല്ലാ കാര്യങ്ങളും വലിയ മലക്കുകളുടെ ചുമതലയിലാണ്. പിശാച് കടന്നു കൂടാതിരിക്കാൻ മലക്കുകൾ മനുഷ്യ ഹൃദയങ്ങലളിൽ സദാ സത്പ്രേരണകൾ ചെലുത്തുന്നു എന്നവർ വിശ്വസിക്കുന്നു. ജനിപ്പിക്കുന്നത് ദൈവവും മരിപ്പിക്കുന്നത് ശൈത്വാനുമാണെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് തന്നെ ജനനം അല്ലാഹുവിന്റെ ഭാഗത്തു നിന്നായതിനാൽ മനുഷ്യന്റെ ജനനം സത്പ്രകൃതത്തോടു കൂടിയതാണെന്നും മലക്കുകൾ അവനെ സംരക്ഷിക്കുന്നുവെന്നുമുള്ള വിശ്വാസം അവർ വെച്ചുപുലർത്തുന്നു. പക്ഷേ, പിശാച് ആണ് അവനെ തിന്മകൾ പഠിപ്പിക്കുന്നത്. മനുഷ്യൻ പിശാചിന്റെ വാക്കുകൾ അംഗീകരിക്കുമ്പോൾ മലക്കുകൾ അവനെ ഉപേക്ഷിക്കുകയും അവൻ അങ്ങനെ പിശാചിന്റെ ദാസനായിത്തീരുകയും ചെയ്യുന്നു.

ദൈവവും പിശാചുമായി യുദ്ധം നടന്നു കൊണ്ടേയിരിക്കും എന്നതാണ് അവരുടെ മറ്റൊരു വിശ്വാസം. ഏതുവരെയെന്നാൽ പേർഷ്യൻ വംശത്തിൽ നിന്ന് ഒരു നബി ജനിക്കും. അദ്ദേഹത്തിന്റെ പേർ മൊസ്യൂസർബഹ്മി എന്നായിരിക്കും. അതായത്, അനുഗൃഹീതനായ മസീഹ് എന്ന പേരിലായിരിക്കും ആ നബി വരിക. അദ്ദേഹം സൊറാസ്ട്രമതക്കാരുടെ സന്താനങ്ങളിൽ പെട്ടവനായിരിക്കുമെങ്കിലും ബാഹ്യമായ നിലയിലായിരിക്കില്ല. എന്തെന്നാൽ, ഒരു സന്താനവും ഉണ്ടായിട്ടില്ലാത്ത ഭാര്യയിൽ നിന്നായിരിക്കും അദ്ദേഹം ജന്മമെടുക്കുക എന്നും എഴുതപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പിശാചുമായി അവസാന യുദ്ധമുണ്ടാകും. യുദ്ധം വളരെ ഭയാനകമാണെന്നും മലക്കുകളെ ഇറക്കണമെന്നും അദ്ദേഹം ദൈവത്തോട് കേണപേക്ഷിക്കും. അപ്പോൾ ദൈവം തന്റെ മാലാഖമാരെ ഇറക്കുന്നതാണ്. യുദ്ധം ചെയ്തു തളർന്ന പിശാചിനുമേൽ ഒടുവിൽ ആ നബി മലക്കുകളുടെ സഹായത്താൽ അവസാന ആക്രമണം നടത്തുകയും അങ്ങനെ ഭയാനകമായ ആ യുദ്ധത്തിൽ പിശാചിന്റെ പരാജയത്തിനു ശേഷം അവൻ പിടിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ്. അതിനു ശേഷം എങ്ങും സമാധാനമായിരിക്കും. ഈ ലോകം ഒരുപാട് വ്യാപിക്കും. കാരണം, മരിപ്പിക്കുന്ന ശൈതാൻ തന്നെ മരിച്ച പോയ സ്ഥിതിക്ക് ആരും മരിക്കുകയില്ലല്ലോ.

ഈ കാര്യങ്ങളെല്ലാം തന്നെ ഒരു നബി പറഞ്ഞ വാക്കുകളായാണ് തോന്നുന്നത്. കാരണം, അവയെല്ലാം സത്യമായി പുലർന്നു; പുലർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മൊസ്യൂസർ ബഹ്മി (അനുഗൃഹീത മസീഹ്) വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളോടും കൂടി വന്നു കഴിഞ്ഞു. മാത്രമല്ല, ശൈത്വാനുമായി അവസാന യുദ്ധം ഉണ്ടായിരിക്കുമെന്ന് മറ്റു പ്രവാചകന്മാരും പറഞ്ഞിട്ടുണ്ട്. അതിപ്പോൾ നടന്നുകൊണ്ടിരിക്കയാണ്. ജനങ്ങളെ സത്യമതത്തിൽ നിന്നു പിന്തിരിപ്പിക്കാനും ദൈവത്തെ ഉപേക്ഷിക്കാനുമുള്ള ശ്രമങ്ങൾ പലവിധേന നടക്കുന്നു. അതിനെതിരിൽ ജനങ്ങളെ ദൈവവുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങേയറ്റം അപകടകരമായ യുദ്ധമാണിത്.

ആകാശത്തു നിന്നും മലക്കുകളെ ആവശ്യപ്പെടുമെന്ന കാര്യവും പൂർത്തിയായി. വാഗ്ദത്ത മസീഹ്(അ) ദൈവത്തോട് ഒരു ലക്ഷം മലക്കുകളെ ആവശ്യപ്പെട്ടതായും അയ്യായിരം മതി ,ഒരുലക്ഷം അധികമാണ് എന്ന് അല്ലാഹു പറഞ്ഞതായുമുള്ള ഒരു കശ്ഫ് (ജാഗ്രതാ സ്വപ്നം) വാഗ്ദത്ത മസീഹിന് ഉണ്ടായിട്ടുണ്ട്.(തദ്കിറ). ഖുർആനിൽ അയ്യായിരം മലക്കുകളെ കുറിച്ച് പരാമർശമുള്ളതു കൊണ്ടാണ് അത്രയും നൽകപ്പെട്ടത്. ഈ പ്രവചനം പൂർത്തിയായിരിക്കുന്നുവെന്ന് സാരം.

പല വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിലും ഇസ്‌ലാം കഴിഞ്ഞാൽ ഏതെങ്കിലും മതം മലക്കുകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ അതു സൊറാസ്ട്രമതം തന്നെയാണെന്നു പറയാം. ഇതുപോലുള്ള വിഷയങ്ങൾ അവരുടെ ഗ്രന്ഥങ്ങളിലാണ് കാണപ്പെടുന്നത്.

## മലക്കുകൾ ജൂതമതത്തിൽ

മലക്കുകളെ സംബന്ധിച്ച അധ്യാപനങ്ങൾ യഹൂദികളിലും കാണപ്പെടുന്നു. ജിബ്രീലിനെ അഗ്നിയുടെ മലക്കാണെന്നു പറയുന്നത് അവർക്ക് സംഭവിച്ച പിഴവാണ്. കാരണം, സൊറാസ്ട്രരിലും കാണപ്പെടുന്നത് ഈ പേരു

തന്നെയാണ്. എന്നാൽ, അവരതിനെ വചനങ്ങൾ കൊണ്ടു വരുന്ന മലക്ക് എന്നാണ് പറയുന്നത്. ഈ പേര് അവരിൽ മുൻപേ നിലവിലുണ്ടായിരുന്നു. ഇറാനിൽ നിന്ന് നാടുകടത്തപ്പെട്ടതിനു ശേഷം യഹൂദികൾക്കിടയിൽ അത് പില്ക്കാലത്താണ് രൂപപ്പെട്ടത്. ആയതിനാൽ, ഏത് യഹൂദികളിൽ നിന്നാണോ ഈ പേര് എടുത്തിട്ടുള്ളത് അവർ അതിനെ കാരുണ്യത്തിന്റെയും വചനം കൊണ്ടു വരുന്നതിന്റെയും മലക്ക് ആയിട്ടാണ് വിശ്വസിക്കുന്നത്. അതുകൊണ്ട് അഗ്നിയുടെ മലക്കാണെന്നു പറയുന്നത് ശരിയല്ല. മാത്രമല്ല, ഇതിനെ കാരുണ്യത്തിന്റെ മലക്കായി ബൈബിൾ തന്നെ വിശേഷിപ്പിക്കുന്നതായി കാണാം. ദാനിയേൽ പ്രവാചകന്റെ കാലത്ത് ജനങ്ങളെ തീയിലിട്ടപ്പോൾ അവരെ രക്ഷിച്ചത് ജിബ്രീൽ ആയിരുന്നുവെന്നു താൽമൂദിലുണ്ട്. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ജനങ്ങൾ ഹ: ഇബ്രാഹിമി(അ)നെ തീയിലിടാൻ ഒരുങ്ങിയപ്പോൾ ജിബ്രീൽ(അ) അല്ലാഹുവിനോട് പറഞ്ഞു: 'അദ്ദേഹത്തെ രക്ഷിക്കാൻ എന്നെ അനുവദിച്ചാലും' അല്ലാഹു പറഞ്ഞു: ഇല്ല. നിനക്ക് അതിനുള്ള അനുവാദമില്ല. ഭൂമിയിൽ ഇബ്രാഹിം ഒരാളെയുള്ളു. ഞാനും ഏകനാണ്. അതുകൊണ്ട് ഞാൻ തന്നെ അവനെ രക്ഷിക്കുന്നതാണ്." ഈ സംഗതി തന്നെയാണു നാം മുസ്‌ലിംകളിലും പ്രചരിച്ചിരിക്കുന്നത്. ഹ: ഇബ്രാഹിമി(അ)നെ തീയിലിടാൻ തുടങ്ങിയപ്പോൾ ജിബ്രീൽ അദ്ദേഹത്തിന്റെ അടുത്തു വന്ന് പറഞ്ഞു: 'എന്നോടെന്തെങ്കിലും ചോദിക്കുക.' അദ്ദേഹം പറഞ്ഞു: എനിക്കു നിന്നോട് ഒന്നും ചോദിക്കാനില്ല. അപ്പോൾ ജിബ്രീൽ പറഞ്ഞു: 'എങ്കിൽ പിന്നെ അല്ലാഹുവിനോടു ചോദിക്കുക.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോടു ചോദിക്കുന്നതിന്റെ ആവശ്യമെന്ത്? എന്റെ അവസ്ഥ എന്താണെന്ന് അവൻ സ്വയം കാണുന്നില്ലേ?'

താൽമൂദിൽ വന്നിരിക്കുന്നു: ജിബ്രീലിനോട് അല്ലാഹു പറഞ്ഞു: 'നീയല്ല, ഞാൻ പോകും; ഇബ്രാഹിമിനെ രക്ഷിക്കാൻ. എന്നാൽ നിന്റെ ഈ നന്മയെ ഞാൻ പാഴാക്കില്ല. ഭാവിയിൽ ഇബ്രാഹിമിന്റെ സന്താനങ്ങളിൽ നിന്ന് ഒരാളെ രക്ഷിക്കാൻ ഞാൻ നിന്നെ അനുവദിക്കുന്നതാണ്'. അങ്ങനെ ദാനിയേലിന്റെ കാലത്ത് ജനങ്ങൾ തീയിലെറിയപ്പെട്ടപ്പോൾ അവരെ രക്ഷിക്കാൻ ജിബ്രീലിന് അല്ലാഹു അനുവാദം നല്കുകയും ജിബ്രീൽ അവരെ രക്ഷപ്പെടുത്തുകയും ചെയ്തു.

ചുരുക്കത്തിൽ യഹൂദികളിലും ആദ്യാവസാനം വരെ മലക്കുകളെക്കുറിച്ചുള്ള പരാമർശം കാണാം. ദൈവമക്കൾ എന്നാണ് അവരെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നത്.

## മലക്കുകൾ ഹിന്ദുമതത്തിൽ

ഇതുപോലെ ഹിന്ദു മതത്തിലും മലക്കുകളെക്കുറിച്ചുള്ള പരാമർശം ഉണ്ട്. വരുണൻ തുടങ്ങിയ പേരുകൾ പറയപ്പെടുന്നു. സാധാരണക്കാർ കരുതുന്നത് ഇവർ പൂജിക്കപ്പെടേണ്ട ആത്മാക്കളാണെന്നാണ്. എന്നാൽ, വാസ്തവത്തിൽ ഇവർ ദൈവവചനം കൊണ്ടു വരുന്ന മലക്കുകളായിരുന്നു. കാരണം, വഹുമാനയുടെയും വരുണന്റെയും പ്രവർത്തനം ഒന്നു തന്നെയാണെന്നാണു മനസ്സിലാകുന്നത്. വരുണനെ പോലെ തന്നെ വഹുമാനനും സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. സൂര്യനുമായി ഇവർക്ക് ബന്ധമുള്ളതിനാൽ സൂര്യനാണ് ദൈവം എന്ന് അബദ്ധവശാൽ അവർ ധരിച്ചു. അങ്ങനെയാണ് സൂര്യനെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയത്.

സൂര്യനുമായി അവർക്ക് ബന്ധമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇസ്‌ലാമിൽ ജിബ്രീലിനെ സൂര്യനുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ട്. സൂര്യനുമായി അതിനു ബന്ധമുണ്ടെന്ന് വാഗ്ദത്ത മസീഹും(അ) എഴുതിയിട്ടുണ്ട്. നബി(സ) തിരുമേനിയുമായിട്ടാണ് ജിബ്രീലിന്റെ ബന്ധം. നബി(സ) തിരുമേനിയെക്കുറിച്ച് ഖുർആനിൽ സൂര്യൻ എന്നാണ് പറഞ്ഞിരിക്കുന്നത്.

ഹ: മസീഹ് മൗഊദി(അ)നു മേൽ കുഫ്‌റ് ഫത്‌വ നല്കപ്പെട്ടപ്പോൾ അദ്ദേഹം മലക്കുകളെ നിഷേധിക്കുന്നു എന്നും അതിൽ എഴുതിയിരുന്നു. ഹ: മസീഹ് മൗഊദ്(അ) 'തൗസീഹെ മറാം', 'ആയിനെ കമാലാത്തെ ഇസ്‌ലാം' എന്നീ ഗ്രന്ഥങ്ങളിൽ മലക്കുകളെക്കുറിച്ച് ചർച്ച ചെയ്യുകയും മലക്കുകൾ വാനഗോളങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവ മുഖേനയാണ് അവർ ലോകത്ത് തങ്ങളുടെ സ്വാധീനം ചെലുത്തുന്നതെന്നും വിശുദ്ധ ഖുർആനിൽ നിന്നു തെളിയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം മലക്കുകളെ നിഷേധിച്ചു കൊണ്ട് നക്ഷത്രങ്ങളുടെ സ്വാധീനത്തെ അംഗീകരിക്കുന്നു എന്ന് സംശയിച്ച് അദ്ദേഹത്തിനു മേൽ കുഫ്‌റ് ഫത്‌വ പുറപ്പെടുവിച്ചു.

നക്ഷത്രങ്ങളെ സംബന്ധിച്ച ഈ ചർച്ച വേറെ വിഷയമാണ്. ഇപ്പോൾ ഞാനതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ, ഈ രീതിയിൽ ചർച്ച ചെന്നെത്തുന്നത് മറ്റെവിടേക്കോ ആയിരിക്കും. എല്ലാ മതങ്ങളും മലക്കുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് എന്നു മാത്രം ഇപ്പോൾ പറയുകയാണ്. ഇസ്‌ലാമിൽ നൂറുകണക്കിന് ശിർക്കൻ സംഗതികൾ റദ്ദു ചെയ്യപ്പെട്ടിടത്ത് മലക്കുകളിലുള്ള വിശ്വാസം നിലനിർത്തുകയാണുണ്ടായത്. വിശ്വസിച്ചില്ലെങ്കിൽ കാഫിറായി പോകും വിധം ശക്തമായ നിലയിലാണ് അതിന് ഊന്നൽ നല്കപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരുടെ മേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആക്ഷേപങ്ങളെയും ഇസ്‌ലാം വിപാടനം ചെയ്തതു പോലെ മലക്കുകളെപ്പറ്റി ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആക്ഷേപങ്ങളെയും വിപാടനം ചെയ്തിരിക്കുന്നു എന്നത് ഇസ്‌ലാം മറ്റു മതങ്ങളോടു ചെയ്തിട്ടുള്ള ഒരു ഔദാര്യമാണ്.

(തുടരും)

# ഇസ്‌ലാം:
# അടിസ്ഥാന സാമ്പത്തിക തത്ത്വങ്ങൾ

ഏറ്റവും വികസിത സാമ്പത്തിക ശക്തികളിലൊന്നായ സിംഗപൂരിലെ മൻഡാറിൻ ഓറിയന്റൽ മറീനാ സ്ക്വയറിൽ 2013 സെപ്തംബർ 26ന് നടത്തിയ ചരിത്ര പ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ബിസ്മില്ലാഹിർറഹ്മാനി റഹീം (പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ, അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ് (അല്ലാഹുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിൽ വർഷിക്കട്ടെ)

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേരുകയും നിറസാന്നിദ്ധ്യം കൊണ്ട് ഈ സദസ്സിനെ അനുഗ്രഹിക്കുകയും ചെയ്ത നിങ്ങൾക്കെല്ലാവർക്കും ആദ്യമായി എന്റെ ഹാർദമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഒരു രാഷ്ട്രതലവന്റേയോ ശാസ്ത്ര പ്രമുഖന്റേയോ വിദഗ്ദന്റെയോ ഉന്നതസ്ഥാനീയനായ ഒരു രാഷ്ട്രീയ നേതാവിന്റേയോ ക്ഷണം സ്വീകരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒരു ഇസ്ലാം മത വിഭാഗം സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ സംബന്ധിക്കാനാണ് നിങ്ങൾ ഇവിടെ എത്തിച്ചേർന്നത്. നിങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായോ ഞങ്ങളുടെ മതവുമായോ പോലും ബന്ധപ്പെട്ടവരല്ല. തീർച്ചയായും നിങ്ങളുടെ വിശാലമനസ്ക്കതയും ഉന്നതമായ ധാർമിക നിലവാരവും ഇതിൽ പ്രതിഫലിക്കുന്നു. ഭൗതിക രംഗത്തുള്ള നേതാക്കന്മാരുമായി ബന്ധം സ്ഥാപിക്കുന്നത് ലൗകികമായ നമ്മുടെ കെട്ടുപാടുകളിൽ വർധനവുണ്ടാക്കുകയും വിപുലമായ ബന്ധങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു. ഒരു ശാസ്ത്ര വേദിയിൽ ഒരാൾ പങ്കെടുത്താൽ അയാൾക്ക് ശാസ്ത്രത്തിന്റെ പുതിയ നേട്ടങ്ങൾ മനസ്സിലാക്കാനാവും. ഒരാൾ അക്കാദമീഷ്യൻമാരുടെയോ പണ്ഡിതന്മാരുടെയോ ഒരു സംഘത്തിൽ ചേരുമ്പോൾ അത് അയാളുടെ വിജ്ഞാന വർധനവിന് കാരണമാവുന്നു.

മാത്രമല്ല സമകാലീന ലോകത്ത് ഒരു സാമ്പത്തിക വിദഗ്ധന്റെ അഭിപ്രായം മറ്റെന്തിനേക്കാളും പ്രധാന്യമുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിന് കാരണം ആഗോളതലത്തിൽ സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച്കൊണ്ട് വമ്പിച്ച യത്നങ്ങൾ നിരന്തരം നടത്തിവരുന്ന അവസരത്തിൽ തന്നെ കഴിഞ്ഞ കുറേവർഷങ്ങളായി ആഗോള വ്യാപകമായി സാമ്പത്തിക പ്രതിസന്ധി പരക്കുകയാണ്. സിംഗപൂർ ഒരു ചെറിയ രാജ്യമാണല്ലോ. ലോക സാമ്പത്തിക പുരോഗതിക്കൊപ്പം സിംഗപ്പൂരും അതിന്റെ പങ്ക് നിർവഹിക്കുന്നു. തീർച്ചയായും നിങ്ങളിൽ പലരും ആ സാമ്പത്തിക പുരോഗതിയിൽ യഥാക്രമം ഭാഗഭാക്കാവുന്നവരാണെന്ന് എനിക്കുറപ്പുണ്ട്. ഇക്കാരണത്താൽ തന്നെ സാമ്പത്തിക വിദഗ്ധരുടെ പുതിയ സിദ്ധാന്തങ്ങളോ അഭിപ്രായങ്ങളോ അറിയാനും അവരുടെ വിശകലനങ്ങൾ കേൾക്കാനും നിങ്ങൾക്ക് താൽപര്യമുണ്ടാകും. രാഷ്ട്രീയത്തെകുറിച്ച് പറയുകയാണെങ്കിൽ ഗവൺമെന്റുകളും അന്തർദേശീയ നയങ്ങളും സമയാ സമയങ്ങളിൽ മാറിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അത്കൊണ്ട് ജനങ്ങൾ രാഷ്ട്രീയക്കാർ പറയുന്ന വീക്ഷണങ്ങൾ പ്രത്യേക താൽപര്യത്തോടെ ശ്രവിക്കുകയും ഏറ്റവും പുതിയ രാഷ്ട്രീയ സംഭവ വികാസങ്ങൾക്കൊപ്പം അണിചേർന്ന് പോകുകയും ചെയ്യുന്നു.

ഏതായാലും മതത്തിന്റെ കാര്യമെടുക്കുമ്പോൾ ലോകത്തെവിടെയും അതിന് കൂടുതൽ പ്രാധാന്യം നൽകാറില്ല. മതകാര്യത്തിൽ അൽപം തൽപരരായവർ പോലും അല്ലെങ്കിൽ മതത്തിന്റെ

ആളുകളെന്ന് സ്വയം വിളിക്കുന്നവർ പോലും ഭൗതിക കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. കഴിയുന്നതും മതകാര്യങ്ങൾക്ക് രണ്ടാം സ്ഥാനമാണ് നൽകുക. ഈ കാര്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരു ആഗോളമത നേതാവിന്റെ ക്ഷണം സ്വീകരിച്ച് ഈ സ്വീകരണ പരിപാടിയിൽ എത്തുക എന്നത് നിങ്ങളുടെ ഉന്നത നിലവാരത്തിലുള്ള സഹിഷ്ണുതയുടെയും വിശാല ഹൃദയത്തിന്റെയും അടയാളമായി ഞാൻ കാണുന്നു. നിങ്ങളോട് നന്ദി പ്രകടിപ്പിക്കുക എന്നത് എന്റെ പ്രാഥമികമായ ഉപചാര ക്രമത്തിന്റെ ഭാഗമാണ്. ഞാൻ അത് നിർവഹിക്കുന്നില്ലെങ്കിൽ അത് എന്റെ മതപരമായ അദ്ധ്യാപനങ്ങളോടുള്ള അവഗണന കൂടിയായിമാറും. ഒരു മനുഷ്യൻ ജനങ്ങളോട് നന്ദി കാണിക്കുന്നില്ലെങ്കിൽ അയാൾ തന്റെ സ്രഷ്ടാവിനോടും നന്ദി കാണിക്കുന്നില്ല എന്ന ഇസ്ലാം മത സ്ഥാപകനായ പരിശുദ്ധ പ്രവാചകന്റെ അദ്ധ്യാപന പാഠം ഉള്ളത്കൊണ്ട് കൂടിയാണ് ഞാനിപ്രകാരം ചെയ്യുന്നത്. ഈ നന്ദി ഭാവമില്ലെങ്കിൽ എല്ലാ വിധത്തിലുള്ള ആരാധനയും അർഥശൂന്യവും പൊള്ളയുമാണ്.

ഈ ഹ്രസ്വമായ ഉപക്രമത്തിനും നന്ദി പ്രകാശനത്തിനും ശേഷം എന്റെ മതത്തിന്റെ അദ്ധ്യാപനങ്ങളെപറ്റി ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇസ്ലാം ലോകത്തിന് ധാർമികവും ആത്മീയവുമായ അധ്യാപനങ്ങൾ നൽകികൊണ്ട് ഉന്നതമായ നിലവാരം നേടിയെടുക്കാൻ ഉപദേശിക്കുന്നു. ഈ അദ്ധ്യാത്മികമായ ശിക്ഷണങ്ങൾ കൂടാതെ സമൂഹത്തിൽ എങ്ങിനെ ജീവിക്കണം എന്നതിനെ കുറിച്ചും എപ്രകാരമാണ് സാമൂഹിക ജീവിതം നിർവഹിക്കേണ്ടത് എന്നത് സംബന്ധിച്ചും ഒരു സമ്പൂർണ പെരുമാറ്റ സംഹിത നിർദേശിക്കുന്നു. ഒരു കുടുംബ യൂണിറ്റിന്റെ അടിസ്ഥാന ഘടകം മുതൽ അന്തർ ദേശീയ ബന്ധങ്ങൾവരെ എല്ലാ തലത്തിലുമുള്ള വിശദമായ മാർഗനിർദേശങ്ങൾ ഇസ്ലാം നൽകുന്നു. കൂടാതെ നമ്മുടെ ധനപരവും സാമ്പത്തികവുമായ ഇടപാടുകൾ എങ്ങനെ നിർവഹിക്കണം എന്നതിനെ സംബന്ധിച്ച് ഒരു യഥാർഥ മുസ്ലിമിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചുള്ള മാർഗ നിർദേശങ്ങളും ഇസ്ലാം നൽകുന്നു. ദൈവത്തോടുള്ള കടമകൾ നിർവഹിക്കാൻ പറയുന്നതോടൊപ്പം തന്നെ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കാൻ ഖുർആനിലൂടെ നൽകപ്പെട്ട ഇസ്ലാമികാദ്ധ്യാപനങ്ങൾ നിഷ്ക്കർശിക്കുന്നു. ഈ വിഷയവും ഇത് സംബന്ധിച്ച ഇസ്ലാമികാദ്ധ്യാപനങ്ങളും വളരെ വിശാലമാണ്. അവയെല്ലാം ഇന്നൊരു ദിവസംകൊണ്ട് ചർച്ച ചെയ്യുക അസാദ്ധ്യമാണ്. അതുകൊണ്ട് ഇസ്ലാം മുന്നോട്ട് വെച്ച സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ചുമാത്രമാണ് ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നത്. ഞാൻ പ്രസ്തുത വിഷയ സംബന്ധമായി ചെറിയ ഒരു വശത്തെ പറ്റി മാത്രമാണ് സ്പർശിക്കുന്നത്. ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന സാമ്പത്തിക തത്ത്വങ്ങളെ സംബന്ധിച്ച ചില വസ്തുതകൾ മാത്രം പ്രതിപാദിക്കുന്നതാണ്.

ഇന്ന് ലോകത്ത് മിക്കവാറും ഇസ്ലാം തീവ്രവാദത്തിന്റെയും ബലപ്രയോഗത്തിന്റെയും മതമാണെന്ന വിശ്വാസവും ധാരണയുമാണുള്ളത്. ഇസ്ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക വ്യവസ്ഥയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു പക്ഷേ പലരും ധരിക്കുക ദൈവത്തിന്റെ നാമത്തിൽ ചില നിക്ഷിപ്ത താൽപര്യങ്ങൾ നിറവേറ്റാൻ ഒരു ഉപാധി മാത്രമാണ് എന്നാണ് അതായത് ഇസ്ലാമികമായ സാമ്പത്തിക മാതൃക ബലപ്രയോഗത്തിന്റേയും നിർബന്ധത്തിന്റേയും അടിസ്ഥാനത്തിലുള്ളതായിരിക്കും. ഇതിനെ സംബന്ധിച്ച് എനിക്ക് ആദ്യമായി പറയാനുള്ളത് ഇത് തികച്ചും തെറ്റാണ് എന്നാണ്. യാഥാർഥ്യം ഇതിന് നേർ വിപരീതവുമാണ്. അത്തരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടാവാനുള്ള കാരണം നിരവധി മുസ്ലിം മത പണ്ഡിതന്മാർക്ക് യഥാർഥ ഖുർആനിക അദ്ധ്യാപനങ്ങളെ പറ്റി അറിവില്ല എന്നത്കൊണ്ടാണ്. ഇക്കാരണത്താൽ ഇസ്ലാമിനെ പറ്റി തികച്ചും തെറ്റായ ഒരു ചിത്രമാണ് അമുസ്ലിം ലോകത്തിന് മുമ്പിൽ സമർപ്പിക്കപ്പെടുന്നത്. അതിൽ കൂടുതലായി ദു:ഖകരമായ ഒരുകാര്യം മുസ്ലിംകളിൽപ്പെട്ട സ്വാർഥമതികളായ ഒരു ചെറിയ വിഭാഗം ന്യൂനപക്ഷം അവരുടെ വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടികൂടിയാണ്. ഇസ്ലാമിനെ ഈ വിധം ചിത്രീകരിക്കുന്നത് അവർ തങ്ങളുടെ ദുരയുടെയും ആസക്തിയുടെയും ശമനത്തിന് വേണ്ടി ഇസ്ലാമികാദ്ധ്യാപനങ്ങളെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയും അതുകാരണമായി ഇസ്ലാമിനെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അവരുടെ ജുഗുപ്സാവഹമായ ചെയ്തികൾ ഇസ്ലാമിന്റെ പരിശുദ്ധ നാമത്തെ കളങ്കപ്പെടുത്തുന്നു. സത്യമെന്താണെന്ന് വെച്ചാൽ എല്ലാ കാര്യങ്ങൾക്കും ഇസ്ലാം യുക്തിപരവും ന്യായവുമായ വിശദീകരണങ്ങൾ നൽകുന്നു. അത് പൂർണമായും ബുദ്ധിപരവും നീതിയുക്തവുമാണ്. യാഥാർഥ്യമിതാണ്. എല്ലാ കാര്യത്തിലുമെന്ന പോലെ എല്ലാ സാമ്പത്തിക ഇടപാടുകളും വിവേകത്തോടും ആലോചനാപൂർവവുമായിരിക്കണം. ഞാൻ വിശുദ്ധ ഖുർആനിൽ നിന്നുള്ള ഒരു അടിസ്ഥാനതത്ത്വം ഉദ്ധരിക്കട്ടെ. അല്ലാഹു പറയുന്നു:

***ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക്വേണ്ടി സൃഷ്ടിച്ചവനാണവൻ (2:30)***

ഖുർആൻ പറയുന്നത് ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതെല്ലാം മനുഷ്യവംശത്തിന്റെ നന്മക്ക് വേണ്ടിയാണ് എന്നാണ്. പ്രാഥമികമായി

ഒരു രാജ്യം പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമായിട്ടുണ്ടെങ്കിൽ അത് ആ രാജ്യത്തെ ജനങ്ങളുടെ നന്മക്ക് വേണ്ടിയുള്ളതാണ്. ഈയൊരു സാദ്ധ്യതയെ ഇസ്‌ലാം കൂടുതൽ വിശാലമായ ഒരു വൃത്തത്തിലേക്ക് വിപുലീകരിച്ചുകൊണ്ട് പറയുന്നത്, നാം നമ്മുടെ അയൽപക്കത്തെയും ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യണമെന്നാണ്. അയൽപക്കത്തെ ഖുർആൻ നിർവചിക്കുന്നത് നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനെയാണ്. അതായത് നിങ്ങളുടെ സഹപ്രവർത്തകൻ, നിങ്ങളുടെ സഹയാത്രികൻ. മുഹമ്മദ് നബി(സ) അയൽപക്ക വീടിനെ നിങ്ങളുടെ വീടിന് ചുറ്റുമുള്ള 40 വീടുകൾവരെ അത് വിപുലീകരിച്ചിട്ടുണ്ട്. അത് അയൽപക്ക നഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കാം. ഇതിന്റെ വിശാലത ഭാവനയിൽ കാണാവുന്നതാണ്. ഒരു വശത്ത് ദൈവം ഒരു രാജ്യത്തിന് നൽകിയ വിഭവങ്ങളുടെ ഫലങ്ങൾ കൊയ്തെടുക്കുമ്പോൾ മറുവശത്ത് ദരിദ്രരായ ജനങ്ങളേയും രാജ്യങ്ങളേയും അവർ സഹായിക്കേണ്ടതാണ്. അത്തരം വിഭവങ്ങൾ വ്യക്തിപരമായ താൽപര്യങ്ങളില്ലാതെ സ്വാർഥരഹിതമായി വിനിയോഗിക്കണം. ആസക്തി രഹിതവും ആഗ്രഹ രഹിതമായും യാതൊരു വിധ പക്ഷ പാതിത്വങ്ങളുമില്ലാതെയായിരിക്കണം അത് വിനിയോഗിക്കേണ്ടത്.

നാം പ്രകൃതിയെ നിരീക്ഷിക്കുകയാണെങ്കിൽ പ്രകൃതി വിഭവങ്ങൾ വിന്യസിച്ചുകൊണ്ട് എപ്രകാരമാണ് അത് സമ്പന്നമാക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാൻ സാധിക്കും. അവയോരോന്നും തന്നെ ലോകത്തിന്റെ സാമ്പത്തിക ശ്രേയസ്സിന് നിർവഹിക്കുന്ന പങ്കും നമുക്ക് കാണാൻ സാധിക്കും. ഉദാഹരണത്തിന് സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിൽ പർവതങ്ങൾ വഹിക്കുന്ന പങ്ക് നമുക്കറിയാം. ഇപ്പോൾ ഭൂഗർഭത്തിലുള്ള പ്രകൃതി വിഭവങ്ങളെ പറ്റിയും നമുക്കറിയാം. ഉദാഹരണത്തിന് ഭൂമിക്കടിയിൽ അമൂല്യമായതും അത്യധികം വില പിടിപ്പുള്ളതുമായ ആഭരണക്കല്ലുകളും ധാതുക്കളും കാണപ്പെടുന്നു. അതുപോലെ വമ്പിച്ച സമ്പത്ത് നിരന്തരം പ്രദാനം ചെയ്യുന്ന എണ്ണ നിക്ഷേപങ്ങളും നാം കാണുന്നു. കൂടാതെ നിറഞ്ഞൊഴുകുന്ന നദികളും നാം കാണുന്നു. തീർച്ചയായും ജലം അനർഘമായ ഒരു അടിസ്ഥാന വിഭവമാണ്. അത് എക്കാലത്തും മനുഷ്യന് ആവശ്യമുള്ള ഒരു വസ്തുവാണ്. തീർച്ചയായും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന ദീർഘകാലത്തെ ജലദൗർലഭ്യം ഗുരുതരമായതും നിർഭാഗ്യകരവുമാണ്. എന്തായാലും ഇപ്രകാരമാണ് ലോകത്തിലുടനീളം സർവ ശക്തനായ ദൈവം വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനമെന്താണെന്ന് വെച്ചാൽ ഈ ആഗോള വിഭവങ്ങളും സമ്പത്തുമെല്ലാം മനുഷ്യ വംശത്തിന്റെ കൂട്ടു സ്വത്താണ് എന്നാണ്. അതുകൊണ്ട് ഈ അനുഗ്രഹങ്ങളെല്ലാം ജനങ്ങൾക്ക് പൊതുവായുള്ളതാണ്. ആയതിനാൽ അതിന്റെ ഗുണം എല്ലാവർക്കും ലഭ്യമാകണം. ഭൂമിയുടെ അകത്തും പുറത്തുമായി അല്ലാഹു നൽകിയിട്ടുള്ള ഈ വിപുലമായ വിഭവങ്ങൾ ഏതാനും ചില തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും വസിക്കുന്ന ജനങ്ങളിൽ ഓരോരുത്തരുടെയും നന്മക്കുള്ളതായിരിക്കണം.

ദൈവത്തിന്റെ ആ അനുഗ്രഹങ്ങൾ അനുഭവവേദ്യമാക്കാൻ മുതൽ മുടക്കുകയോ സാങ്കേതിക വൈദഗ്ദ്യം ഉപയോഗിക്കുകയോ ചെയ്യുന്നവരുണ്ട്. തീർച്ചയായും ചില നേട്ടങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കാൻ അവർക്ക് അവകാശമുണ്ട്. അത്തരം പ്രകൃതി വിഭവങ്ങൾ വേർതിരിച്ചെടുത്ത് മനുഷ്യന് ഗുണപ്രദമായി ഉപയോഗ്യമാക്കാൻ വേണ്ടി നവീനവും എളുപ്പത്തിലുള്ളതുമായ സാങ്കേതിക വിദ്യകളും മെഷീനുകളും വികസിപ്പിച്ചെടുക്കുന്ന ശാസ്ത്രജ്ഞന്മാരും ഇവിടെയുണ്ട്. തീർച്ചയായും അത്തരം ശ്രമങ്ങൾക്കുള്ള പ്രതിഫലവും അവർക്ക് ലഭ്യമാകണം. ഇന്നത്തെ സമകാലീന സാഹചര്യത്തിൽ അത്തരം തൊഴിലാളികൾക്ക് അർഹമായ ശമ്പളവും ജോലി സാഹചര്യവും ലഭ്യമാക്കൽ ഭരണകൂടങ്ങളുടെയും ചുമതലയാണ്. അത്തരത്തിൽ ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം കഴിയുന്നത്ര കുറച്ചു കൊണ്ടുവരാൻ സാധിക്കും. തൊഴിലും മറ്റു ആനുകൂല്യങ്ങളും നൽകുക എന്നത് ധനികരായ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും കൂടി കടമയാണ്. അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാനുള്ള അല്പം പണം അനുവദിച്ച ധനികരായ ആളുകളുടെ സ്വത്തുക്കൾ അവരിൽ നിന്ന് ബലമായി പിടിച്ചെടുക്കാൻ സോഷ്യലിസം അനുശാസിക്കുന്നത് പോലെ ഇസ്‌ലാം പറയുന്നില്ല. തൊഴിലാളിയും തൊഴിൽ ദായകനും ഒരുപോലെ സമന്മാരാകണമെന്ന വ്യവസ്ഥയും ഇസ്‌ലാം മുന്നോട്ടുവെക്കുന്നില്ല. ഒരു രാജ്യത്തിന്റെ വിഭവങ്ങളാണ് അതിന്റെ ദേശീയ സമ്പത്ത് രൂപീകരിക്കുന്നത്. അതിനാൽ അത് എല്ലാ ജനവർഗങ്ങളിലും എല്ലാ ജനവിഭാഗങ്ങളിലുംപെട്ട ആളുകൾക്ക് സേവനത്തിനുതകണം. രാജ്യത്തിന്റെ സമ്പത്തിന് രാജ്യത്തെ എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം.

ഉദാഹരണമായി ഇസ്‌ലാമികാദ്ധ്യാപന പ്രകാരം സമൂഹത്തിലെ ഓരോകുട്ടിക്കും അവന്റെ പാശ്ചാത്തലം ഏതൊന്നാവട്ടെ ശരിയായ വിദ്യാഭ്യാസം നൽകണം. അങ്ങനെ അവർ സമൂഹത്തിൽ ഏതെങ്കിലും വൈദഗ്ദ്യം നേടിയവരും ഉപകാരപ്രദമായവരുമായിതീരണം. അതുപോലെ മറ്റു ജീവിത സൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ നൽകപ്പെടണം. സമകാലീന ലോകത്തെ ഭരണസംവിധാനങ്ങൾ ഇതെല്ലാം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക അധ്യാപനങ്ങളുടെയത്രത്തോളം അവയൊന്നും

വരുന്നില്ല. ഇസ്‌ലാം ഒരു ചുവടു കൂടി മുന്നോട്ട്‌വെച്ച് കൊണ്ട് പറയുന്നത് നിങ്ങൾ സ്വയംതന്നെ സഹായിച്ചാൽ മാത്രം പോര നിങ്ങളുടെ അയൽക്കാരനേയും സഹായിക്കണം എന്നാണ്. അതായത് രാജ്യങ്ങൾ അവരുടെ സമ്പത്ത് അയൽ രാജ്യങ്ങളുടെ ക്ഷേമത്തിനായി ചില വഴിക്കണം. ഏതെങ്കിലും ഒരു രാജ്യത്തിന് വിഭവ ദൗർലഭ്യം അനുഭവപ്പെടുന്നുവെങ്കിൽ അവർക്ക് അത് ലഭ്യമാക്കാൻ പിന്തുണക്കുക എന്നത് അടുത്ത രാജ്യത്തിന്റെ ബാദ്ധ്യതയാണ്. തീർച്ചയായും സഹായം നൽകേണ്ട രാജ്യങ്ങളുടെ വൃത്തം വിപുലമായികൊണ്ടേപോവും. ഒരു രാജ്യം തങ്ങളുടെ തൊട്ട അയൽപക്കത്തെ മാത്രം സഹായിച്ചാൽ പോര. ലോകം മുഴുക്കെയുള്ള ദരിദ്രരായ രാജ്യങ്ങളെയും അവർ സഹായിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റൊരുകാര്യം സർവശക്തനായ അല്ലാഹു വിവിധരാജ്യങ്ങൾക്ക് വിഭിന്നങ്ങളായ വിഭവങ്ങൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു അത്കൊണ്ട് ഒരു രാജ്യത്തിന് അവരുടെ വിഭവങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗിക്കാനുള്ള സാങ്കേതിക വിജ്ഞാനമോ വൈദഗ്ധ്യമോ ഇല്ലെങ്കിൽ അവരെ സഹായിക്കേണ്ടതാണ്. അത്തരം സഹായങ്ങൾ നൽകുന്നത് നിഷ്കളങ്കമായിട്ടായിരിക്കണം. സഹായ ദാതാക്കൾക്ക് അവരുടെ യാതൊരു നിക്ഷിപ്ത താൽപര്യങ്ങളും പൂർത്തീകരിക്കാനായിരിക്കരുത് ഇത്തരം സഹായങ്ങൾ നൽകുന്നത്. ഒരു പ്രത്യേക രാജ്യത്തോടുള്ള ചങ്ങാത്തമോ സഖ്യമോ മറ്റു രാജ്യങ്ങളെ സഹായിക്കുന്ന കാര്യത്തിൽ ഒരു വിഘാതമായി നിന്നുകൂടാ. ഒരു രാജ്യത്തോടുള്ള ഏതെങ്കിലും വിധത്തിലുള്ള ആഭിമുഖ്യം മറ്റൊരു രാജ്യത്തെ അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള ലക്ഷ്യത്തിന് സഹായകരമായിരിക്കണം. ഒരു രാജ്യം മറ്റൊരു രാജ്യത്തെ സഹായിക്കുമ്പോൾ സഹായം സ്വീകരിക്കുന്ന രാജ്യങ്ങളുടെ ചില ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്‌വരെയോ മറ്റൊരു മൂന്നാം കക്ഷി രാജ്യമായി ബന്ധം സ്ഥാപിക്കുന്നത് വരെയോ ആ രാജ്യവുമായുള്ള ഉഭയകക്ഷി കരാറിൽ അനീതിപരമായ ഉപാധികൾ വെക്കാൻ പാടുള്ളതല്ല. ദുർവഹമായ ഉപാധികൾ വെച്ച്കെട്ടി ഒരു രാജ്യത്തിനും സാങ്കേതിക സഹായം നൽകാൻ പാടില്ല. അതായത് ഒരു രാജ്യത്തിന് തങ്ങളുടെ സ്വന്തം വിഭവങ്ങളിൽ നിന്ന് പൂർണമായും ഗുണം അനുഭവിക്കാൻ സാധിക്കാത്ത വിധം ഉപാധികൾ വെക്കാൻ പാടില്ല. ഒരു രാജ്യത്തെ സഹായിക്കുന്ന മറ്റൊരു രാജ്യത്തിന് സഹായിക്കപ്പെടുന്ന രാജ്യത്തേക്കാൾ നേട്ടമുണ്ടാവാനും പാടുള്ളതല്ല. അത്തരം അനീതി പരമായ കാര്യങ്ങളെല്ലാം ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കെതിരാണ്. അവയെല്ലാം അസ്വസ്ഥതകളിലേക്കും പ്രക്ഷോഭങ്ങളിലേക്കും നയിക്കും. ഇത്തരത്തിലാണ് കാര്യങ്ങൾ പോവുന്നതെങ്കിൽ അതുണ്ടാക്കുന്ന മാനസികവ്യഥയും തങ്ങളോട് അനീതി അനുവർത്തിക്കപ്പെട്ടു എന്ന ബോധവും തീർച്ചയായും ഒരു നാൾ അവരെ പിടികൂടുകയും അത് തുറന്ന ശത്രുതയിലേക്ക് ചെന്നെത്തുകയും ചെയ്യും. ഇങ്ങനെ സംഭവിക്കാൻ അനുവദിക്കുകയാണെങ്കിൽ ഉഭയകക്ഷി രാജ്യങ്ങളുടെയും സമാധാനം നഷ്ടപ്പെടലായിരിക്കും ഫലം. പിന്നീട് അന്തർ ദേശീയ തലത്തിലും സമാധാന ഭംഗമുണ്ടാകുന്നു.

തീർച്ചയായും സമകാലീന ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. സമ്പന്ന വർഗം അവരുടെ സ്വത്ത് ന്യായമായും ഉചിതമായും വിനിയോഗിച്ചിരുന്നുവെങ്കിൽ ഇന്ന് കാണുന്ന രീതിയിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം ലോകത്ത് ഒരിടത്തും ഉണ്ടാകുമായിരുന്നില്ല. അന്തർദേശീയ തലത്തിൽ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കും വിധം എല്ലാ സമ്പത്തും ശരിയായ രീതിയിൽ ലോകത്ത് വിതരണം ചെയ്തിരുന്നെങ്കിൽ ഇന്ന് കാണുന്ന വിധത്തിൽ രാജ്യങ്ങൾ തമ്മിലുള്ള അസമത്വങ്ങളും സംഘർഷങ്ങളും വർദ്ധിച്ചു വരില്ലായിരുന്നു. ലോകത്തിലെ ദരിദ്രജനതകളെ സഹായിക്കാനും പിന്തുണക്കാനും ഒരുപാട് സംഘടനങ്ങൾ രൂപീകൃതമായിട്ടുണ്ട്. ലോകത്ത് നിന്ന് ദാരിദ്ര്യവും വിശപ്പും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സഭക്ക് കീഴിൽ നിരവധി സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ രൂപീകരിച്ച് അറുപത് വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട രാജ്യങ്ങൾ ദരിദ്രരായും പട്ടിണിക്കാരായും തന്നെ നാം കാണുന്നു എന്നത് ദുഃഖകരമാണ്. അതേ സമയം വികസിത രാജ്യങ്ങൾ സമ്പന്നരായും ശക്തിശാലികളായും നിലകൊള്ളുകയും ചെയ്യുന്നു. മനുഷ്യ സമൂഹത്തിന് ദൈവം നൽകിയ വിഭവങ്ങളിൽ നിന്നുള്ള സമ്പത്ത് സംയോജിതമായി ഉപയോഗിക്കാനുള്ളതാണ്. ഈയൊരു തത്ത്വം ലോകം മനസ്സിലാക്കാത്തതാണ് സ്ഥിരമായ അസമത്വത്തിന്റെ അടിസ്ഥാന കാരണം എന്ന് ഇസ്‌ലാം വിശദീകരിച്ചുകഴിഞ്ഞു.

ഇന്നത്തെ ലോകത്ത് അവികസിത രാജ്യങ്ങളിലെ ജനങ്ങൾ മാത്രമല്ല വികസിത രാജ്യങ്ങളിലെ ജനങ്ങൾപോലും സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കഷ്ടതകൾ സഹിക്കേണ്ടിവരുന്നു. അതാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംഭവിക്കുന്നത് രാജ്യങ്ങൾ അവരുടെ വമ്പിച്ച സമ്പത്തും വിഭവങ്ങളും ശരിയായ മാർഗത്തിൽ വിനിയോഗിക്കാത്തത് കൊണ്ടാണ്. അവരുടെ സമ്പത്ത് ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് പകരം അനാവശ്യമായ ആഢംബര വസ്തുക്കൾക്കും അമിത ഭോഗത്തിനും വേണ്ടി ഉപയോഗിക്കപ്പെടുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് നോക്കൂ. അവിടെ സമ്പന്ന രാജ്യങ്ങളുടെയത്ര സാമ്പത്തിക ശേഷി ഇല്ലാത്ത ചിലരാജ്യങ്ങൾ അവരുടെ സമ്പന്നരായ അയൽ രാജ്യത്തെ

അനുകരിക്കാൻ ശ്രമിച്ചതിന്റെ ഫലം നാം കാണുന്നു. അവർ കരുതലോടെ തങ്ങളുടെ കാൽ ചുവടുകൾ വെക്കുന്നതിന് പകരം തങ്ങളുടെ അയഥാർഥമായ ചില ആഗ്രഹങ്ങളുടെ ശമനത്തിനായി തങ്ങളുടെ സാമ്പത്തിക പരിധിവിട്ട് ചിലവഴിക്കാൻ തുടങ്ങി. അതിന്റെ ഫലമാണ് ഇപ്പോൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു പരിധിവരെ യൂറോപ്യൻ യൂണിയനിൽപ്പെട്ട മറ്റു രാജ്യങ്ങൾ അവരെ സഹായിക്കുന്നുണ്ട്. സാമ്പത്തിക ക്ഷയം ബാധിച്ച ഈ രാജ്യങ്ങളെ എത്രകാലം അവർക്ക് സഹായിക്കാൻ കഴിയും എന്ന പ്രശ്നം അവർ പര്യാലോചിക്കുകയും അതിനെപറ്റി ചോദ്യങ്ങൾ ഉന്നയിക്കാനും തുടങ്ങിയിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിനും പ്രശ്നങ്ങൾക്കുമുള്ള മൂലകാരണം ഇരുഭാഗത്തുനിന്നും ഉണ്ടാവുന്നതാണെന്ന് നാം കാണുന്നു. ഒരു വശത്ത് സഹായം ചോദിക്കുന്നവർ അയുക്തികമായ ആവശ്യങ്ങളാണ് ചോദിക്കുന്നത്. മറുവശത്ത് സമ്പന്ന രാജ്യങ്ങൾ വലിയ ഒരു നന്മക്കായി ആവശ്യമായ സാമ്പത്തിക ത്യാഗങ്ങൾക്ക് സന്നദ്ധരുമല്ല. ഈ രണ്ട് ഘടകങ്ങളും ഇപ്പോഴത്തെ സാഹചര്യത്തെ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്.

നന്മ പുലരാനായി ഇസ്‌ലാം ഉപദേശിക്കുന്നതെന്തെന്നാൽ മഹത്തായ നന്മക്കായി ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും സംയോജിതമായ പ്രവർത്തനമുണ്ടാകുമ്പോൾ മാത്രമേ ശാന്തിയും സൗഹൃദവും പുലരുകയുള്ളൂ എന്നാണ്. പാവങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുകയും കഠിന പരിശ്രമത്തിലൂടെ അവരുടെ വിഭവങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും നേട്ടങ്ങളുണ്ടാക്കുകയുംവേണം. മറുവശത്ത് തങ്ങളുടെ സഹോദരീ സഹോദരന്മാരെ സഹായിക്കാൻ സന്തോഷപൂർവം സമ്പന്നന്മാർ ഒരു യഥാർഥ സാമ്പത്തിക ത്യാഗം പ്രകടിപ്പിക്കുകയും വേണം. അവരുടെ വിഭവങ്ങളും സമ്പത്തുമെല്ലാം നൽകിയത് അല്ലാഹുവാണെന്ന് അവർ മനസ്സിലാക്കണം. ആയതിനാൽ അവരുടെ സ്രഷ്ടാവിനോടുള്ള കടമകൾ അവർ പൂർത്തിയാക്കേണ്ടതുണ്ട്. ഏറ്റവും ദുഃഖകരമായ കാര്യം ഇത്തരം ഉദാത്തമായ ആശയങ്ങൾ ആർക്കാണോ നൽകപ്പെട്ടത് ആ മുസ്‌ലിം ലോകത്ത്പോലും ഇതൊന്നും ഇന്ന് പ്രാവർത്തികമാകുന്നില്ല. അമുസ്‌ലിം ലോകത്തും ഇവ നടപ്പാകുന്നില്ല. ഇസ്‌ലാമികേതര രാജ്യങ്ങൾ ജനങ്ങളുടെ അവകാശങ്ങൾ നിറവേറ്റപ്പെടുന്നവരാണ് തങ്ങൾ എന്നാണ് വലിയ വായിൽ പെരുമ്പറയടിക്കുന്നത്.

തീർച്ചയായും വികസിത രാജ്യങ്ങളിൽ പോലും വിശപ്പും ദാരിദ്ര്യവും സഹിക്കുന്ന പതിനായിരങ്ങൾ ജീവിക്കുന്നുണ്ട്. ഞാൻ ഉപസംഹരിക്കട്ടെ. ഇത് വലിയ തോതിൽ വിശാലമായൊരു വിഷയമാണ്. ഈ ബൃഹത്തായ വിഷയത്തിന്റെ ഒരു ഭാഗത്തുള്ള ഒരു ചെറിയ വശം മാത്രമാണ് ഞാൻ ഇവിടെ പ്രതിപാദിച്ചത്. തീർച്ചയായും ലോകത്ത് ഒരാൾക്ക് മറ്റൊരാളിനോടുള്ള കടമകളെപറ്റി ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോകം ഇന്ന് ഒരു ആഗോള ഗ്രാമമാണ്. നാമോരോരുത്തരും തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അവിടെ കുഴപ്പങ്ങളുടെ വേരിറക്കമുണ്ടാകുകയും അത് അവസാനം വമ്പിച്ച വിപത്തിനും സർവനാശത്തിലുമായിരിക്കും കലാശിക്കുക. നാം ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ രണ്ട് ലോകമഹായുദ്ധങ്ങളിലേക്കും നയിച്ച മുഖ്യഘടകം അന്ന് നിലനിന്നിരുന്ന സാമ്പത്തിക സാഹചര്യമായിരുന്നു. നിങ്ങൾ അധിവസിക്കുന്ന ഈ ഭൂമേഖലയും യുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചിട്ടുണ്ട്. അത്തരം സാഹചര്യം ലോകത്ത് വീണ്ടും ആവർത്തിക്കുകയാണെങ്കിൽ ആർക്കായിരിക്കും നാശം വന്നുഭവിക്കുക എന്ന് പ്രവചിക്കാൻ വളരെ പ്രയാസമാണ്. സർവവിധ നാശത്തിൽ നിന്നും അപകടത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ എല്ലാവരുടെയും മുമ്പിൽ വസ്തുതകളും യാഥാർഥ്യങ്ങളും സമർപ്പിച്ച് അഭ്യർഥിക്കാൻ മാത്രമേ നമുക്ക് സാധ്യമാവൂ. ഞങ്ങൾ അതിനായി ശ്രമിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു. ഭാവിതലമുറ നമ്മെ വിദ്വേഷപൂർവം ആജ്ഞാലംഘകരായി നോക്കിക്കാണാതിരിക്കാൻ ഇത്തരം ശ്രമം വളരെ അത്യാവശ്യമാണ്. ഉപസംഹാരത്തിന് മുമ്പായി നിങ്ങളുടെ സമയവും ശ്രമവും ചെലവഴിച്ച്കൊണ്ട് ഇവിടെ എത്തിച്ചേർന്ന നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. വളരെയധികം നന്ദി.

<u>നബി വചനം:</u>

## അനാവശ്യ ചോദ്യങ്ങൾ

ഞാൻ നിങ്ങൾക്ക് വിട്ടുതന്നിട്ടുള്ള കാര്യങ്ങളിൽ എന്നോട് സംസാരിക്കാതിരിക്കുക. അമിതമായ ചോദ്യങ്ങളും തങ്ങളുടെ പ്രവാചകന്മാരെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങളുമായിരുന്നു നിങ്ങൾക്ക് മുമ്പുള്ളവരുടെ നാശഹേതു. ഞാനൊരു കാര്യം നിരോധിച്ചാൽ അതിൽ നിന്ന് വിട്ടുനിൽക്കുക. കൽപ്പിച്ചാൽ കഴിവനുസരിച്ച് അത് ചെയ്യുക. ഞാൻ നിരോധിച്ച കാര്യം ഉപേക്ഷിക്കുക. (ബുഖാരി , മുസ്‌ലിം)

# അന്ത്യവിധിയെ വിസ്മരിക്കുന്ന മനുഷ്യൻ

മരണത്തിനപ്പുറമുള്ള മനുഷ്യ ജീവിതം ഇഹലോക ജീവിതത്തിന്റെ പ്രതിഫലനമാണ്. മനുഷ്യന്റെ കർമ ജീവിതം വിചാരണക്ക് വിധേയമാക്കിയാണ് സർവജ്ഞനും സർവലോക സ്രഷ്ടാവും കരുണാനിധിയുമായ ദൈവം മനുഷ്യന്റെ മരണാനന്തര ജീവിതത്തിന് വിധി കൽപ്പിക്കുക.

**എഫ്.എ. നെല്ലിക്കുന്ന്**

ഇന്ന് ലോകം ദൈവാസ്തിത്വത്തെ നിഷേധിക്കുന്ന അശുഭകരമായ യാഥാർഥ്യത്തിന് നേരെ കണ്ണടക്കാൻ വയ്യ. വർധിച്ചു വരുന്ന കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, കലാപങ്ങൾ ഇതെല്ലാം വിരൽ ചൂണ്ടുന്നത് ദൈവം മനുഷ്യന് താക്കീത് ചെയ്യുന്ന അന്ത്യവിധിയെ പൂർണമായും അവഗണിക്കുന്ന സ്ഥിതിവിശേഷത്തിലേക്കാണ്. ഈ ലോകത്ത് ജനിച്ചു വീഴുന്ന ഓരോ മനുഷ്യനും നാളെ താൻ ഈ ലോകത്ത് നിന്നും വിടപറയേണ്ടവനാണെന്ന വസ്തുതയെ വിസ്മരിച്ചു കളയുന്നു. അപകടകരമായ ഈ പ്രവണതയെ അതി ജീവിക്കാനും മോക്ഷം പ്രാപിക്കാനും മനുഷ്യനിൽ നിന്നും അവന്റെ സ്രഷ്ടാവ് ആവശ്യപ്പെടുന്നത് ഒരു തീവ്രയത്നമാണ്. ഈ തീവ്രയത്നത്തെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ വിളിച്ചിട്ടുള്ള പേരാണ് ജിഹാദ്. മനുഷ്യൻ തന്റെ ശാരീരിക ദുരാവേശങ്ങൾക്കെതിരെ തീവ്ര സമരം നയിക്കുമ്പോൾ അത് ജിഹാദിന്റെ നിർവചനത്തിൽ വരുന്നു. ഈ തീവ്ര സമരത്തിനിടയിലും അവൻ പലപ്പോഴും കാലിടറി വീഴുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ആത്മീയ സമരത്തിലൂടെ നേടിയെടുക്കേണ്ട പരിശുദ്ധി ഒരിക്കലും എളുപ്പത്തിൽ കൈവരുന്നില്ല. ഈ മാർഗത്തിലൂടെയുള്ള തന്റെ പ്രയാണത്തിന് ദൈവികമായ ആശീർവാദം ലഭിക്കുക എന്നതാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമ പ്രധാനം. തന്റെ മാർഗത്തിൽ തീവ്രമായി യത്നിക്കുന്നവന് താൻ മാർഗം തുറന്നു കൊടുക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു തന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ വാഗ്ദാനം നൽകിയിരിക്കുന്നു. ഈ വാഗ്ദാന പൂർത്തീകരണത്തിനായി മനുഷ്യൻ ആദ്യ ചുവട് വെക്കേണ്ടതുണ്ട്.

***ദൈവാശിസ്സുകൊണ്ട് ശാന്തി പ്രാപിച്ച ആത്മാവേ നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായുള്ള നിലയിൽ മടങ്ങിച്ചെല്ലുക. എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക. (വിശുദ്ധ ഖുർആൻ 89: 28-31)***

ഇതാണ് ആത്മീയ തീവ്രസമരത്തിൽ ഏർപ്പെട്ട് എല്ലാ വൈഷമ്യ ഘട്ടത്തിലൂടെയും കടന്ന് ചെല്ലുന്ന ഒരു ഭക്തദാസന് ദൈവത്തിന്റെ പക്കലുള്ള മഹത്തായ സമ്മാനം. അല്ലാഹു ആ ഭക്തദാസനെ സംബോധന ചെയ്തിരിക്കുന്നത് ***'അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ'*** എന്നാണ്. ഹിന്ദുമത മുൾപ്പെടെയുള്ള മതങ്ങൾ മനുഷ്യന്റെ മോക്ഷത്തെ കുറിച്ച് പ്രതിപാദിക്കുന്നതായി കാണാം. യഥാർഥത്തിൽ വിശുദ്ധ ഖുർആൻ വാഗ്ദാനം ചെയ്തിട്ടുള്ള ഈ വശ്യസുന്ദരമായ ആത്മീയ മോക്ഷം എവിടെയും കാണാൻ സാദ്ധ്യമല്ല. തന്മൂലം മനുഷ്യന് ലഭിക്കാവുന്ന ആത്മീയ നിർവൃതിയും സമാധാനവും ഈ വചനങ്ങളിലൂടെ തന്നെ നമുക്ക് സങ്കൽപ്പിച്ചു നോക്കുവാൻ സാധ്യമാവുന്നു. ഈ ഭക്തദാസൻ മരണത്തെ ഭയപ്പെടുന്നില്ല. മറിച്ച് തങ്ങളുടെ പ്രേമഭാജനത്തെ കണ്ടുമുട്ടാനുള്ള തിടുക്കത്തിലാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ഇത് സംബന്ധമായി ഇസ്ലാം മതതത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു.

***പുരോഗമന ഘട്ടത്തിൽ ആത്മാവ് സകല വിധ ചാപല്യങ്ങളിൽ നിന്നും മുക്തമായി ആത്മീയ ശക്തിയാൽ ഭരിതമായിത്തീരുന്നു. അപ്പോൾ അതിന് ദൈവവുമായി അവിഭാജ്യമായ ഒരു ബന്ധം ഉണ്ടായിതീരുകയും അവനെ കൂടാതെ ജീവിക്കാൻ അതിന് സാദ്ധ്യമാവാതെ വരികയും ചെയ്യുന്നു. മലമുകളിൽ നിന്നു കീഴോട്ടു***

*ള്ള ജല പ്രവാഹം അത്യധികം അവിഘ്നമായും കുത്തിയൊലിച്ചു വരുന്നത് പോലെ ആത്മാവ് ഈ ഘട്ടത്തിൽ പ്രതിബന്ധങ്ങളെ അതിജയിച്ച് സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് പ്രവഹിക്കുമാറാകുന്നു. ഇതിനെയാണ് മുകളിൽ പറഞ്ഞ 'ദൈവിക സമാധാനം കൊണ്ട് ശാന്തി പ്രാപിച്ച ആത്മാവേ നിന്റെ രക്ഷിതാവിലേക്ക് മടങ്ങി ചെല്ലുക.' എന്ന ദൈവവാക്യം സൂചിപ്പിക്കുന്നത്. ഇങ്ങനെ മരണാനന്തര ജീവിതത്തിലല്ല ഐഹിക ജീവിതത്തിൽ തന്നെ ആത്മാവിന് മഹത്തായ പരിവർത്തനം ഉണ്ടായി വരികയും ഈ ജീവിതത്തിൽ തന്നെ സ്വർഗാനുഭൂതി സിദ്ധിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ആത്മാവ് സ്വരക്ഷാധിനാഥന്റെ അടുക്കലേക്ക് മടങ്ങിച്ചെല്ലാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതിനാൽ ഇപ്പോൾ ഇതിന്റെ പരിപാലനവും പരിശിക്ഷണവും ദൈവത്തിന്റെ അടുക്കൽ ആയിരിക്കുന്നതാണെന്ന് സൂചിതമാവുന്നുണ്ട്. തന്മൂലം ഈ ഉത്കൃഷ്ട പരിണാമ ഘട്ടത്തിൽ ദൈവ പ്രേമം ആത്മാവിന്റെ ഭക്ഷ്യമായി തീരുകയും അത് ജീവദായീജ്യോതസ്സിൽ നിന്ന് പാനം ചെയ്യുകയും അങ്ങനെ മൃത്യുവിൽ നിന്ന് നിർമുക്തമാവുകയും ചെയ്യുന്നു. ഇതേ വിഷയകമായി മറ്റൊരിടത്ത് വിശുദ്ധ ഖുർആൻ പറയുന്നു. 'ഏതൊരുവൻ തന്റെ ആത്മാവിന്റെ വിഷയേച്ഛകളിൽ നിന്ന് ശുദ്ധീകരിച്ചുവോ അവൻ വിജയിച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനി യന്ത്രിതമായ ഇന്ദ്രിയേച്ഛകളിൽ നിന്ന് മുക്തമാക്കിയോ അവൻ പരാജയപ്പെട്ടു. അവൻ ജീവിതത്തെക്കുറിച്ച് നിരാശനായി' (വിശുദ്ധ ഖുർആൻ 91: 10 11)*

ചുരുക്കത്തിൽ അന്ത്യവിധിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആത്മാവിന്റെ മോക്ഷം കരസ്ഥമാക്കാൻ മനുഷ്യൻ സർവവിധേനയും പരിശ്രമിക്കേണ്ടതുണ്ട്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ഈമാൻ കാര്യങ്ങളിലെ അഞ്ചാമത്തെ വിശ്വാസം അന്ത്യ നാളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു.

*നിങ്ങളുടെ ലൗകികമായ തൃഷ്ണാധിക്യം നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കുവോളം നിങ്ങളെ പരലോക ജീവിതാന്വേഷണത്തിൽ നിന്ന് അശ്രദ്ധരാക്കി നിർത്തുന്നു. നിങ്ങൾ ലൗകിക ശ്രദ്ധകളിൽ ബദ്ധരാകരുത്. എന്തെന്നാൽ പ്രപഞ്ചാനുരാഗം സദ്ഫലമുളവാക്കുന്നതല്ലെന്ന് നിങ്ങൾ അടുത്തു തന്നെ അറിയും. വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു. പ്രപഞ്ചാനുരാഗം സദ്ഫലം ഉളവാക്കുന്നതല്ലെന്ന് നിങ്ങൾ താമസിയാതെ അറിയുന്നതാണ്. നിങ്ങൾക്ക് നിശ്ചയാത്മക ജ്ഞാനം സിദ്ധിച്ചുവെങ്കിൽ ഈ ലോകത്ത് വെച്ച് തന്നെ നിങ്ങൾ നരകം കാണുമാറാകും. പിന്നെ മരണത്തിന് ശേഷം പുനരുത്ഥാനം വരെയുള്ള അന്തരാള ഘട്ടമായ ബർസഖിൽ വെച്ച് നിങ്ങൾ അതിനെ നിശ്ചയാത്മക ദൃഷ്ട്യാ കാണുന്നതാണ്. അവസാനം പുനരുത്ഥാന ഘട്ടത്തിൽ നിങ്ങൾ ന്യായ വിസ്താരത്തിന് പാത്രമായി ശിക്ഷക്ക് വിധേയരാവുമ്പോൾ അനുഭവം മുഖേന നിങ്ങൾക്ക് നരകത്തിന്റെ പരമാർഥബോധം ഉണ്ടായിരിക്കുന്നതാണ്. (വിശുദ്ധ ഖുർആൻ അധ്യായം 102)*

വിശുദ്ധ ഖുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നു. ***'ഏതൊരുവൻ തന്റെ ദൈവത്തിന്റെ അടുക്കൽ പാപിയായി വരുന്നുവോ അവന്റെ സങ്കേതം നരകമാകുന്നു. അവൻ അതിൽ മരിക്കുകയില്ല. ജീവിക്കുകുയുമില്ല.'(20:75)***

മേൽ വിവരിച്ചിട്ടുള്ള 'ബർസഖ്' മനുഷ്യൻ പുനരുത്ഥാനം ചെയ്യപ്പെടുന്നതിന് മുമ്പുള്ള മദ്ധ്യഘട്ടമാണ്. ഈ ഘട്ടത്തിൽ നന്മതിന്മകൾക്കനുസരിച്ചുള്ള പ്രതിഫലം ആത്മാവ് അനുഭവിച്ചു തുടങ്ങുന്നു. അതായത് നന്മതിന്മകളിൽ മുൻ കടന്ന ആത്മാവ് സ്വർഗീയ സുഖവും തിന്മകളിൽ മുൻ കടന്ന ആത്മാവ് നാരകീയ ശിക്ഷകളും അനുഭവിച്ചു തുടങ്ങുന്ന പുനരുത്ഥാനനാളിൽ വിധിക്കപ്പെടുന്ന അന്ത്യവിധിക്ക് മുന്നോടിയായിട്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥം നമ്മെ ഉദ്ബോദിപ്പിച്ചിട്ടുള്ളത് പോലെ പരലോകത്ത് വിളവ് കൊയ്യണമെങ്കിൽ ഇഹലോകത്ത് നന്നായി വിതക്കേണ്ടതുണ്ട്. കാരണം വീണ്ടും ഒരവസരം മനുഷ്യന് നൽകപ്പെടുന്നില്ല മറിച്ച് ആവർത്തിച്ചുള്ള കൽപ്പനകളിലൂടെയും ഉപദേശങ്ങളിലൂടെയും പരലോകത്തിന്റെ ഒരു രൂപം അല്ലാഹു നമുക്ക് നൽകുകയും അതിന് വേണ്ട മുൻകരുതലുകൾ എടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഭയഭക്തിയിലധിഷ്ഠിതമായ വിധി വിലക്കുകളെ മാനിച്ച് കൊണ്ടുള്ള പരിശുദ്ധി സ്വായത്തമാക്കിക്കൊണ്ടുള്ള ഒരു ജീവിതമാണ് അല്ലാഹു മനുഷ്യരിൽ നിന്ന് ആഗ്രഹിക്കുന്നത്. മലക്കുകളുടെ പ്രവർത്തികളെ ക്കുറിച്ചും സാത്താനിക പ്രവർത്തികളെ കുറിച്ചും അവൻ തന്റെ ദൂതന്മാരിലൂടെ മനുഷ്യന് വ്യക്തത നൽകിയിരിക്കുന്നു

മനുഷ്യന്റെ കർമങ്ങളെ കുറിച്ച് നാം ഒരു വിലയിരുത്തലിന് മുതിരുമ്പോൾ ലഭ്യമാകുന്ന ചിത്രം ദൃഢവിശ്വാസത്തിന്റെ അഭാവം അവനെ പാപപങ്കിലമായ ജീവിതത്തിലേക്ക് തള്ളിവിടുന്നു. ഇഹലോകത്തിന് ശേഷമുള്ള പരലോക വിചാരം ഒരു പക്ഷേ അവൻ കെട്ടുകഥയായി കണക്കാക്കുന്നു. കേൾക്കാൻ രസമുള്ള ഉദ്വേഗം നിറഞ്ഞ ഒരു കഥ മറുവശത്ത്. ഒരു ദൃഢ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന് അത് കൈയിൽ കിട്ടിയ വസ്തുവിനെപ്പോലെയാണ്. അവന് പരലോകത്ത് വെച്ച് ലഭ്യമാകുന്ന സ്വർഗീയാനു

ഭൂതികളെക്കുറിച്ച് ദൃഢബോദ്ധ്യമുണ്ട്. ഈ ദൃഢബോദ്ധ്യം അവൻ കൈവരിച്ചിരിക്കുന്നത് തുടക്കത്തിൽ പരാമർശിച്ചത് പോലെ ജിഹാദ് എന്ന് പേരുള്ള അത്മീയ സമരത്തിലൂടെയും ദൈവിക കരസ്പർശത്താലുമാണ്. ദൈവത്തിന്റെ ഭക്ത ദാസനായി മാറുമ്പോഴുള്ള അനുപമമായ നേട്ടം ഇവിടെ നാം സൂക്ഷ്മത പാലിക്കേണ്ടതായ വിഷയം ആര് സ്വർഗത്തിൽ പ്രവേശിക്കും ആര് നരകത്തിൽ പ്രവേശിക്കും എന്നതാണ്. ഇത് തീർച്ചയായും അല്ലാഹുവാണ് നന്നായറിയുന്നവൻ. എങ്കിലും ഈ വിഷയവുമായി ബന്ധപ്പെട്ട് ചില വ്യക്തമായ സൂചനകൾ അല്ലാഹു നൽകിയിട്ടുള്ളതും വിസ്മരിക്കാൻ സാദ്ധ്യമല്ല. അല്ലാഹു നിയോഗിച്ച അവന്റെ ദൂതന്മാരെ വിശ്വസിക്കുക, അവൻ നൽകിയിട്ടുള്ള കൽപ്പനകൾ പാലിക്കുക, തിന്മകളിൽ നിന്ന് വിട്ട് നിൽക്കുക തുടങ്ങിയവയൊക്കെ അന്ത്യ വിധിയെ നന്നാക്കിത്തീർക്കുന്ന പൊതു തത്ത്വങ്ങളാണ്. എങ്കിലും അല്ലാഹു തന്റെ ഭക്ത ദാസന്റെ രഹസ്യ കർമങ്ങളെ വളരെയധികം ഇഷ്ടപ്പെടുന്നവനാണ്. ആത്മീയതയുടെ ഉന്നതങ്ങളിൽ വിരാജിച്ചിരുന്ന മഹാത്മാക്കളെല്ലാം തന്നെ തങ്ങളുടെ സ്രഷ്ടാവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി സത്കർമങ്ങൾക്ക് രഹസ്യ സ്വഭാവം നൽകിയവരായിരുന്നു. കാരണം പരസ്യമായ സത്കർമങ്ങൾ എപ്പോഴും പ്രകടനാത്മകതയുടെ കെണിയുള്ളതായി അവർ ഭയപ്പെടുന്നു. ഈ കെണിയിൽ നിന്ന് രക്ഷപ്പെടുക പ്രയാസമേറിയ കാര്യമാണ്. പ്രവാചകന്മാരെ പ്പോലെയുള്ളവരാണ് ഇതിൽ നിന്ന് മുക്തി നേടിയവർ. അവർ തങ്ങളുടേ ദൗത്യനിർവഹണത്തിന്റെ ഭാഗമായി സത്കർമങ്ങളുടെ രഹസ്യവും പരസ്യവും നിറം സ്വായത്തമാക്കിയവരായിരുന്നു. ഒരു പക്ഷേ മുൻ കഴിഞ്ഞ പല മഹാത്മാക്കളും തങ്ങളുടെ കാലഘട്ടത്തിൽ ഭരണ കൂടങ്ങളാലും സമൂഹത്തിൽ മേലാളന്മാരാലും പീഡിപ്പിക്കപ്പെടുന്നതിനും ബഹിഷ്ക്കരിക്കപ്പെടുന്നതിനുമുള്ള കാരണങ്ങളിൽ ഈ രഹസ്യ സ്വഭാവം ഉൾപ്പെട്ടേക്കാം. അവർക്ക് സ്രഷ്ടാവുമായുള്ള ബന്ധത്തിന്റെ യഥാർഥ കിരണങ്ങൾ ഈ ഭരണ കൂടങ്ങളിലും മേലാളന്മാരിലും പതിച്ചില്ല. കാരണം ആ കിരണങ്ങളെ കടത്തി വിടാനുള്ള ശേഷി പലപ്പോഴും ഈ ഭരണ കർത്താക്കളും മേലാളന്മാരും കൈവരിച്ചിരുന്നില്ല എന്നതാണ്. ഹദ്റത്ത് ഇബ്രാഹിമിനെ (അ) തീയിലേക്കെറിയാൻ ശ്രമിച്ചതും സോക്രട്ടീസിനെ വിഷം കൊടുത്ത് കൊന്നതും മഹാനായ യേശു മിശിഹായെ (അ) കുരിശിൽ തറച്ചതുമെല്ലാം ഈ ഉദാഹരണ പട്ടികയിലുൾപ്പെടുത്താം.

കുറ്റവാളികളെ കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. ഇത് വിരൽ ചൂണ്ടുന്നത് സാത്താനിക ആക്രമണം മനുഷ്യന് മേൽ പതിക്കാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നതിലേക്കാണ്. മനുഷ്യൻ സ്വതവേ ബലഹീനനായിട്ടാണ് കാണാൻ സാധിക്കുന്നത്. വികാര വിക്ഷോഭങ്ങൾക്ക് അവൻ പെട്ടെന്ന് കീഴ്പ്പെടുന്നതായി കാണാൻ സാധിക്കുന്നു. ഈ പ്രകൃതത്തെ നന്നായി ചൂഷണം ചെയ്യുന്നവനാണ് സാത്താൻ. അന്ത്യനാൾവരെക്കും താൻ മനുഷ്യനിലെ നല്ലൊരു വിഭാഗത്തെ വഴികേടിലാക്കുമെന്ന് സാത്താൻ അല്ലാഹുവിനോട് ഉറക്കെ പ്രഖ്യാപിച്ചിരിക്കുന്നു. എങ്കിലും തന്റെ ഭക്ത ദാസന്മാർ അതിൽ നിന്നും ഒഴിവായിരിക്കുമെന്ന് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. ഇത് നാം നന്നായി മനസ്സിലാക്കുകയാണെങ്കിൽ സാത്താന്റെ ആക്രമണത്തെ ശക്തമായി പ്രതിരോധിക്കാനുള്ള ശക്തി പരമ ശക്തനായ അല്ലാഹു വിനോട് തേടേണ്ടിയിരിക്കുന്നു. കാരണം ദൈവേച്ഛയും ദൈവ സഹായവുമില്ലാതെ സത്താനെ പ്രതിരോധിക്കാൻ സാധ്യമല്ല തന്നെ. എല്ലാ രംഗത്തും സാത്താൻ പിടിമുറുക്കിയിരിക്കുന്ന കാഴ്ച്ചയാണ് ലോകത്ത് ദൃശ്യമാകുന്നത്. മാധ്യമങ്ങളിലൂടെ ലൈംഗിക അതിപ്രസരം അവസാനകാലത്ത് വ്യഭിചാരം പരസ്യമായി നടക്കുമെന്ന് നബി വചനം ഇതിനോട് ചേർത്ത് വായിക്കേണ്ടിയിരിക്കുന്നു. കുടുംബസദസ്സുകൾ നിർലജ്ജം അവിഹിത സ്ത്രീപുരുഷ കൂടിചേരലുകൾ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കപ്പെടുമ്പോൾ സുബോധം നശിച്ച നിലയിൽ അത് വീക്ഷിച്ചു കൊണ്ടിരിക്കുന്നു. ആദ്യമായി മോഷണം നടത്തുന്ന മോഷ്ടാവിന് ശക്തമായ മനസ്സാക്ഷിക്കുത്ത് പിന്നീട് നടത്തുന്ന മോഷണങ്ങളിൽ ഉണ്ടാകാത്തത് പോലെ ഇത്തരം കാഴ്ചകൾ പിന്നീട് ഒരുവന് നിത്യശീലമെന്നപോലെ ആയിത്തീരുന്നു. വ്യാജത്തിന്റെയും കളവിന്റേയും ആധിക്യം സർവരംഗങ്ങളിലും ചെറുതോ വലുതോ ആയ കളവുകളിൽ നിർലോഭം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൊടും കുറ്റവാളികൾക്കും പണമുണ്ടെങ്കിൽ ഉന്നതനായ അഭിഭാഷകനെ വെച്ച് നിരപരാധിയായി പുറത്തു വരാവുന്നതാണ്. ലോകം മുഴുവനും അഴിമതി കൊടികുത്തി വാഴുന്നു. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ജനകീയ പദ്ധതികളിൽ അധികാരികൾ കയ്യിട്ട് വാരുന്നു. സ്വജനപക്ഷപാതം, അഹങ്കാരം, പൊങ്ങച്ചം, താൻപോരിമ, പ്രദർശനം എന്നുവേണ്ട എല്ലാ ധാർമിക ജീർണതക്കും മനുഷ്യൻ വിധേയനായിരിക്കുന്നു. **' നടത്തിൽ നീ ഭൂമിയെ പിളർത്തുകയില്ല ഉയരത്തിൽ നീ പർവതത്തോളം എത്തുകയുമില്ല'** എന്ന് സൂചിപ്പിക്കുന്ന ഖുർആനിക വചനം ഇവിടെ സ്മരണീയയമാണ്. അധികാര സ്ഥാനങ്ങളിരുന്ന് തന്റെ കീഴിലുള്ളവരെ ചവിട്ടിമെതിക്കാൻ നോക്കുന്നവരും അഗതികളെയും യാചകരെയും വിരട്ടുന്നവരും ബലഹീനരുടെ സ്വത്തുവകകൾ അന്യായമായി

ശേഷം പേജ് 34ൽ

# സ്പന്ദനങ്ങൾ

എം. എ. സമദ്

പ്രാണനിൽ നിന്നും തുളുമ്പിയുതിരും
പ്രാർഥനാ വചനങ്ങളിൽ
പ്രപഞ്ചമാകെ ജഗദീശ്വരാ നിൻ
പ്രഭാവം വാഴ്ത്തും സ്തുതിഗീതങ്ങൾ

അനന്തകോടി ചരാചരങ്ങൾ
അതിലെഴും സ്പന്ദന-ചിന്തനകൾ
അഗാധജ്ഞാനിയാം നീയറിയുന്നു
അതിനുള്ളിലടങ്ങിയ പ്രാർഥനകൾ

പ്രഭാതസൂര്യന്റെ കിരണാവലിയിൽ
പ്രഹ്ളാദമാകുമീ ധരണീവദനം
ധ്യാനമുണർന്നീ പ്രകൃതി പടർത്തും
ധന്യതയാർന്നെഴും മന്ദസ്മേരം

അഗാധമാം നിൻ ജലനിധി തന്നിൽ
അമൂല്യശേഖരം ജീവസഹസ്രം
നിലയില്ലാക്കടൽ തിരയുയരുമ്പോൾ
നിൻ ചേവടികളെ പുൽകുകയല്ലോ!

മഴയുടെ മാസ്മര രാഗസ്വരത്തിൽ
മുഖരിതമാകും താളലയത്തിൽ
പ്രഫുല്ലമാമൊരു പ്രാർഥനയായി
പ്രഹർഷമാകുന്നു ശീതസമീരൻ.

നിയത നിശീഥ നിതാന്ത തമസ്സിൽ
നിബിഡവനാന്തര നിഷ്പന്ദത്തിൽ
നിൻ നാമങ്ങളെ ഹൃദന്തമാക്കിയ
നിറവുകളല്ലോ വനഗീതികളിൽ

ഗഗനചരാചര പ്രപഞ്ചമോഹന
ഗതിചലനാത്മക ഗോളങ്ങളിൽ
നിർഝരമാകും പ്രകാശധോരണി
നിന്മുന്നിലർപ്പിത പ്രാർഥനകൾ

നിന്നെ നമിക്കാനല്ലെങ്കിലുണ്ടോ
മാനവജന്മത്തിൻ സായൂജ്യം?
നീയൊരനന്തമാം സാഗരമല്ലേ
നീയെന്നും കാരുണ്യനിധിയല്ലേ!

മനനം സ്നേഹത്തിലല്ലെങ്കിലെവിടേ
മർത്ത്യന് ജീവിതസാഫല്യം?
നീയൊരഗാധമാം നീർത്തടമല്ലേ
നീ നിറകനിവിന്റെ മഴയല്ലേ!

നീയറിയാത്തൊരു ജനനവുമില്ല;
നീയറിയാതൊരു സ്ഫുരണവുമില്ല
നിന്നെ മറക്കും മനുഷ്യന്റെ വിധിയിൽ
നീയറിയാത്തൊരു ചലനവുമില്ല.

നിൻ മഹിതങ്ങളെ എഴുതാനും
നിൻ സ്തുതിഗീതം പാടാനും
എൻ നിനവുകളിൽ നീയറിയാതെ
എങ്ങിനെയുണരും ഭാവനപോലും.

ഭാഗം – 12

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### ഒട്ടകപ്പുറത്തേറിയ മരണങ്ങൾ

ഞങ്ങൾ മുസ്ലിം സൈന്യത്തെ അല്ലാഹുവിന്റെ റസൂൽ അണിനിരത്തിയിരിക്കുന്ന രീതി കൊണ്ട്, ഞങ്ങൾ എണ്ണത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ ഉള്ളതായി ശത്രുക്കൾക്ക് തോന്നുന്നുണ്ടായിരുന്നു. അതവരെ ഭയപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരുന്നു. അതേപോലെതന്നെ ഞങ്ങൾക്ക് ശത്രുപക്ഷത്തുള്ളവർ, ഉള്ളതിനേക്കാൾ കുറവായിട്ടാണ് തോന്നിയിരുന്നത്. ഞങ്ങളുടെ മന:ശ്ശക്തിയും വീര്യവും വർധിപ്പിക്കുവാനും, ശത്രുക്കളുടെ ഹൃദയങ്ങളിൽ ഉൾക്കിടിലമുണ്ടാക്കുവാനുമുള്ള അല്ലാഹുവിന്റെ പ്രത്യേകമായ ഒരു സ്വാധീന ശക്തിയായിരിക്കാം ഇത്. ആ കാരണത്താൽ ഖുറൈശികൾ ഞങ്ങളുടെ യഥാർഥ ശക്തി മനസ്സിലാക്കുവാനായി അവരിൽ പെട്ട ഉമൈർ ബിൻ വ ഹബിനെ ഞങ്ങളുടെ ഭാഗത്തേക്കയച്ചു. അയാൾ കുതിരപ്പുറത്ത് വന്ന് ഞങ്ങൾ തമ്പടിച്ചിരിക്കുന്ന ഭാഗം ഒന്നു രണ്ടു തവണ വലംവെച്ചു. എന്നിട്ട് മുസ്ലിമീങ്ങളെ സൂക്ഷിച്ചൊന്നു നോക്കി. മുസ്ലിമീങ്ങളുടെ മുഖഭാവവും ചുറുചുറുക്കും ഉത്സാഹവും അയാളിൽ വലിയ സ്വാധീനം ഉണ്ടാക്കി. അയാൾ തിരിച്ചു ചെന്ന് നേതാക്കളോട് പറഞ്ഞു, “മുസ്ലിമീങ്ങൾ എണ്ണത്തിലും വണ്ണത്തിലും വളരെ ചെറുതാണ്. ആയുധബലത്തിലും അവർ നമ്മോടൊപ്പമെത്തുകയില്ല. അവരുടെ പുറകിൽ മറ്റൊരു സംഘമോ സഹായികളോ ഉള്ളതായും ഞാൻ കണ്ടില്ല. പക്ഷേ അവരുടെ മനോബലവും മനോദാർഢ്യവും വളരെ ഉന്നതമാണ്. അവർ എന്തിനും ഒരുങ്ങി ഇരുപ്പാണ്. മരണം പോലും അവരെ ഭയപ്പെടുന്നതായി എനിക്ക് തോന്നി. അല്ലയോ ഖുറൈശ് സംഘമേ, നിങ്ങൾ അവരോട് യുദ്ധം ചെയ്യാതിരിക്കുന്നതായിരിക്കും നല്ലത്. കാരണം ഒട്ടകപ്പുറത്ത് ഞാൻ ആളുകളെയല്ല കണ്ടത്. മറിച്ച് ഒട്ടകപ്പുറത്തേറിയ മരണങ്ങളേയും സംഹാരതാണ്ഡവമാടി നിൽക്കുന്ന അന്തകരേയുമാണ് ഞാൻ കണ്ടത്.”

### ഖുറൈശികളിൽ അങ്കലാപ്പും ആശയക്കുഴപ്പവും

ഇത് കേട്ടപ്പോൾ ഖുറൈശികളിലും പൊതുവിൽ സൈന്യത്തിലും ആകെ അങ്കലാപ്പും പരിഭ്രമവുമുണ്ടായി. മജ്ലദ് ഗോത്ര തലവനായ സുറാഖാ ബിൻ മാലിക്ക് ഇത് കേൾക്കേണ്ട താമസം തിരിഞ്ഞോടി. ഇയാളെ മറ്റുള്ളവർ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും “ഇന്നീ അറാ മാലാ തറൗൻ” നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ടെന്ന് പറഞ്ഞ് അയാൾ മക്കയിലേക്ക് പുറപ്പെട്ടു. ചുരുക്കത്തിൽ ഉമൈർ ബിൻ വഹബിന്റെ കണ്ടെത്തൽ സൈന്യത്തിൽ വലിയ ആശയക്കുഴപ്പം സൃഷ്ടിച്ചു. അവരിലൊരാളായ ഹഖീം ബിൻ ഹിസാം, വളരെ പരിഭ്രമത്തോടെ നേതാക്കളിലൊരാളായ ഉത്ബാ ബിൻ റബീഅയുടെ അടുക്കലേക്കോടി. എന്നിട്ട് പറഞ്ഞു, ഓ ഉത്ബാ, മുസ്ലിമീങ്ങളാൽ നഖൽ പ്രദേശത്ത് വധിക്കപ്പെട്ട ഉമർ ഹസർമിയുടെ മരണത്തിന് പകരം ചോദിക്കാനല്ലേ ഈ സന്നാഹവും കോലാഹലവും. നീ നിന്റെ അടുത്ത സുഹൃത്തായ ഉമർ ഹസർമിയുടെ രക്തത്തിന് പകരമായി അയാളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകിക്കൊണ്ട് ഖുറൈശികളുടെ ഈ സൈന്യത്തേയും കൊണ്ട് മക്കയിലേക്ക് തിരിച്ചു പോവുകയാണെങ്കിൽ നീ ചെയ്യുന്നത് ഒരു മഹൽ കൃത്യമായിരിക്കും, മാത്രവുമല്ല ഈ നന്മഎന്നും സ്മരിക്കപ്പെടുകയും ചെയ്യും. നേരത്തെ തന്നെ പേടിച്ചരണ്ട, ഉത്ബ ഇത് കേൾക്കേണ്ട താമസം, പറഞ്ഞു, എനിക്ക് സമ്മതമാണ്. എന്നിട്ട് പറഞ്ഞു, ഈ മുസ്ലിമീങ്ങൾ എന്തായാലും നമ്മുടെ സഹോദരങ്ങളും നാട്ടുകാരും തന്നെ അല്ലേ. സഹോദരൻ സഹോദരനോടും പിതാവ് മകനോടും യുദ്ധം ചെയ്യുന്നത് ന്യായീകരിക്കാൻ ആവുമോ? അതുകൊണ്ട് നമുക്ക് എല്ലാവരേയും കൂട്ടി തിരിച്ച് പോകാം. നിങ്ങൾ എന്നെ ഭീരുവാണെന്നും, മന:ക്കരുത്തില്ലാത്തവനാണെന്നും വിളിച്ചാലും ശരി, ഞാനൊരു കാര്യം പറയാം. ഈ മുസ്ലിമീങ്ങൾ ഉണ്ടല്ലോ “ഇന്നീ അറാ ഖൗമൻ മുസ്തമീതീൻ'' ഇവർ മരണത്തിന്റെ സ്വന്തം കച്ചവടക്കാരാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് നമുക്ക് ഈ യുദ്ധം വേണ്ട. അതിന് ശേഷം ഉത്ബാ ഒട്ടകപ്പുറത്തേറി ജനങ്ങൾക്കിടയിൽ യുദ്ധത്തിനെതിരിൽ ബോധവൽക്കരണം ചെയ്യാൻ തുടങ്ങി. അതോ

ടൊപ്പം ഉത്ബയുടെ ഈ അഭിപ്രായം, യുദ്ധത്തിനായി പുറപ്പെടാൻ ഒരുങ്ങി ഇരിക്കുന്ന അബുൽ ഹികമി (അബൂജഹൽ) നെ ഹകീം ബിൻ ഹിസാം ചെന്ന് അറിയിക്കുകയും ചെയ്തു. അൽപം അകലെ നിന്ന് ഇതെല്ലാം കേൾക്കുകയും കാണുകയും ചെയ്യുകയായിരുന്ന അല്ലാഹുവിന്റെ റസൂൽ, ഉത്ബാ ബിൻ റബീഅയെ ചൂണ്ടിക്കൊണ്ട് പറഞ്ഞു,"ഈ അവിശ്വാസികളിൽ വല്ലവർക്കും അൽപം മര്യാദയും കുലീനതയും ഉണ്ടെങ്കിൽ അതാ ആ ചുവന്ന ഒട്ടക പ്പുറത്തിരിക്കുന്ന ആൾക്ക് മാത്രമേ ഉള്ളൂ. അയാളുടെ വാക്ക് ഇന്നിവർ സ്വീകരിക്കുകയാണെങ്കിൽ എത്ര നന്നായേനെ." അല്ലാഹുവിന്റെ റസൂൽ പ്രത്യേകിച്ചും, പൊതുവിൽ മുസ്ലിമീങ്ങളും അവസാന നിമിഷം വരെ യുദ്ധം ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവരായിരുന്നു. പക്ഷേ, അവിശ്വാസികൾക്ക് മുസ്ലിമീങ്ങളെ യുദ്ധത്തിലൂടെ ഒരു പാഠം പഠിപ്പിച്ചേ മതിയാകൂ.

മൂസാ നബിക്കെതിരിൽ വന്ന ഫിർഔന്റെ മറ്റൊരു ജന്മമായ അബൂജഹൽ, ഹകീം ബിൻ ഹിസാമിന്റെ വാക്കുകൾ കേട്ട മാത്രയിൽ വളരെ നീരസവും പുച്ഛവും പ്രകടിപ്പിച്ചുകൊണ്ട്, ഓഹോ! മുന്നിൽ ഈ അണി നിരന്നിട്ടുള്ള ഇവർ, ഉത്ബക്ക് ഇപ്പോൾ ബന്ധുക്കളും സഹോദരങ്ങളുമായി മാറി അല്ലേ എന്ന് ചോദിച്ച് കൊണ്ട്, മുസ്ലിമീങ്ങളുടെ കയ്യാൽ നേരത്തെ കൊല്ലപ്പെട്ട ഉമർ ഹസർമിയുടെ സഹോദരനായ ആമിർഹസർമിയെ വിളിച്ച്, എടാ നിന്റെ സഹോദരന്റെ രക്തത്തിന് പകരം ചോദിക്കാൻ നല്ലൊരവസരം കൈ വന്നപ്പോൾ നിന്റെ സംബന്ധിയും സുഹൃത്തുമായ ഉത്ബ എന്താണ് പറയുന്നതെന്ന് നീ കേട്ടോ? എന്നിട്ട് വളരെ പുച്ഛത്തോടെ പറഞ്ഞു, "ഈ മുസ്ലിമീങ്ങൾ നമ്മുടെ ബന്ധുക്കളും സഹോദരങ്ങളുമാണ് പോലും, അവർ നാട്ടുകാരും കൂടപ്പിറപ്പുകളുമാണ് പോലും, അവരോട് പകരം ചോദിക്കുന്നത് അന്യായമാണത്രെ!

## പഴയകാല അറബികളുടെ വീറും വാശിയും

അറബ് ജനത നിസ്സാര കാര്യങ്ങൾക്ക് വാശിയും വൈരാഗ്യവും വെച്ച് പുലർത്തുന്നവരും വർഷങ്ങളോളം യുദ്ധം ചെയ്യാൻ മടികാണിക്കാത്തവരുമായിരുന്നു. അവർ മൃഗതുല്യരോ അവയേക്കാൾ അധമ സ്വഭാവികളോ ആയിരുന്നു. ഇവരെ ഉദ്ധരിക്കുവാനായി മുഹമ്മദ് മുസ്തഫാ (സ) നെ പോലുള്ള ഒരു സിറാജും മുനീർ തേജസുറ്റ ഒരു സൂര്യനെ നിയോഗിച്ചയച്ചത് സർവശക്തനും സർവലോക പരിപാലകനുമായ അല്ലാഹുവിന്റെ കാരുണ്യകടാക്ഷമാണ്. അല്ലാഹുവിന്റെ റസൂൽ ആദ്യം ഈ കാട്ടാളന്മാരെ മനുഷ്യരൂപവും ഭാവവുമുള്ളവരാക്കി. പിന്നീട് അവരെ ഉന്നത ധാർമിക ഗുണങ്ങളും ദൈവഭയമുള്ളവരുമാക്കി തീർത്തു. അവിടെ നിന്നവർ ആത്മീയ വിഹായസ്സിലെ നക്ഷത്രങ്ങളായി മാറി. എന്നാൽ അറബികളുടെ പഴയകാല കഥകൾ കേട്ടാൽ, മനുഷ്യർക്ക് ഇത്രയും അവിവേകികളും ദുർബുദ്ധികളുമാകാൻ സാധിക്കുമോ എന്ന് ആരും ചിന്തിച്ച് അത്ഭുതപരതന്ത്രരായി പോകും. ഒരുപക്ഷേ നിങ്ങളും അത്തരം ധാരാളം കഥകൾ കേട്ടിരിക്കാം. വീറും വാശിയും നിറഞ്ഞ അവരുടെ പഴയകാല കഥകളിൽ ചിലത് ഞാനും ഇന്നു നിങ്ങൾക്ക് പറഞ്ഞ് തരാം.

ഒരിക്കൽ ഒരാളുടെ ഒട്ടകം മേഞ്ഞ് മേഞ്ഞ് മറ്റൊരാളുടെ കൃഷിയിടത്തിൽ കയറി. ആ കൃഷി നോക്കി നടത്തിയിരുന്നത് ഒരു സ്ത്രീയായിരുന്നു. ആ സ്ത്രീ ഒട്ടകത്തെ അടിച്ചോടിച്ചു. വിവരമറിഞ്ഞ ഒട്ടകത്തിന്റെ ഉടമസ്ഥൻ ഓടി വന്ന് "ഒട്ടകത്തെ തല്ലാൻ നീ ആരെടി" എന്ന് ചോദിച്ചു കൊണ്ട് അവളെ തെറിവിളിക്കുകയും പൊതിരെ തല്ലി ചതക്കുകയും ചെയ്തു. സ്ത്രീ വാവിട്ട് നിലവിളിച്ച് കൊണ്ട് സഹായത്തിനായി തന്റെ ബന്ധുക്കളെ വിളിച്ചു. അവളുടെ ബന്ധുക്കളും കുടുംബാംഗങ്ങളും വാളും കുന്തവുമായി ഓടി എത്തി. അതു കണ്ട ഒട്ടകത്തിന്റെ ഉടമസ്ഥനെ സഹായിക്കുവാനായി അയാളുടെ ആളുകളും ആയുധവുമായെത്തി. പിന്നെ എന്ത് പറയാനാണ്! രണ്ട് പേർ തമ്മിലുള്ള വഴക്ക് രണ്ട് കുടുംബങ്ങൾ തമ്മിലുള്ള വഴക്കായി മാറി. പിന്നീട് ഗോത്രങ്ങൾ ഇവരുമായുള്ള ബന്ധമനുസരിച്ച് ഓരോ ഭാഗം കക്ഷി ചേർന്നു. പിന്നീടത് ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധമായി മാറി. ഈ യുദ്ധം എഴുപത് വർഷം നീണ്ടു നിന്നു. അതിൽ നാൽപതിനായിരം പേർ ഹോമിക്കപ്പെട്ടു. അതിനു ശേഷമാണ് വീറിന്റേയും വാശിയുടേയും തീ അണഞ്ഞത്. ഇതായിരുന്നു പഴയ കാല അറബികൾ. കുറേ വർഷം യുദ്ധം തുടർന്നാൽ നാം എന്തിനായിരുന്നു യുദ്ധം തുടങ്ങിയത് എന്നു പോലും അവർ മറന്നു പോകും.

വികൃതിയും കുസൃതിയും ഇവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന സ്വഭാവമാണ്. ഏത് വേണ്ടാതനത്തിലും തോന്ന്യവാസത്തിലും അവർ തലയിടും. ഏത് വഷളത്തരവും ഇവർ കാണിക്കും. പിന്നീട് വർഷങ്ങളോളം രക്തച്ചൊരിച്ചിലായിരിക്കും ഫലം. ഒരിക്കൽ ഹാതിബ് ബിൻ ഖൈസിന്റെ വീട്ടിൽ ബനീ സഅ്ലബ ഗോത്രത്തിലെ ഒരുപഴയ സ്നേഹിതൻ അതിഥിയായി വന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അതിഥിയെ അവിടുത്തെ അങ്ങാടി കാണിക്കുവാനായി കൂടെ കൊണ്ടുപോയിട്ട്, നീ അങ്ങാടി ചുറ്റിക്കറങ്ങ്, ഞാനുടനെ വരാമെന്ന് പറഞ്ഞ് ഹാതിബ് എങ്ങോട്ടോ പോയി. ആ സമയം അവിടുത്തെ അറിയപ്പെടുന്ന തെമ്മാടിയും ഗുണ്ടയുമായ ഹാരിസ് ബിൻ യസീദ് ഈ അതിഥിയെ കാണുവാനിടയായി. യസീദിന് നാട്ടുകാരനല്ലാത്ത ഈ

അപരിചിതനെ കണ്ടപ്പോൾ മനസ്സിൽ ഒരു കുസൃതി തോന്നി. അയാൾ തന്റെ പരിചയക്കാരനായ ഒരു യഹൂദിയുടെ അടുക്കൽചെന്ന്, ഈ അതിഥിയെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, നീ ആ കാണുന്നവന്റെ നടുപ്പുറത്ത് നല്ലൊരു ചവിട്ട് കൊടുക്കുമെങ്കിൽ ഞാൻ എന്റെ ഈപുതിയ പുതപ്പ് നിനക്ക് തരും. യഹൂദി എപ്പോഴെ തയ്യാർ! പക്ഷേ യഹൂദിക്ക് പ്രതിഫലം ആദ്യം കിട്ടണം. യസീദ് ഉടൻ തന്നെ താൻ ചുറ്റിയിരിക്കുന്ന പുതപ്പ് അഴിച്ച് യഹൂദിക്ക് കൊടുത്തു. യഹൂദിക്ക് പിന്നെന്തുവേണം. അവൻ പുതപ്പും വാങ്ങി ആ പാവം അന്യനാട്ടുകാരനായ അതിഥിയുടെ പുറകെ പതുങ്ങി പതുങ്ങി ചെന്ന് കൊടുത്തൊരു ചവിട്ട്. ആ സാധു കമിഴ്ന്നടിച്ച് വീണു വീണില്ല എന്നനിലയിൽ രക്ഷപ്പെട്ടു. പക്ഷേ അയാൾക്ക് നന്നായി വേദനിച്ചു. ആ പാവത്തിന് ചവിട്ട് കൊള്ളുന്നതും വീഴാൻ പോകുന്നതും കണ്ട് അങ്ങാടിയിലുള്ളവർ പൊട്ടിച്ചിരിച്ചു. അവർക്ക് ആസ്വദിക്കുവാനുള്ള നല്ല വക കിട്ടി. ഇയാൾ ഉടൻ തന്നെ തന്റെ ആതിഥേയനായ ഹാതിബിനെ വിവരമറിയിച്ചു. ഹാതിബ് ഓടി വന്നു. തന്റെ അതിഥിയെ അപമാനിച്ച യഹൂദിയെ ആ നിമിഷം വാളെടുത്ത് വെട്ടി അവന്റെ കഥ കഴിച്ചു.

വിവരമറിഞ്ഞ് തെമ്മാടിയും ക്രൂരനുമായ യസീദ്, ഹാതിബിനെ കൊല്ലാനായി ഓടി കിതച്ച് വന്നു. അപ്പോഴേക്കും ഹാതിബ് സ്ഥലം വിട്ടിരുന്നു. യസീദ് ഹാതിബിനെ പല സ്ഥലത്തും തിരഞ്ഞു. കണ്ടില്ല. ഹാതിബിന് അങ്ങാടിയിൽ ഒരു കൂടാരമുണ്ടായിരുന്നു. അവിടെ ചെന്ന് നോക്കിയപ്പോൾ ഹാതിബ് അവിടേയും ഇല്ല. എന്നാൽ വേറൊരാൾ അവിടെ, കൂടാരത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. ആ പാവത്തെ കണ്ടപ്പോൾ യസീദ് പറഞ്ഞു, ഹാതിബിനെ കിട്ടിയില്ലെങ്കിലെന്താ? ഇവൻ മതി, ഇവൻ അവന് പകരമാണ്, എന്ന് പറഞ്ഞുകൊണ്ട് ആ സാധുവിന്റെ തല കൊയ്തു. ആ സാധുവിനാണെങ്കിൽ എന്താണു കാര്യം എന്നുപോലും അറിയില്ലായിരുന്നു. കൊല്ലപ്പെട്ടവൻ ഔസ് ഗോത്രത്തിലെ അംഗം, കൊലയാളി ഖസ്റജ് ഗോത്രക്കാരനും. പിന്നീടെന്താ? ഔസ് ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ വർഷങ്ങൾ നീണ്ടു നിന്ന യുദ്ധമുണ്ടായി. പതിനായിരങ്ങൾ കൊല്ലപ്പെടുകയും എണ്ണമറ്റ സ്ത്രീകൾ വിധവകളും, കുട്ടികൾ അനാഥരുമായിത്തീർന്നു. ഒരു പുതപ്പ് കൊണ്ടുള്ള പ്രലോഭനം വരുത്തി വെച്ച വിന. **(1) കുറിപ്പ്

## പൂർവികരുടെ യുദ്ധക്കൊതിയരായ പിൻതലമുറ

പൂർവ പിതാക്കളായ ഹാരിസ് ബിൻ യസീദിന്റേയും ഹാതിബ് ബിൻ കൈസറിന്റേയും പിൻതലമുറയിൽപെട്ടവർ തന്നേയാണ് ഇപ്പോൾ ഇവിടെ ബദർ താഴ്വരയിൽ മുസ്ലിമീങ്ങളെ പാഠം പഠിപ്പിക്കാനായി വന്നിട്ടുള്ളത്. അതേ സ്വഭാവ വിശേഷമുള്ളവർ തന്നേയാണ് ആമിർ ബിൻ ഹസർമിയും, എരിതീയിൽ എണ്ണഒഴിച്ച് കൊണ്ടിരിക്കുന്ന അബൂജഹലും. സ്വഭാവത്തിലോ ചിന്താഗതിയിലോ യാതൊരു വ്യത്യാസവുമില്ല. വീറിന്റേയും വാശിയുടേയും പര്യായങ്ങൾ. വിവരകേടിന്റേയും അജ്ഞതയുടേയും മൂർത്തീഭാവങ്ങൾ. അവർക്ക് മരണപ്പെട്ട സഹോദരന്റെ രക്തത്തിന് പകരം ചോദിച്ചേ മതിയാകൂ.

അബൂജഹലിന്റെ വാക്കുകൾ കേട്ട് ആമിർ ഹസർമി ദേഷ്യവും സങ്കടവും കൊണ്ട് നിന്ന് വിറക്കാൻ തുടങ്ങി. ഇത്തരം അവസരങ്ങളിൽ മറ്റുള്ളവരുടെ ശ്രദ്ധയും അനുകമ്പയും പിടിച്ചുപറ്റാനായി അറബികൾ സാധാരണ ചെയ്യാറുള്ളതു പോലെ ആമിർ തന്റെ വസ്ത്രങ്ങൾ വലിച്ചു കീറി നഗ്നനാവുകയും, അഹോ കഷ്ടം, എന്റെ സഹോദരന്റെ രക്തത്തിന് പകരം ചോദിക്കാൻ എനിക്ക് കഴിവില്ലാതായിപോയല്ലോ, എന്നെ സഹായിക്കാനും ആരും ഇല്ലാതായിപോയല്ലോ എന്ന് പറഞ്ഞ് അലമുറയിട്ട് കരയുവാൻ തുടങ്ങി. ആമിറിന്റെ ഈനിലവിളി മരുഭൂമിയിൽ മാറ്റൊലി കൊണ്ടു. ഖുറൈശികളുടെ ഹൃദയങ്ങളിൽ ശത്രുതയുടെ അഗ്നി ആളിപ്പടരാൻ ആമിറിന്റെ ഈ വിലാപം കാരണമായി. യുദ്ധം ഒഴിവാക്കി മക്കയിലേക്ക് തിരിച്ചു പോകാൻ ഉറച്ച തീരുമാനമെടുക്കുകയും മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്ത ഉത്ബയുടെ മനസ്സിലും ശരീരത്തിലും, അബൂജഹലിന്റെ ഈ കുത്തുവാക്കുകളും പരിഹാസങ്ങളും കോപത്തിന്റെ തീനാളങ്ങളുണർത്തി. ആ കോപത്തിൽ ഉത്ബ തന്റെ സഹോദരൻ ശേബാ ബിൻ റബീഅയേ യും മകൻ വലീദ് ബിൻ ഉത്ബയേയും വിളിച്ചു കൊണ്ട് അറബികളുടെ പൗരാണിക സമ്പ്രദായമനുസരിച്ച് ആരംഭ വ്യക്തിഗത പോരാട്ടത്തിനായി മുന്നോട്ടു വന്ന് ഞങ്ങളെ വെല്ലുവിളിച്ചു. യഥാർഥ യുദ്ധം തുടങ്ങുന്നതിനു മുമ്പ് ഞങ്ങൾ ആരാണ്, ഞങ്ങൾ എത്ര ധീരരും ശൂരരുമാണെന്നതിന്റെ ഒരു മാതൃക തങ്ങളുടെ എതിരാളിക്ക് കാണിച്ചു കൊടുക്കാനാണ് ഈ ആരംഭ പോരാട്ടം അറബികൾ നടത്തുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ പോരിലൂടെയുള്ള പരിചയപ്പെടുത്തൽ. ലക്ഷ്യം അതിലൂടെ ശത്രുവിന്റെ ഹൃദയത്തിൽ ആദ്യം തന്നെ ഭയം ജനിപ്പിക്കുക എന്നതാണ്. അങ്ങനെ ഏറ്റുമുട്ടാനായി മുന്നോട്ടു പോകുന്ന മൂന്നോ നാലോ പേർ മാത്രമായിരിക്കും ശത്രുവുമായി ഏറ്റുമുട്ടുന്നത്. അവർ മരിച്ചു വീണാലും മുറിവേറ്റാലും പുറത്തുള്ളവർ സാധാരണ ഇടപ്പെടുകയില്ല.

## ആരംഭത്തിൽ തന്നെ നേതാക്കൾക്ക് അടി പതറുന്നു

അങ്ങനെ അവർ വന്ന് വെല്ലുവിളിച്ചപ്പോൾ ഞങ്ങളുടെ ഭാഗത്തു നിന്നു ഉടൻ തന്നെ ഏതാനും അൻസ്വാർ സഹോദരങ്ങൾ വാളും പരിചയുമായി അവരുടെ അടുക്ക

ലേക്കോടി. അല്ലാഹുവിന്റെ റസൂൽ അവരെ എല്ലാവരേയും തിരികെ വിളിച്ചു. എന്നിട്ട് അലി, ഹംസ, ഉബൈദ ബിൻ മത്‌ലബ് എന്നീ മൂന്നു പേരെ അവരെ നേരിടുന്നതിനായി മുന്നോട്ടയച്ചു. ഈ മൂന്നു പേരും അല്ലാഹുവിന്റെ റസൂലിന്റെ വളരെ അടുത്ത ബന്ധുക്കളാണല്ലോ. അപകട മേഖലയിൽ ആദ്യം തന്റെ അടുത്ത ബന്ധുക്കളെ അയക്കുന്നത് മറ്റുള്ളവർക്ക് പ്രചോദനവും മാതൃകയുമാവും എന്ന് അല്ലാഹുവിന്റെ റസൂൽ കരുതിയിരുന്നു. അങ്ങിനെ ഹംസ, ഉത്ബയേയും അലി, ശേബയേയും ഉബൈദ, ഉത്ബയുടെ മകൻ വലീദിനേയും നേരിട്ടു. വ്യക്തിഗത യുദ്ധം മുറുകി. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ട് മൂന്നുപേരും മുന്നേറി. ധീരരും സമർത്ഥരുമായ ഹംസയോടും അലിയോടും അധിക നേരം ഇസ്ലാമിന്റെ ആബദ്ധ വൈരികൾക്ക് ചെറുത്ത് നിൽക്കാനായില്ല. സഹോദരങ്ങളായ ഉത്ബയും ശേബയും, ഹംസയുടേയും അലിയുടേയും വാളുകൾക്കിരയായി. അവർ രണ്ട് പേരും പിടഞ്ഞ് വീണു. മാരകമായ മുറിവേറ്റ് വീണ ആ രണ്ട് പേരും ഏതാനും നിമിഷങ്ങൾക്കകംതന്നെ ഈ ലോകത്ത് നിന്ന് എന്നന്നേക്കുമായി യാത്രയായി. ഉബൈദ പ്രായത്തിൽ മുതിർന്ന ആളായിരുന്നു. അദ്ദേഹം നേരിട്ടത് ചെറുപ്പക്കാരനായ വലീദിനെയായിരുന്നു. രണ്ട് പേരും നന്നായി പൊരുതി. രണ്ട് പേരും പരസ്പരമുള്ള വെട്ട്കൊണ്ട് മാരകമായ മുറിവേറ്റു വീണു. ഹംസയും അലിയും ഇതുകണ്ടപ്പോൾ ഓടിച്ചെന്ന് വലീദിന്റെ കഥ കഴിച്ച് കൊണ്ട് മുറിവേറ്റ് പിടയുന്ന ഉബൈദയെ താങ്ങിയെടുത്ത് ഞങ്ങളുടെ താവളത്തിൽ കൊണ്ട് വന്നു. ശത്രുപക്ഷം ആകെ അങ്കലാപ്പിലും ആശങ്കയിലുമായി. യുദ്ധം ആരംഭിച്ചതേയുള്ളൂ, അവരുടെ മൂന്ന് പ്രധാനികളാണ് മരിച്ച് മണ്ണിൽ വീണത്. ഉബൈദയുടെ മുറിവുകൾ കെട്ടി, വേണ്ട ശുശ്രൂഷകൾ ചെയ്യാൻ തുടങ്ങി. പക്ഷേ അല്ലാഹുവിന്റെ വിധി മറ്റൊന്നായിരുന്നു. അദ്ദേഹത്തിനേറ്റ മാരകമായ മുറിവുകൾ താങ്ങാനാവാതെ ഈ യുദ്ധത്തിനു ശേഷം മദീനയിലേക്കുള്ള മടക്ക യാത്രയിൽ വഴിയിൽ വെച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞ് ശുഹദാക്കളോടൊപ്പം ചേർന്നു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

## മുസ്ലിമീങ്ങളുടെ ഉറ്റവരിൽ ചിലർ ശത്രുപക്ഷത്ത്

ഈ പ്രാരംഭ പോരാട്ടത്തിനു ശേഷം അല്ലാഹുവിന്റെ റസൂൽ താൽക്കാലിക വിശ്രമ കേന്ദ്രത്തിലേക്ക് മടങ്ങി. പോകുന്നതിനു മുമ്പ്, ഇനി ഞാൻ പറയാതെ പൊതുവായ വലിയ യുദ്ധത്തിന് പോകരുതെന്നും, ആദ്യം പോരാട്ടം അമ്പുകൊണ്ട് തുടങ്ങിയാൽ മതിയെന്നും എന്നാൽ അമ്പെയ്ത്തും സൂക്ഷിച്ചും ശ്രദ്ധിച്ചും ചെയ്യണമെന്നും അമ്പ് നഷ്ടപ്പെടുത്തരുതെന്നും ഞങ്ങളെ ഓർമപ്പെടുത്തുകയുണ്ടായി. അൽപസമയത്തെ ഇടവേളക്ക് ശേഷം അല്ലാഹുവിന്റെ റസൂൽ വീണ്ടും തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു, നമ്മെ വെറുക്കാത്തവരും നമ്മോട് യുദ്ധം ചെയ്യാൻ ആഗ്രഹിക്കാത്തവരുമായ ചിലർ ശത്രുക്കളോടൊപ്പം ഇവിടെ വന്നിട്ടുണ്ട്. അവർ ഖുറൈശി തലവന്മാരുടെ സമ്മർദവും നിർബന്ധവും കാരണം വന്നവരാണ്. അതുപോലെ നമ്മൾ മക്കയിലായിരുന്നപ്പോൾ നമ്മെ വളരെയധികം സഹായിച്ച ചിലരും ശത്രുസൈന്യത്തോടൊപ്പം ഇവിടെ എത്തിയിട്ടുണ്ട്. അവർ നമ്മോട് ചെയ്ത ഔദാര്യത്തിന് നന്ദി പ്രകടിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. അങ്ങനെയുള്ള വല്ലവരും നിങ്ങളുടെ മുന്നിൽവന്നുപെടുകയോ നിങ്ങൾക്കധീനരാവുകയോ ചെയ്താൽ അവരെ നിങ്ങൾ ദ്രോഹിക്കരുത്, അപായപ്പെടുത്തരുത്. ഇത്തരത്തിൽ പ്രധാനമായും അല്ലാഹുവിന്റെ റസൂൽ രണ്ട് പേരുകളാണ് പറഞ്ഞത്. ഒന്ന് അബ്ബാസ് ബിൻ അബ്ദുൽ മുത്തലിബും, മറ്റൊന്ന് അബുൽ ബഖ്തരിയുമായിരുന്നു ആ രണ്ട് പേരുകൾ.

അപ്പോഴേക്കും പൊതുവായുള്ള യുദ്ധത്തിനായി ശത്രുക്കൾ ഞങ്ങളുടെ നേരെ പാഞ്ഞടുക്കാൻ തുടങ്ങി. ഞങ്ങളും റസൂലിന്റെ നിർദേശവും പദ്ധതിയുമനുസരിച്ച് മുന്നേറി. അല്ലാഹുവിന്റെ റസൂൽ വളരെയധികം മനോവിഷമത്തോടും പരിഭ്രമത്തോടും കൂടി ദുആ ചെയ്യാൻ തുടങ്ങി. ''അല്ലാഹുവേ, നീ ഞങ്ങളോട് ചെയ്ത വാഗ്ദാനമനുസരിച്ച് നീ ഞങ്ങൾക്ക് വിജയം നൽകേണമേ, എന്റെ നാഥാ, ഇന്ന് മുസ്ലിമീങ്ങളുടെ ഈചെറിയ സംഘത്തെ അവിശ്വാസികളുടെ കൈകളാൽ നീ നശിപ്പിക്കുകയാണെങ്കിൽ ''ഫലൻ തുഗ്ബദ് ഫിൽ അർളി അബദാ'' പിന്നീട് നിന്നെ ആരാധിക്കുന്നവരായി ഈ ഭൂമുഖത്ത് ആരും തന്നെ ഉണ്ടാവുകയില്ല.''റസൂൽ തന്റെ മനോവേദന താങ്ങാനാവാതെ ഇരുന്നു കൊണ്ടും നിന്നു കൊണ്ടും ചിലപ്പോൾ സുജൂദിൽ കിടന്നു കൊണ്ടും അങ്ങേയറ്റം ആശങ്കകളോടെ വിലപിച്ച് അല്ലാഹുവിനെ വിളിച്ച് പ്രാർഥിച്ചു കൊണ്ടിരുന്നു.

യുദ്ധം മുറുകി. ബാഹ്യമായി ഞങ്ങൾ എല്ലാതരത്തിലും ബലഹീനരും അശക്തരുമായിരുന്നുവെങ്കിലും റസൂൽ (സ) ന്റെ പ്രാർഥനയുടെ ഫലമായി അല്ലാഹു ഞങ്ങൾക്ക് പ്രത്യേകമായ മനോബലവും ശക്തിയും നൽകിയിട്ടുണ്ടായിരുന്നു. അതിന്റെ ഫലമായി എല്ലാവരും തന്നെ ആശ്ചര്യാവഹമായ ധീരതയും അർപ്പണ മന:സ്ഥിതിയും പ്രകടിപ്പിച്ചുകൊണ്ട് മുന്നേറി കൊണ്ടിരുന്നു. സഅദ് ബിൻ മുആദ്, ഹംസ ബിൻ അബ്ദുൽ മുത്തലിബ്, അലി ബിൻ അബീ ത്വാലിബ്, സുബൈർ ബിൻ അവാം, സഅദ് ബിൻ വക്കാസ് തടങ്ങിയവർ ശത്രുക്കളുടെ നീണ്ട നീണ്ട

നിരകൾ തന്നെ അരിഞ്ഞു വീഴ്ത്തി കൊണ്ട് മുന്നേറിക്കൊണ്ടിരുന്നു.

## ധീരതയുടെ പിതാവും സ്മാരകവും

യുദ്ധത്തിനിടയിൽ ജുയ്യിദ എന്ന് പേരുള്ള ധീരനായ ഒരവിശ്വാസി നേതാവ് ഞങ്ങളെ വെല്ലുവിളിച്ച് കൊണ്ട്, "അന അബൂ സാത്തിൽ ഖർശാ" ഞാൻ ധീരതയുടെ പിതാവാണ്, ധൈര്യമുണ്ടെങ്കിൽ വാ, എന്നോട് ഏറ്റുമുട്ടാൻ എന്ന് വിളിച്ച് പറയുന്നുണ്ടായിരുന്നു. ഇയാൾ തല മുതൽ പാദംവരെ ലോഹപോർചട്ട ധരിച്ചിട്ടാണുള്ളത്. വാള് കൊണ്ട് എങ്ങനെ വെട്ടിയാലും അയാൾക്ക് വെട്ട് ഏൽക്കുകയില്ല. ആ ധൈര്യത്തിലാണ് അയാൾ വെല്ലുവിളിക്കുന്നത്. മുഖവും പോർചട്ട കൊണ്ട് മറച്ചിട്ടുണ്ട്. കണ്ണിന് നേരെ ചെറിയരണ്ട് ദ്വാരമുണ്ട്. സുബൈർ ബിൻ അവാം പിന്നെ ഒന്നും നോക്കിയില്ല. തന്റെകുന്തം കയ്യിലേന്തി വളരെ സൂക്ഷ്മവും കൃത്യവുമായി അയാളുടെ കണ്ണിൽ തന്നെ കുന്തം കുത്തിയിറക്കി. കുന്തം അയാളുടെ കണ്ണുംതലയോട്ടിയും തുളച്ച് പുറത്തേക്ക് വന്നു. ഏതാനും നിമിഷം കൊണ്ട് അവന്റെ കഥ കഴിഞ്ഞു. പക്ഷേ കുന്തത്തിന്റെ രണ്ടറ്റവും വളഞ്ഞ് പോയി, എന്ന് മാത്രമല്ല, അത് ഉരിയെടുക്കാൻ കഴിയാത്ത വിധം തലയോട്ടിയിൽ കുടുങ്ങിപ്പോയി. പിന്നീട് സുബൈർ, ജുയ്യിദയുടെ മൃതദേഹത്തിൽ കയറി ഇരുന്ന് കുറച്ച് സമയമെടുത്ത് ആട്ടി ആട്ടി ഇളക്കി വലിച്ചെടുക്കുകയാണ് ചെയ്തത്. അല്ലാഹുവിന്റെ റസൂൽ, ധീരതയുടെ സ്മാരകമെന്ന നിലയിൽ ആ കുന്തം സുബൈറിൽ നിന്ന് വാങ്ങുകയും തന്റെ പക്കൽ സൂക്ഷിക്കുകയും ചെയ്തിരുന്നു.**(2) കുറിപ്പ്

## അബൂജഹലിന്റെ ദാരുണമായ അന്ത്യം

ഇഫ്റായുടെ പത്ത് പതിനേഴ് പതിനെട്ട് വയസ്സ് മാത്രം പ്രായമുള്ള രണ്ട് ചുണക്കുട്ടികൾ മആസും, മഊസും മുസ്ലിമീങ്ങളോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കാനായി ആവേശപൂർവം വന്നിട്ടുണ്ടായിരുന്നു. യുദ്ധം ആരംഭിച്ചപ്പോൾ തന്നെ അവരിലൊരാളായ മആസ് ബിൻ ഇഫ്റാ തന്റെ സഹോദരൻ മഊസിന്റെ കണ്ണു വെട്ടി ച്ച് കൊണ്ട് നമ്മുടെ സേനാനായകരിൽ ഒരാളായ അബ്ദുറഹ്മാൻ ബിൻ ഔഫിന്റെ അടുക്കൽ ചെന്ന് ചോദിച്ചു, അമ്മാവാ, അബൂജഹൽ എന്ന് വിളിക്കപ്പെടുന്ന ആളെ നിങ്ങൾക്കറിയാമെങ്കിൽ ഒന്ന് കാണിച്ചു തരുമോ? അല്ലാഹുവിന്റെ റസൂലിനെ ചീത്ത വിളിക്കുകയും ജീവിതം ദുസ്സഹമാക്കുകയും ചെയ്ത ആ വിവരദോഷിയെ ഇന്നിവിടെ വെച്ച് ഞാൻ ഇല്ലാതാക്കും. അല്ലെങ്കിൽ ഞാൻ ഇല്ലാതാകും, ഞാൻ ഇവിടെ രക്തസാക്ഷി ആയി വീഴും. ആ ശപഥം ചെയ്തു കൊണ്ടാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. അബൂജഹലിനെ കൊല്ലുക എന്ന മഹത്തായ കൃത്യം തനിക്ക് തന്നെ നിർവഹിക്കണം എന്ന നിലക്കാണ് തന്റെ സഹോദരൻ അറിയാതെ അബൂജഹലിനെ കുറിച്ച് മആസ് ചോദിച്ചത്. എ ന്നാൽ മഊസ് ബിൻ ഇഫ്റായുടെ ലക്ഷ്യവും അത് തന്നേയായിരുന്നു. മഊസും വന്ന് രഹസ്യമായി അബ്ദുറഹ്മാൻ ബിൻ ഔഫിനോട് അതേ ചോദ്യം തന്നെ ചോദിച്ചു.

ഊരിപ്പിടിച്ച വാളുമായി അംഗരക്ഷകരാൽ അകമ്പടി സേവിക്കപ്പെട്ട് സർവായുധവൽകൃതനായി എതിരണിയിൽ നിന്ന് കൊണ്ട് തങ്ങളുടെ സേനാനികൾക്ക് നിർദേശം നൽകിക്കൊണ്ടിരിക്കുന്ന അബൂജഹലിനെ ചൂണ്ടി അതാ, അതാണ് അബൂജഹൽ എന്ന് പറഞ്ഞതേയുള്ളൂ. കേട്ടത് പാതി, കേൾക്കാത്തത് പാതി എന്ന രീതിയിൽ അവർ രണ്ടുപേരും വേട്ട പക്ഷികളെ പോലെ യുദ്ധമുന്നണിയിൽ ഊഴ്ന്നിറങ്ങി. വഴിയിൽ കണ്ടവരെ എല്ലാം തകർത്തു കൊണ്ട് അബൂജഹലിന് നേരെ അവർ രണ്ട് പേരും പാഞ്ഞടുത്തു. ശത്രുഭടന്മാരും അംഗരക്ഷകരും അമ്പരന്നിരിക്കെ അവർ രണ്ടു പേരും തങ്ങളുടെ ഊരിപ്പിടിച്ച വാൾ കൊണ്ട് അതിഭയങ്കരമായ ആക്രമണം അഴിച്ച്വിട്ടു. എന്ത് ചെയ്യണമെന്ന് ആലോചിക്കാനുള്ള ഒരു നിമിഷം പോലും ആ അംഗരക്ഷകർക്ക് നൽകാതെ, ഓർക്കാപ്പുറത്ത് അബൂജഹലിനെ അവർ തലങ്ങും വിലങ്ങും വെട്ടി. ഇനി ഇയാൾ രക്ഷപ്പെടരുത് എന്ന നിലക്ക് അയാളുടെ കഴുത്തിലും നെഞ്ചിലും രണ്ട് പേരും ആഞ്ഞ് ആഞ്ഞ് വാൾ പ്രയോഗിച്ചു. അതിമാരകമായ പരിക്കുകളോടെ അബൂജഹൽ നിലംപതിച്ചു. മരിച്ചു എന്ന് തന്നെയാണ് കരുതപ്പെട്ടത്.

ഇതികർത്തവ്യതാ മൂഢനായി നിന്ന അബൂജഹലിന്റെ അംഗരക്ഷകരിൽ ഒരാളായ മകൻ ഇക്രിമ ബിൻ അബീജഹലിന് അൽപം പരിസരബോധമുണ്ടായപ്പോൾ ഈ കുട്ടികളെ വകവരുത്താനായി ഓടി വന്ന് മആസിനെ വാൾ കൊണ്ട് വെട്ടി. വെട്ട് കൊണ്ടത് അവന്റെ ഇടത് കയ്യിലായിരുന്നു. കൈ ഛേദിക്കപ്പെട്ട് മാംസത്തിൽ തൂങ്ങിപ്പോയി. എന്നിരുന്നാലും അവരുടെ ശൗര്യത്തിനോ വീര്യത്തിനോ ഒരു കുറവും ഉണ്ടായില്ല. കാരണം അവർ മരിക്കാനായി വന്നവരായിരുന്നു. മാംസത്തിൽ തൂങ്ങിനിൽക്കുന്ന ഇടത്കൈ മുന്നോട്ടുള്ളയുദ്ധത്തിന് വിഘാതമായിരിക്കുമെന്ന് തിരിച്ചറിഞ്ഞപ്പോൾ സ്വയം തന്നെ തന്റെ വലതു കൈകൊണ്ട്, മുറിഞ്ഞു തൂങ്ങി നിൽക്കുന്ന ഇടതുകൈ വലിച്ചു മുറിച്ച് വേർപ്പെടുത്തി. വീണ്ടും ധീരമായി കുറെനേരം പൊരുതിയ ശേഷം അവർ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ വന്ന് പറഞ്ഞു, യാ റസൂലുല്ലാഹ്, ഞങ്ങൾ അബൂജഹലിനെ വധിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ ചോദിച്ചു, നിങ്ങളിൽ ആരാണ് അയാളെ കൊന്നത്? രണ്ട് പേരും പറഞ്ഞു, യാ റസൂലുല്ലാഹ്,

ഞാനാണ്. അപ്പോൾ അല്ലാഹു വിന്റെ റസൂൽ ചോദിച്ചു, നിങ്ങൾ ഉപയോഗിച്ച വാളിൽ പുറണ്ട രക്തക്കറ നിങ്ങൾ തുടച്ചു വൃത്തി യാക്കിയോ? അവർ പറഞ്ഞു, ഇല്ല. രക്തം പുരണ്ട ആ വാൾ അതുപോലെ കിടക്കുകയാണ്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, എങ്കിൽ വാൾ കൊണ്ടുവരൂ ഞാനൊന്ന് പരിശോധിക്കട്ടെ. അവർ വാൾ കൊണ്ടുവന്ന് റസൂലുല്ലാഹ്‌യെ കാണിച്ചു. അല്ലാഹുവിന്റെ റസൂൽ രക്തം പുരണ്ട ആ വാൾ പരിശോധിച്ച് കൊണ്ട് വിധി എഴുതി. ശരിയാണ്. നിങ്ങൾ രണ്ട് പേരും ചേർന്ന് തന്നെയാണ് അബൂജഹലിനെ കൊന്നത്.

## അവർ പിൻപുറം കാണിക്കും,പിന്തിരിഞ്ഞോടും

മുഹാജിരീങ്ങളാകട്ടെ അൻസാറുകളാകട്ടെ എല്ലാവരും അങ്ങേയറ്റം ആത്മാർഥയോടും സ്ഥിരോത്സാഹത്തോടും കൂടി യുദ്ധത്തിൽ ശത്രുക്കളെ നേരിട്ടുകൊണ്ടിരുന്നു. അല്ലാഹുവിന്റെ റസൂലാണെങ്കിൽ തന്റെ താൽക്കാലിക കുടിലിൽ വളരെ ദീർഘനേരമായി സുജൂദിൽ വിലപിച്ചു കൊണ്ട് പ്രാർഥനാ നിരതനാണ്. അസഹനീയ വേവലാതി മൂലം റസൂൽ എരിപൊരി കൊള്ളുകയാണ്. അവസാനം ദീർഘമായ സുജൂദിന് ശേഷം അല്ലാഹുവിന്റെ റസൂൽ തന്റെ കുടിലിൽ നിന്നും "സയുഹ്സമുൽ ജംഉ വ യുവല്ലൗന ദ്ദുബുർ" എന്ന ദൈവീക സുവിശേഷം ചൊല്ലി കൊണ്ട് പുറത്തേക്ക് വന്ന് **(3) കുറിപ്പ് ചുറ്റുപാടുകൾ നിരീക്ഷിച്ചു. യുദ്ധം മൂർധന്യാവസ്ഥയിൽ എത്തീയിട്ടാണുള്ളത് എന്ന് മനസ്സിലായി. അല്ലാഹുവിന്റെ റസൂൽ ഒരുപിടി മണ്ണ്‌വാരി "ശാഹത്തിൽ വുജൂഹ്" നിങ്ങളു ടെ മുഖം അലങ്കോലപ്പെട്ട് പോകട്ടെ, എന്ന് ശപിച്ചുകൊണ്ട് ശത്രുക്കളുടെ നേരെ എറിഞ്ഞു. അതോടൊപ്പം യുദ്ധത്തിൽ മുന്നേറി കൊണ്ടിരിക്കുന്ന ഞങ്ങളോട് ഒന്നുകൂടി സംഘടിതരായി ശക്തിയുക്തം പോരാടാൻ അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ വിളിച്ച് പറഞ്ഞു കൊണ്ടിരുന്നു. യജമാനന്റെ വാക്കുകൾ ഞങ്ങളുടെ ചെവിയിൽ എത്തേണ്ട താമസം, ഞങ്ങൾ തക്ബീർ ധ്വനികൾ മുഴക്കി കൊണ്ട്, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലികൊണ്ട് മുന്നേറി. അല്ലാഹുവിന്റെ റസൂൽ മണ്ണുവാരി എറിഞ്ഞതോടു കൂടി ഞങ്ങളുടെ ഭാഗത്ത് നിന്ന് അവിശ്വാസികളുടെ ഭാഗത്തേക്ക് ശക്തിയായ കൊടുങ്കാറ്റുണ്ടായി. തൽഫലമായി അവരുടെ കണ്ണിലും വായിലും മൂക്കിലും മണ്ണ് വന്ന് പതിച്ചുകൊണ്ടിരുന്നു. ഇത് മലക്കുകളുടെ സഹായമായിരുന്നു. ഞങ്ങളിൽ ചിലർ അവിശ്വാസികളോട് ഏറ്റുമുട്ടുന്ന മലക്കുകളെ ബാഹ്യമായും കാണുകയുണ്ടായി. റസൂൽ തിരുമേനി(സ) മണ്ണുവാരി എറിഞ്ഞതിനെ കുറിച്ച് "നീ എറിഞ്ഞപ്പോൾ നീ അല്ല എറിഞ്ഞത് പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത് അതിന്റെ ഫലമായി അവൻ ശത്രുക്കളെ പരാജയപ്പെടുത്തുന്നതിനും സത്യവിശ്വാസികൾക്ക് തന്റെ പക്കൽ നിന്ന് ഒരു ഔദാര്യപൂർവമായ പരീക്ഷണം നൽകുന്നതിനും വേണ്ടിയാണത്." (ഖുർആൻ 8:18) എന്ന് പറയുകയുണ്ടായി.

## ഹുബലും ലാത്തയും മനാത്തും കൈവിട്ടു

ഞങ്ങൾ എല്ലാവരുടേയും ഒന്നിച്ചുള്ള മുന്നേറ്റവും, മണ്ണ് പറത്തുന്ന കൊടുങ്കാറ്റും കാരണം ശത്രുക്കൾക്ക് ഒന്നും കാണാനാകാതായി. അതുകൊണ്ട് ശത്രുക്കൾ തങ്ങളുടെ ചുവടുകളുറപ്പിക്കാനാകാതെ മെല്ലെ മെല്ലെ യുദ്ധക്കളം വിട്ട് ഓടാൻ തുടങ്ങി. അംഗബലത്തിൽ അവരേക്കാൾ മൂന്നിലൊന്നിൽ കുറവുള്ള, സവാരിക്ക് ഒട്ടകമോ, കഴിക്കാൻ ഭക്ഷണമോ ഇല്ലാത്ത, തുരുമ്പെടുത്ത ആയുധങ്ങളുമായി വന്നിരിക്കുന്ന ഞങ്ങളെ ചെറുത്ത് തോൽപിക്കാനാകാതെ, "യുവല്ലൗന ദ്ദുബുർ" അവർ പിൻപുറം കാണിക്കും, പിന്തിരിഞ്ഞോടും എന്ന അല്ലാഹുവിന്റെ വചനത്തെ അന്വർഥമാക്കികൊണ്ട് അവർ ചിന്നിച്ചിതറി ഓടി. ഇയ്യാം പാറ്റകളെ പോലെ. ഞങ്ങൾ അതിശക്തരാണെന്ന അഹങ്കാരത്തിൽ എട്ട് പത്ത് ദിവസം മരുഭൂമി താണ്ടി മുസ്ലിമീങ്ങളെ ഉന്മൂലനം ചെയ്യുവാനായി മക്കയിൽനിന്ന് ഇവിടെ ബദർ വരെ വന്നവരാണിവർ. ഇവർക്ക് പക്ഷേ അല്ലാഹുവിന്റെ സഹായമോ റസൂലിന്റെ നേതൃത്വമോ ഇല്ലായിരുന്നു. ഞങ്ങളുടെ ശക്തി അത് മാത്രമാണെന്ന സത്യം അവർ മനസ്സിലാക്കിയില്ല. അവർ ബാഹ്യമായ എണ്ണത്തിലും ആയുധശക്തിയിലും അഹങ്കരിച്ചു. അവരെ ഹുബലും ലാത്തയും മനാത്തും ഉസ്സയും (മക്കാ ദേവീ ദേവന്മാർ) ആരും പിന്തുണച്ചില്ല. അവർ ആരും ഇവരുടെ സഹായത്തിനായി വന്നില്ല. അവരെല്ലാവരും കൈവിട്ടു. അൽപം മുമ്പ് വരെ ജനനിബിഡമായിരുന്ന ബദർമൈതാനം ഇപ്പോൾ ഏറെക്കുറെ ശൂന്യമാണ്. യുദ്ധം അവസാനിച്ചിരിക്കുന്നു. ഇപ്പോൾ യുദ്ധഭൂമിയിൽ ശവശരീരങ്ങൾ നാലുഭാഗവും ചിതറിക്കിടക്കുകയാണ്. ആകെ പേടിച്ചരണ്ട ഖുറൈശി സമൂഹം തങ്ങളുടെ ഉറ്റവരുടേയും ഉടയവരുടേയും മൃതദേഹങ്ങൾ പോലും ഉപേക്ഷിച്ചുകൊണ്ടാണ് ഓടുന്നത്. മരിച്ച് കിടക്കുന്നവരും മുറിവേറ്റ് പിടയുന്നവരുമായ തങ്ങളുടെ പ്രിയപ്പെട്ടവരെ അവസാനമായി ഒന്നു നോക്കാനോ ശ്രദ്ധിക്കാനോ ഉള്ള മനോബലം പോലും അവർക്കില്ലാതായി. എല്ലാവർക്കും ഇപ്പോൾ തങ്ങളുടെ ജീവൻ മാത്രമാണ് വലുത്. മുൻനിരനേതാക്കളും ഗോത്രനായകരിൽ മിക്കവരും അതിദാരുണമാം വിധം മരിച്ച് മരുഭൂമിയിൽ കിടക്കുകയാണ്. കൈയറ്റവരും കാലറ്റവരും തലയറ്റവരും എല്ലാം അതിലുണ്ട്. രക്ഷപ്പെട്ട നേതാക്കളിൽ ചിലർ മുസ്ലിം സൈന്യത്തിന്റെ പിടിയിലുമായി.

## ഉമയ്യയുടെ അന്ത്യവും മഹത്തായ പ്രവചനവും

പെട്ടെന്നാണ് ഞാനത് കണ്ടത്. ഉമയ്യത്തിബ്നു ഖലഫ് യുദ്ധഭൂമിയിൽ നിന്ന് ഞങ്ങളുടെ കണ്ണും വെട്ടിച്ച് ജീവനും കൊണ്ടോടുകയായിരുന്നു. 'റഅ്സുൽ കുഫ്ർ' (കുഫറിന്റെ തലവൻ) അതാ ഓടി രക്ഷപ്പെടുന്നു, എന്ന് ചില അൻസ്വാർ സഹോദരന്മാർ ആർത്ത് വിളിച്ച് പറയാൻ തുടങ്ങി. ആരാണ് ഈ ഖലഫിന്റെ മകൻ ഉമയ്യ. പത്ത് പതിമൂന്ന്വർഷം മക്കയിൽ മുസ്‌ലിമീങ്ങൾക്ക് കൊടിയയാതനകളും പീഡനങ്ങളും നൽകി ആനന്ദം കണ്ട അഹങ്കാരി. പാവങ്ങളായ മുസ്‌ലിമീങ്ങളെ തേജോവധം ചെയ്യാൻ മറ്റുള്ളവർക്ക് കൂട്ടുനിന്ന ഗർവിഷ്ടൻ, എത്രയോ മുസ്ലിം സഹോദരങ്ങളെ നിഷ്ക്കരുണം പിച്ചിചീന്തിയ കാട്ടാളൻ. അവരുടെ രക്തത്തിനായി ദാഹിച്ച് നടന്ന രാക്ഷസൻ. താനാണെല്ലാം, തനിക്ക് മുകളിൽ ആകാശമല്ലാതെ മറ്റൊന്നുമില്ലെന്ന് അഹങ്കരിച്ചു നടന്ന മഹാധിക്കാരി.

''ലാ നജ്‌വതു ഇൻ നജാ ഉമയ്യ"എടോ ബിലാൽ, ഇന്ന് ഉമയ്യ രക്ഷപ്പെടുകയാണെങ്കിൽ നീ ഓർത്തോളൂ, നിനക്ക് രക്ഷയില്ല. നിന്നെ പിന്നെ എന്തിനുകൊള്ളാം, എന്ന് എന്റെ അന്ത:കരണം എന്നോട് ചോദിച്ചു. ഇല്ല, ഇന്നയാൾ എന്റെ കയ്യിൽ നിന്നും ഒരിക്കലും രക്ഷപ്പെടുകയില്ല എന്ന് ഞാൻ എന്റെ അന്ത:കരണത്തിന് സംശയലേശമന്യേ മറുപടി കൊടുത്തു. ഞാൻ ഉമയ്യയുടെ മേൽ ചാടിവീണു. മാൻപേടയുടെ മേൽ കടുവയുടെ ആക്രമണം പോലെ. എന്നെ കണ്ട് ഉമയ്യ കിടുകിടാ വിറക്കാൻ തുടങ്ങി. ചെന്നായയുടെ മുന്നിൽപ്പെട്ട ആട്ടിൻകുഞ്ഞിനെ പോലെ. വളരെ ദയനീയമായി അയാൾ എന്നെ നോക്കി. രക്ഷിക്കണം എന്ന് യാചിക്കുന്നതു പോലെ.

ഒരു പാട് കാലം ഞാൻ അടിമയും അയാൾ ചോദ്യം ചെയ്യപ്പെടാനാകാത്ത യജമാനനുമായിരുന്നു. ആ കാലങ്ങളിൽ, കഥകളിലും പുരാണങ്ങളിലും പറയുന്ന, എന്റെ രക്തം ഊറ്റിക്കുടിച്ച രക്തരക്ഷസ്സാണയാൾ. ഞാനനുഭവിച്ച യാതനകൾ, വേദനകൾ, ഞാനതെല്ലാം മറക്കുന്നു. ചാട്ടവാർ അടിയേറ്റ് പുളഞ്ഞ എന്നെ കഴുത്തിൽ കയറിട്ട് മക്കാതെരുവിലൂടെ വലിച്ചിഴച്ചതും ഞാൻ മറക്കുന്നു. മരുഭൂമിയിലെ ചുട്ടുപൊള്ളുന്ന മണലിൽ കിടത്തി ഭാരിച്ച കരിങ്കൽ പാളികൾ എന്റെ മേൽ കയറ്റിവെച്ചതും ഞാൻ ഇന്നു മറക്കുന്നു. കത്തിക്കാളുന്ന ചൂട് കാരണം തൊണ്ട വരണ്ട് നാക്ക് വെളിയിൽ ചാടിയപ്പോൾ ഒരിറ്റ് വെള്ളത്തിനായി യാചിച്ച എന്നോട് ഹുബൽ ദേവനെ വിളിക്കാൻ പറഞ്ഞ് ആഞ്ഞ് ആഞ്ഞ് ചാട്ടവാർ കൊണ്ട് പ്രഹരിച്ചതും ഞാൻ മറക്കുന്നു. കാരണം അതെല്ലാംതന്നെ എന്റെ സ്വകാര്യ ദു:ഖങ്ങളാണ്. ആ ദു:ഖങ്ങൾക്കും പരാതികൾക്കും ഇന്നിവിടെ യാതൊരു സ്ഥാനവുമില്ല. യഥാർഥത്തിൽ ആ പഴയ കാര്യങ്ങളിൽ എനിക്കയാളോട് ഒരണുപോലും പകയില്ല എന്നത് അല്ലാഹുവിനറിയാവുന്ന കാര്യമാണ്. അത്തരത്തിൽ പക ഇന്ന് ഉണ്ടാകാനും പാടില്ല. പക്ഷേ ഞാനിന്ന് ഇസ്ലാമിന്റെ ഒരെളിയ പോരാളിയാണ്. അയാൾ വലിയൊരു എതിരാളിയും. അതുകൊണ്ട് എന്റെഹൃദയത്തിൽ അയാളോട് ഒരണുപോലും കനിവുണ്ടാകാൻ പാടില്ല. അത് ഉണ്ടാവുകയുമില്ല.

നമ്മുടെ സേനാനായകനായ അബ്ദുറഹ്മാൻ ബിൻ ഔഫുമായി ആപൽഘട്ടത്തിൽ പരസ്പരം സംരക്ഷണം നൽകാമെന്ന ജാഹിലിയ്യാ കാലത്തെ ഒരു ഉടമ്പടിയിലെ അംഗമാണ് ഉമയ്യ. അത്കാരണം ഉമയ്യത്തിബ്നു ഖലഫിനെ രക്ഷിക്കാൻ അബ്ദുറഹ്മാൻ ബിൻ ഔഫ് ഓടിവന്നു. സാധിക്കുമെങ്കിൽ അത് തന്നെയാണ് അദ്ദേഹം ചെയ്യേണ്ടത്. ഉടമ്പടിയനുസരിച്ച് അതദ്ദേഹത്തിന്റെ കർത്തവ്യമാണ്. പക്ഷേ ഇന്ന് എന്റെ കയ്യിൽ നിന്ന് ഉമയ്യയെ രക്ഷിക്കാൻ അല്ലാഹുവിനും അവന്റെ റസൂലിനുമല്ലാതെ മറ്റാർക്കും സാധ്യമല്ലെന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. ഞാൻ ഉമയ്യയെ തലങ്ങും വിലങ്ങും ആഞ്ഞ് ആഞ്ഞ് വെട്ടി. അബ്ദുറഹ്മാൻ ബിൻ ഔഫ്, ഉമയ്യയെ രക്ഷിക്കാൻ കുറെ കിണഞ്ഞ് പരിശ്രമിച്ചു. ആ ശ്രമത്തിൽ അദ്ദേഹത്തിന് ചെറുതല്ലാത്ത പരിക്ക് പറ്റി. ഞാനാ സംഭവത്തിൽ എന്റെ ആ സഹോദരനോട് ദു:ഖപൂർവം ക്ഷമായാചനം ചെയ്യുകയാണ്. രണ്ട് പേർ അവരവരുടെ വ്യത്യസ്ത കർത്തവ്യങ്ങൾ ഒരുമിച്ച് ഒരിടത്ത് നിർവഹിക്കുമ്പോൾ ഇതു തന്നെയായിരിക്കും സംഭവിക്കുക.

അതിദാരുണമായി മുറിവേറ്റ് വീണ ഉമയ്യത്തിബ്നു ഖലഫിന്റെ നെഞ്ചിൽ ഞാനെന്റെ വാൾ കുത്തിയിറക്കി. അയാൾ എന്റെ മുന്നിൽ കിടന്ന് പിടഞ്ഞ് ഈ ലോകത്ത് നിന്ന് എന്നെന്നേക്കുമായി യാത്രയായി. അയാളുടെ ചുടുരക്തം കൊണ്ട് മരുഭൂമിയിലെ മണൽ കുതിർന്നു. ചേതനയറ്റ് കിടന്ന അയാളുടെ ശരീരം നിർവികാരനായി ഞാനൽപനേരം നോക്കി നിന്നു. പളപളാ വസ്ത്രങ്ങളും മറ്റ് വേഷഭൂഷാദികളോടും കൂടി അഹങ്കാരത്തിന്റെ പ്രതീകമായി മക്കാ തെരുവിലൂടെ നടന്നിരുന്ന അയാളുടെ ചിരകാല പ്രതാപം എന്റെ മനസ്സിലൂടെ കടന്നുപോയി. അതൊന്നും തന്നെ എന്റെ മനസ്സിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. അയാളുടെ വധത്തോടെ ബദർ മൈതാനത്ത് കിടന്ന അനേകം ശവശരീരങ്ങളിൽ ഒരെണ്ണംകൂടി വർധിച്ചു എന്നതല്ലാതെ എന്റെ മനസ്സിൽ മറ്റൊരു വികാരവും ഉണ്ടായില്ല. ഇത് മാത്രമേ ഇയാൾ അർഹിക്കുന്നുള്ളൂ, അതയാൾക്ക് ലഭിച്ചു, എന്ന് എന്റെ ചെവിയിൽ ആരോ മന്ത്രിക്കുന്നതു പോലെ എനിക്ക് തോന്നി. ഇതൊക്കെ തന്നെ സർവശക്തനായ

അല്ലാഹു നേരത്തെ എഴുതിവെച്ച താണ്, വിധിച്ചതാണ്. ഞാനൊരു നിമിത്തമായി എന്ന് മാത്രം.

ഞാനൊരു ഭാവഭേദവും കൂടാതെ യുദ്ധഭൂമിയിൽ നിന്ന് തിരിച്ച് നടന്നു. പെട്ടെന്നാണ് എന്റെ ഹൃദയത്തിൽ ഒരു മിന്നൽ പിണർ പോലെ, ഒരുനാൾ ഒരു മുസ്ലിമിന്റെ കൈകളാൽ ഉമയ്യത്തിബ്നു ഖലഫ് വധിക്കപ്പെടും എന്ന അല്ലാഹുവിന്റെ റസൂലിന്റെ വാക്കുകൾ കടന്നുവന്നത്. ആ വാക്കുകൾ എന്റെ ഹൃദയത്തെ പിടിച്ച് കുലുക്കി. ഏതാനും വർഷങ്ങൾക്ക് മുമ്പ് അല്ലാഹുവിന്റെ റസൂൽ ചെയ്ത ആ പ്രവചനത്തിലെ മുസ്ലിം, ഒരു കാലത്ത് ഉമയ്യത്തിബ്നു ഖലഫിന്റെ തന്നെ നിസ്സാരനും ബലഹീനനുമായ ഒരടിമ ചെറുക്കനായ ഈയുള്ളവനായിരിക്കുമെന്ന് ഞാനൊരിക്കലും കരുതിയില്ല, ഞാനത് ഒരിക്കലും ആഗ്രഹിച്ചിട്ടുമുണ്ടായിരുന്നില്ല. എല്ലാം സർവശക്തനായ അല്ലാഹുവിന്റെ പ്രവർത്തനങ്ങളാണ്, വിധിയാണ്. അവൻ തീരുമാനിക്കുന്നു. നമ്മൾ അതിന് വിധേയരാവുന്നു. ഒരു മഹത്തായ പ്രവചനത്തിന്റെ പരിപൂർണ സാക്ഷാൽകാരമാണിത്. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ്.

(തുടരും)

കുറിപ്പ് (1) - ജാഹിലിയ്യാ കാല അറബ് ചരിത്രത്തിൽ ഇത് ഹറബ് ഹാതിബ് (ഹാതിബിന്റെ പോരാട്ടങ്ങൾ) എന്ന പേരിൽ അറിയപ്പെടുന്നു.

കുറിപ്പ് (2) - മുഹമ്മദ് മുസ്തഫാ (സ) ന്റെ കാലശേഷം ഖുലഫാ ഉർറാഷിദീങ്ങളുടെ കാലത്ത് ഈ കുന്തം തിരുശേഷിപ്പ് (തബറുക്ക്) എന്ന നിലയിൽ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറിയിരുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ന്റേയും ഹദ്റത്ത് ഉമർ ഖത്ത്വാബ് (റ) ന്റേയും കാലശേഷം ഈ കുന്തം ഹദ്റത്ത് ഉസ്മാനിബ്നു അഫ്ഫാൻ (റ) ന്റെ പക്കൽ എത്തി. ആ പുണ്യാത്മാവിന്റെ കാലശേഷം ഈ കുന്തം സുബൈർ ബിൻ അവ്വാമിന്റെ മകനായ അബ്ദുല്ലാഹ് ഇബ്നു സുബൈറിന് കൈമാറുകയും അത് ഹദ്റത്ത് അബ്ദുല്ലാഹ് തന്റെ മരണം വരെ തന്റെ പക്കൽ സൂക്ഷിക്കുകയും ചെയ്തിരുന്നു.

കുറിപ്പ് (3) - ആ സൈന്യ സമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും, അവർ പിന്തിരിഞ്ഞോടുകയും ചെയ്യും (ഖുർആൻ 54:46) എന്നത് ഹിജ്റത്തിന് മുമ്പ് മക്കയിൽ അല്ലാഹുവിന്റെ റസൂലിനുണ്ടായ ഒരു സുവിശേഷമാണ്. ഇത് അഹ്സാബ് യുദ്ധത്തെ കുറിച്ചുള്ള ഒരു പ്രവചനമാണ്. ആ യുദ്ധത്തിലും അവിശ്വാസികളുടെ ഒരു വൻ സൈന്യം മുസ്ലിമീങ്ങളോട് ചെറുത്ത് നിൽക്കാനാവാതെ പിന്തിരിഞ്ഞോടിയിരുന്നു. അതേ വാക്കുകളിലൂടെ അല്ലാഹു തന്റെ ദൂതനെ ഇവിടേയും ബദർ യുദ്ധാവസരത്തിൽ സാന്ത്വനപ്പെടുത്തുകയാണ്.

**കടപ്പാട് & അവലംബം**


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സ മീഅ് ഖാൻ സാഹിബ് റബ്വ.

7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി

9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5

10. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി

11. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി

12. മീഡിയ ലൈബ്രറി അൽ ഇസ്ലാം ഡോട് ഓർഗ്

13. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്വ


പേജ് 25ൽ നിന്ന് തുടർച്ച

കൈക്കലാക്കിക്കൊണ്ട് അട്ടഹസിക്കുന്നവരും സൗന്ദര്യത്തിലും പ്രതാപത്തിലും സമ്പത്തിലും കുടുംബ മഹിമയിലുമെല്ലാം തനിക്കൊപ്പം നിൽക്കാൻ മറ്റാരുമില്ലെന്ന് ധരിക്കുന്നവരും മേൽ പ്രസതാവിച്ച കൂട്ടരാണ്. അവർ ദൈവത്തിന്റെ ശിക്ഷ ക്ഷണിച്ചു വരുത്തുന്നവരുമത്രെ.

ഏതായാലും ഹേ! മനുഷ്യാ നിന്റെ ചെയ്തികൾക്ക് നീ ഉത്തരം ബോധിപ്പിക്കേണ്ടതായ ആ കടുത്ത നാളിനെ നീ ഭയപ്പെടുക. അന്ന് നിനക്ക് അവധി നീട്ടിത്തരികയില്ല. നീ അതുവരെ കണ്ടതിൽ വെച്ച് ഏറ്റവും ഉന്നതനും അനുപമനും അന്യൂനനും സർവകാര്യങ്ങളെക്കുറിച്ചും നന്നായിട്ടറിയുന്നവനുമായ വിധി കർത്താവാണ് നിന്നെ കാത്തിരിക്കുന്നത്. അവിടെ നിനക്ക് പണം കൊണ്ട് രക്ഷപ്പെടാനോ രക്ഷപ്പെടുത്താനോ സാദ്ധ്യമല്ല. ഭീഷണിപ്പെടുത്തിയും രക്ഷപ്പെടാനാകില്ല കാരണം ആ വിധികർത്താവ് സർവ സ്രഷ്ടാവും സർവാധിപതിയും ആർക്കും വഴങ്ങാത്തവനുമാണെന്ന് മാത്രമല്ല. തന്റെ പ്രതാപത്തിന്റെയും ഗാംഭീര്യത്തിന്റെയും പ്രൗഢിയാൽ സർവരേയും വിറപ്പിക്കുന്നവനാണ്. നിന്റെ രക്ഷ അവന്റെ കാരുണ്യത്തെ മാത്രം ആശ്രയിച്ചുകൊള്ളുക. അതുകൊണ്ട് നീ ഈ ലോകത്ത് അവന് കീഴ്പ്പെട്ട് കൊള്ളുക. ഓരോ ചുവട് വെപ്പിലും അവനെ ഭയപ്പെട്ടുകൊള്ളുക നിന്റെ രക്ഷയും സമാധാനവും അവനിൽ മാത്രമാണുള്ളത്.

ഭാഗം – 2

# നുബുവ്വത്ത്:

## എം. എം. അക്ബറിന്റെ ആരോപണങ്ങൾക്ക് മറുപടി

യാസർ അറഫാത്ത്. ആർ. എം

സമൂഹത്തിൽ അറിയപ്പെടുന്ന ബുദ്ധിജീവികളും സംവാദ വിദഗ്ദ്ധരും തങ്ങളുടെ സ്ഥാനം അഹ്മദീ വിരുദ്ധപക്ഷത്താണെങ്കിൽ വലിയ വലിയ വിഡ്ഢിത്തങ്ങളും തെറ്റിദ്ധരിപ്പിക്കലുകളും നടത്തുന്നവരായിമാറാറുണ്ട്. സാക്കിർ നായിക്കിനെപ്പോലെ എം.എം. അക്ബറും അഹ്മദികൾക്കെതിരിൽ വരുമ്പോൾ തന്റെ ബുദ്ധിയും വിവേകവും ചില മുൻധാരണകൾക്കും വ്യാജപ്രസ്താവനകൾക്കും അടിയറവ് വെക്കുന്നുവെന്നു തെളിയിക്കുന്ന കാര്യങ്ങളാണ് അദ്ദേഹം തുടർന്നു പറയുന്നത്. അഹ്മദ് (അ) നുശേഷം നുബുവ്വത്ത് വാദിച്ച് വന്നവരെ അഹ്മദികൾ അംഗീകരിച്ചിട്ടില്ല എന്ന കാര്യം വലിയൊരു പോയിന്റായി അക്ബർ ആവർത്തിച്ചാവർത്തിച്ച് അവതരിപ്പിക്കുന്നുണ്ട്. നബിമാർ നിയോഗിക്കപ്പെടുന്നു എന്ന നിയമം നിലവിലുള്ളതിനാൽ, പ്രവാചകത്വ വാദവുമായി വരുന്നവരെല്ലാം സത്യവാദികളാണെന്നും അവരെയെല്ലാം വിശ്വസിക്കേണ്ടതാണെന്നും അക്ബറിനെ ആരാണ് പഠിപ്പിച്ചത്? റസൂൽ (സ) യുടെ കാലഘട്ടം വരെ പ്രവാചക നിയോഗം എന്ന നിയമം നിലവിലുണ്ടായിരുന്നു എന്ന് മുജാഹിദുകളും സമ്മതിക്കുമല്ലോ. അക്കാലത്ത് ദിവ്യനിയോഗവാദം പുറപ്പെടുവിച്ചവരെല്ലാം സത്യവാദികൾ ആയിരുന്നുവെന്ന് മുജാഹിദുകൾ വാദിക്കുമോ? ഇല്ലെങ്കിൽ റസൂൽ (സ)ക്കു ശേഷവും പ്രവാചക നിയോഗം തുടരുന്നതിനാൽ, വാദം പുറപ്പെടുവിച്ചവരെയെല്ലാം വിശ്വസിക്കണമെന്ന വാദത്തിനു ന്യായമെന്തുണ്ട്? വി.ഖുർആൻ മനസ്സിലാക്കിത്തരുന്ന നുബുവ്വത്തിന്റെ മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് ഒരു നുബുവ്വത്ത് വാദിയെ വിലയിരുത്തുകയും അതുപ്രകാരം യോജിക്കുമെങ്കിൽ അംഗീകരിക്കുകയും അനുയോജ്യമല്ലെങ്കിൽ തള്ളിക്കളയുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസി സ്വീകരിക്കേണ്ട സമീപനം.

സത്യപ്രവാചക നിയോഗം എന്ന അല്ലാഹുവിന്റെ നിയമം നിലവിലുള്ളതുകൊണ്ടുതന്നെ അത് മുതലെടുത്ത് കൊണ്ട് വ്യാജവാദികളും പുറപ്പെടുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് തന്റെ ഉമ്മത്തിൽ അടുത്ത്തന്നെ മുപ്പതോളം വ്യാജവാദികൾ വരുമെന്ന് റസൂൽ (സ) മുന്നറിയിപ്പ് നല്കിയിരിക്കുന്നത്. സാമ്പത്തിക വിനിമയത്തിന് നോട്ടുകൾ നിലവിലില്ലാത്ത ഒരു രാജ്യത്ത് കള്ളനോട്ട് പ്രചരിക്കുമെന്ന് ഭരണാധികാരികൾക്ക് മുന്നറിയിപ്പ് നല്കേണ്ട ആവശ്യമില്ല. വരുന്നതെല്ലാം കള്ളനോട്ടായിരിക്കും. നല്ല നോട്ടിന് പ്രസക്തിയുള്ളിടത്താണ് കള്ളനോട്ടിനെ നാം കരുതിയിരിക്കേണ്ടത്. അതുപോലെ രിസാലത്ത് തുടരുമെന്ന് ഖുർആനും തന്റെ ഉമ്മത്തിൽ മസീഹ് നബിയായി വരാനുണ്ടെന്ന് നബി (സ)യും സന്തോഷ വാർത്ത അറിയിച്ചതോട് കൂടിയാണ് വ്യാജവാദികളെപ്പറ്റിയുള്ള മുന്നറിയിപ്പും നല്കിയിരിക്കുന്നത്. അടിസ്ഥാന പ്രമാണങ്ങൾ മുന്നോട്ട് വെക്കുന്ന മാനദണ്ഡം അനുസരിച്ച് സത്യവാദിയെയും വ്യാജവാദിയേയും വേർതിരിച്ച് അറിയാൻ സത്യവിശ്യാസികൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല.

റസൂൽ (സ) യ്ക്ക് ശേഷം ഒരുതരത്തിലുള്ള പ്രവാചകനും വരികയില്ല എന്ന വാദത്തിന് മുജാഹിദ് പണ്ഡിതൻ മുന്നോട്ട് വെക്കുന്നത് റസൂൽ (സ) തന്റെയും മുൻപ്രവാചകന്മാരുടെയും ഉപമയായി പറഞ്ഞിരിക്കുന്ന കെട്ടിടത്തെ കുറിച്ചുള്ള ഹദീസാണ്. ഒരുതരത്തിലുള്ള നബിയും വരികയില്ലെന്ന മുജാഹിദ് വാദത്തിന് ഈ ഹദീസ് തെളിവാകുകയില്ല എന്ന് താഴെ പറയുന്ന പ്രസക്തവിഷയങ്ങൾ പരിശോധിച്ചാൽ മനസിലാക്കാം.

1. മുജാഹിദുകൾ അംഗീകരിക്കുന്ന മാനദണ്ഡം ഉപയോഗിച്ച് തന്നെ പരിശോധിച്ചാൽ ഈ ഹദീസ് ദുർബലമാണെന്ന് കാണാം. രണ്ട് നിവേദക പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ട ഈ ഹദീസിന്റെ പരമ്പരയിൽ വന്നിരിക്കുന്ന നാല് റാവിമാർ ദുർബലരായതിനാൽ മുജാഹിദുകളുടെ മാനദണ്ഡം അനുസരിച്ച് തന്നെ ഈ ഹദീസ് ദുർബലമാണ്.

2. ഈ ഹദീസ് സ്വഹീഹാണെന്ന് സങ്കൽപ്പിച്ചാൽ തന്നെ നുബൂവ്വത്തും റിസാലത്തും തുടർന്ന് കൊണ്ടിരിക്കുന്നുവെന്ന, വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്ന ശക്തമായ ആശയത്തെ ദുർബലപ്പെടുത്താൻ ഈ ഹദീസ് കൊണ്ട് സാധ്യമല്ല. ഖുർആന്റെ ആശയത്തിന്

അനുയോജ്യമായിട്ടാണ് ഹദീസ് വിശദീകരിക്കേണ്ടത്.

3. എഴുപതോളം സ്വഹീഹായ ഹദീസുകളിലൂടെ ഈ ഉമ്മത്തിൽ നബിയായ മസീഹ് വരാനുണ്ടെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്കെല്ലാം വിപരീതമായ അർഥം മറ്റൊരു ഹദീസിന് കൊടുക്കാൻ സാധ്യമല്ല.

4. സ്വഹീഹ് മുസ്ലിമിൽ ഈ ഉമ്മത്തിൽ വരാനുള്ള മസീഹ് നബിയായിരിക്കുമെന്ന് ഒരൊറ്റ ഹദീസിൽ തന്നെ നാല് പ്രാവശ്യം പറഞ്ഞിട്ടുണ്ട്. റസൂൽ തിരുമേനി(സ)യുടെ ദൃഢമായ തിരുവചനങ്ങൾക്ക് എതിരായി മറ്റൊരു ഹദീസിന് അർഥം കൊടുക്കുന്നത് ശരിയല്ല.

5. ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽബാരിയിൽ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി കെട്ടിടത്തിന്റെ ഉപമയുള്ള ഹദീസ് വിശദീകരിച്ച് കൊണ്ട് ഇസ്ലാമിക ശരീഅത്തിന്റെ പൂർത്തീകരണമാണ് അവിടെ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇസ്ലാം മുഴുലോകത്തിനും പൂർത്തീകരിക്കപ്പെട്ട മതമായതിനാൽ എല്ലാ ആത്മീയാനുഗ്രഹങ്ങളും ഈ മതത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവർക്ക് മേലാണുണ്ടായിരിക്കുകയെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ടല്ലോ. ആത്മീയാനുഗ്രഹമായ നുബൂവ്വത്ത്, പൂർത്തീകരിക്കപ്പെട്ട മതത്തിൽ മാത്രമേ ഇനി ഉണ്ടാകുകയുള്ളൂ എന്നതിനാൽ യാതൊരു തരത്തിലുള്ള നബിയും ഇനി വരില്ലെന്ന് പ്രഖ്യാപിക്കുന്നത് പ്രമാണവിരുദ്ധമാണ്.

6. ബുഖാരിയിൽ തന്നെ ഈ ഉമ്മത്തിൽ വരാനുള്ള മസീഹിനെ കുറിച്ച് ലയ്സ ബൈനീ വ ബൈനഹു നബിയ്യുൻ അഥവാ എനിക്കും അദ്ദേഹത്തിനും ഇടയിൽ നബിയില്ല എന്ന് പറഞ്ഞ് കൊണ്ട് വരാനുള്ള മസീഹ് നബിയെന്ന് വ്യക്തമാക്കിയതിനാൽ അതിനെതിരായ ഒരർഥം കെട്ടിടത്തിന്റെ ഹദീസിന് കൊടുക്കാൻ സാധ്യമല്ല.

7. ഒരു നബിയ്ക്ക് ശേഷം വേറൊരു നബി വരികയില്ലെന്ന വാദം വഴികേടിന്റെ അഖീദയാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നതിനാൽ പ്രസ്തുത ആശയത്തിനെതിരായ ഒരർഥം ഹദീസുകൾക്ക് കല്പിക്കാവതല്ല.

കെട്ടിടത്തിന്റെ ഹദീസ് കൊണ്ട് റസൂലുല്ലാഹ് (സ) യ്ക്ക് ശേഷം ഒരുതരത്തിലുള്ള നബിയും വരികയില്ലെന്ന വാദം സമർത്ഥിക്കാനാവില്ല എന്നതിന് ഇനിയും ധാരാളം തെളിവുകൾ നിരത്താൻ കഴിയും.

ഹദ്റത്ത് അഹ്മദ് (അ) വന്നിരിക്കുന്നത് പുതിയൊരു ശരീഅത്തുമായിട്ടല്ല. റസൂൽ (സ) പൂർത്തീകരിച്ച മതത്തിലേക്ക്, ആ ശരീഅത്തിലേക്ക് ജനങ്ങളെ വഴിനടത്താൻ വേണ്ടിയാണ്. അത്കൊണ്ട് തന്നെ അദ്ദേഹത്തിന്റെ ആഗമനം നബി (സ) പൂർത്തീകരിച്ച ശരീഅത്തെന്ന കെട്ടിടത്തിലേക്ക് പുതിയൊരു കല്ല് വെക്കലാകുന്നില്ല.

മുഴുലോകത്തിനും വേണ്ടി ഖിയാമത്ത് നാൾ വരെ നിലനില്ക്കുന്ന ശരീഅത്തിന്റെ പൂർത്തീകരണമാണ് കെട്ടിടത്തിന്റെ ഉപമ പറഞ്ഞ ഹദീസിലൂടെ റസൂൽ (സ) വ്യക്തമാക്കിയിരിക്കുന്നതെന്ന് മനസിലാക്കുന്നതാണ് ഖാത്തമുന്നബിയ്യീന്റെ സ്ഥാനമഹത്വത്തിന് ഏറ്റവും അനുയോജ്യം. ഇതല്ലാതെ നബി (സ) കേവലം എണ്ണത്തിൽ അവസാനത്തവൻ എന്നതിന് എന്ത് പ്രത്യേകതയും ശ്രേഷ്ഠതയുമാണുള്ളത്? മുഴുലോകത്തിനുമുള്ള ശരീഅത്തിന്റെ പരിപൂർണതയെന്നത് അത്യുന്നതമായ സ്ഥാനമാണ്. മുൻ പ്രവാചകന്മാർക്കൊന്നും പ്രാപ്യമല്ലാതിരുന്ന പദവിയാണ് നബി (സ) യ്ക്ക് അതിലൂടെ ലഭ്യമായിരിക്കുന്നത്. അതുപോലെ ഇനിയെത്ര നബിമാർ വന്നാലും അവരെല്ലാം ഈ ശരീഅത്തിന്റെ പ്രബോധകരായതിനാൽ, അത് പൂർത്തീകരിച്ച വ്യക്തിയുടെ അത്യുന്നതമായ, അതുല്യമായ സ്ഥാനം അതുപോലെത്തന്നെ നിലനില്ക്കുന്നു. ഞാൻ ഖാത്തമുന്നബിയ്യീനാണ് എന്ന് പ്രസ്തുത ഹദീസിന്റെ അവസാന ഭാഗത്ത് വിശേഷിപ്പിക്കുക കൂടി ചെയ്യുന്നതിനാൽ ശരീഅത്തിന്റെ പരിപൂർണതയെന്ന അതുല്യസ്ഥാനമാണ് അവിടെ പരാമർശിക്കപ്പെടുന്നത് എന്നത് വ്യക്തം. നബിയ്യീൻ എന്ന സമൂഹനാമത്തോടൊപ്പം ഖാത്തം കൂടി ചേർന്ന് വന്നാൽ നബിമാരിൽ സർവ ശ്രേഷ്ഠൻ എന്ന അർഥമാണെന്ന് അറബി ഭാഷ പ്രയോഗങ്ങളെ പറ്റി മനസിലാക്കിയവർക്ക് അജ്ഞാതമല്ല. (സുന്നികളിലെ ഇ.കെ. വിഭാഗത്തിന്റെ ദാറുൽ ഹുദാ യുണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചിരിക്കുന്ന ഖുർആൻ പരിഭാഷ ഇന്റർനെറ്റ് എഡിഷനിൽ ഖാത്തമുന്നബിയ്യീൻ എന്നതിന് അതിശ്രേഷ്ഠം പ്രവാചകൻ എന്ന ഏറ്റവും അനുയോജ്യമായ അർഥം നല്കിയിട്ടുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.)

ഈ ഉമ്മത്തിൽ വന്ന കള്ള പ്രവാചകന്മാരോട് സഹാബികളോ താബികളോ തെളിവ് ചോദിച്ചില്ലയെന്നതാണ് ഇനി നബി വരില്ല എന്നതിന് തെളിവായി അക്ബർ ഉന്നയിക്കുന്ന ഒരു കാരണം. വിശുദ്ധ ഖുർആനിൽ ധാരാളം ആയത്തുകളിലൂടെ നുബുവ്വത്തും രിസാലത്തും തുടർന്ന് കൊണ്ടിരിക്കുന്നതായി പ്രസ്താവിക്കുന്നു. അവ തുടർന്ന് കൊണ്ടിരിക്കുന്നു എന്ന് മാത്രം പറയുകയല്ല റസൂൽ (സ) ചെയ്തിരിക്കുന്നത്. മറിച്ച് തന്റെ ഉമ്മത്തിൽ വരാനിരിക്കുന്ന പ്രവാചകനെ മസീഹ് ഇബ്നുമറിയം, മഹ്ദി എന്നീ സ്ഥാനപേരുകളിലൂടെ പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ ചുമതലകൾ വിശദീകരിക്കുകയും വരുന്ന കാലഘട്ടത്തെ പറ്റി സൂചനകൾ നല്കുകയും ചെയ്തിട്ടുണ്ട്. ഈമാൻ സുരയ്യാ നക്ഷത്രത്തിലേക്ക് ഉയർന്ന് പോകുന്ന ഘട്ടത്തിലാണ് ഫാർസി വംശജനായ ഒരു വ്യക്തി അതിനെ പുനസ്ഥാപിക്കുന്നതെന്ന് സ്വഹിഹായ ഹദീസിൽ വന്നിട്ടുണ്ട്. തന്റെ തൊട്ടടുത്ത മൂന്ന് നൂറ്റാണ്ടുകൾ ഉത്തമ നൂറ്റാണ്ടുകളാണെന്നും അതിന് ശേഷമാണ് വ്യാജം വ്യാപിക്കുന്നതെന്നും റസൂൽ (സ) പ്രവചിച്ചിട്ടുണ്ട്. തനിക്കും വ

രാനിക്കുന്ന മസീഹിനുമിടയിൽ നബിമാരില്ലായെന്നും റസൂൽ (സ) പഠിപ്പിച്ചിട്ടുണ്ട്. ഇത്രത്തോളം വ്യക്തമായ ലക്ഷണങ്ങളിലൂടെ ഈ ഉമ്മത്തിൽ വരാനിക്കുന്ന മസീഹിനെ കുറിച്ച് മനസിലാക്കിയ സഹാബത്തും താബിയിങ്ങളും പ്രവചിക്കപ്പെട്ട ലക്ഷണങ്ങളും കാലവുമായി ഒരുനിലയ്ക്കും യോജിക്കാത്ത അടയാളങ്ങളുമായി വന്ന വ്യാജവാദികളോട് തെളിവ് അന്വേഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. തന്റെ ജീവിതകാലത്ത് തന്നെ നബിത്വവാദവുമായി വന്ന മുസയ്‌ലിമയെ അൽകദാബ് എന്ന് റസൂൽ (സ) തന്നെ വിശേഷിപ്പിച്ചിരിക്കേ റസൂൽ (സ) യുടെ വഫാത്തിന് ശേഷം പതിനായിരകണക്കിന് മുസ്‌ലിംകളെ വഴിതെറ്റിച്ച് ഇസ്‌ലാമിക സാമ്രാജ്യത്തിന് നേരെ കലാപത്തിന് വന്ന മുസയ്‌ലിമയോട്, അബൂബക്കർ സിദ്ദീഖ് (റ) തെളിവ് അന്വേഷിച്ചില്ലയെന്ന് പറയുന്ന അക്‌ബർ, റസൂലും (സ) അബൂബക്കർ സിദ്ദീഖും (റ) തമ്മിലുള്ള ബന്ധത്തെ കുറിച്ചും അനുസരണത്തെ കുറിച്ചും ഒരുപാട് പഠിക്കാനുണ്ടെന്ന് മാത്രം ഓർമിപ്പിക്കുകയാണ്. അഹ്മദിയ്യത്തിനോടുള്ള വിരോധം എന്ന ഒരൊറ്റ പിടിവാശി കൊണ്ട് ചരിത്ര യാഥാർഥ്യങ്ങളെയും ഖലീഫമാർക്ക് നബി തിരുമേനി (സ)യിലുണ്ടായിരുന്ന വിശ്വാസത്തെയും ചോദ്യം ചെയ്യുന്ന അക്ബറിന്റെ അവസ്ഥയിൽ പരിതപിക്കാനേ നിവർത്തിയുള്ളൂ.

മുജാഹിദ് പണ്ഡിതന്റെ സംസാരത്തിനിടയിൽ അമീറുൽ മുഅ്മിനീനെയും അഹ്മദിയ്യാ ജമാഅത്തിനെയും ശ്രോതാക്കൾക്ക് മുമ്പിൽ തെറ്റിദ്ധരിപ്പിക്കുന്ന പല വ്യാജ ആരോപണങ്ങളും കൂടിചേർക്കുന്നുണ്ട്. വിഷയ ബന്ധിതമല്ലാത്തിനാൽ അവയ്ക്കെല്ലാം അർഹിക്കുന്ന പരിഗണന അവഗണന ആയതിനാൽ അവയെപ്പറ്റി പരാമർശിക്കുന്നില്ല. മുജാഹിദുകളുടെ അറിവിലേക്കായി ഒരു കാര്യം ഉണർത്തുകയാണ്. മറ്റുള്ളവരെ കാഫിറും മുർത്തദ്ദും മുനാഫിക്കുമായി മുദ്രകുത്തുന്ന നേരംപോക്ക് നിങ്ങൾ തന്നെ ഗ്രൂപ്പുകൾക്കിടയിലും സംഘടനകൾക്കിടയിലും പ്രയോഗിച്ചാൽ മതി. നിങ്ങൾ എല്ലാവരും ഒത്തുചേർന്ന് കാഫിറെന്ന് വിധിച്ചിരിക്കുന്ന അഹ്മദികൾക്ക് ഇത്തരം നേരംപോക്കുകളിൽ താൽപര്യമില്ല. മറ്റുള്ളവരെ മുസ്‌ലിമാക്കാനും മുസ്‌ലിമിനെ മുഅ്മിനാക്കാനും ലോകം മുഴുവൻ പരിശുദ്ധ ഇസ്‌ലാം പ്രചരിപ്പിക്കാനുമുള്ള തീവ്രപ്രയത്നത്തിലാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുഴുകിയിരിക്കുന്നത്. അമീറുൽ മുഅ്മിനീനു കീഴിൽ യഥാർഥ ഇസ്‌ലാമിക പതാക ലോകമെങ്ങും ഉയർത്തിപ്പിടിക്കാനുള്ള പരിശ്രമത്തിലേക്ക് മുജാഹിദുകളെയും ക്ഷണിക്കുന്നു, സ്നേഹപൂർവം.

ഇനിയൊരു പ്രവാചകൻ വരാനുണ്ടെങ്കിൽ പ്രമാണങ്ങളിൽ അത് കൃത്യമായി പ്രതിപാദിച്ചിരിക്കണം എന്നതാണ് അക്ബർ മുന്നോട്ട് വെക്കുന്ന മറ്റൊരു വാദം. കൃത്യമായ പ്രവചനമെന്നത് ആപേക്ഷികമാണ്. പ്രവചനങ്ങൾ കണ്ട് മനസിലാക്കി തന്നെയാണ് ലോകത്ത് 210 രാജ്യങ്ങളിലായി വ്യാപിച്ച് കിടക്കുന്ന അഹ്മദിയ്യാ ജമാഅത്ത് നിലകൊള്ളുന്നതും സത്യാന്വേഷികളും ഇതിലേക്ക് വന്ന് കൊണ്ടിരിക്കുന്നതും. എന്നാൽ മറ്റ് ചിലർക്ക് പ്രവചനങ്ങൾ മനസിലാക്കാനും അവ പുലരുന്നത് ദർശിക്കാനും സാധ്യമല്ല. അന്യമതസ്ഥരോട് സംവദിക്കുന്ന പണ്ഡിതനാണല്ലോ അക്‌ബർ സാഹിബ്. ഹദ്റത്ത് അഹ്മദ് (അ) നെക്കാൾ പ്രാധാന്യം മുഹമ്മദ് (സ)യ്ക്കാണെന്നതിലും സംശയമില്ലല്ലോ. റസൂൽ (സ) യെ കുറിച്ച് കൃത്യമായ പ്രവചനങ്ങൾ എത്രയെണ്ണം മുൻ വേദങ്ങളിലുള്ളതായി അന്യമതസ്ഥർക്ക് ബോധ്യപ്പെടുത്തി കൊടുക്കാൻ അക്ബറിന് കഴിയുന്നുണ്ട്? മുൻ വേദങ്ങളിലെ കൃത്യമായ എത്രത്തോളം പ്രവചനങ്ങൾ കണ്ടിട്ടാണ് നബി (സ) യിൽ അക്ബറിന്റെ ഈമാൻ ദൃഢമായിരിക്കുന്നത്. മറ്റൊരു ആദർശത്തിനെതിരെ ആരോപണം ഉന്നയിക്കാൻ എളുപ്പമാണ്. സ്വന്തം വിശ്വാസത്തെ കുറിച്ച് ചിന്തിക്കുമ്പോഴെ സ്വയം ഉന്നയിക്കുന്ന ആരോപണങ്ങൾ എത്രമാത്രം ബാലിശമാണെന്ന് ബോധ്യപ്പെടുകയുള്ളൂ. ഇനിയൊരു നബിയും വരില്ലെന്ന മുജാഹിദ് വിശ്വാസത്തിനെതിരായി നുബൂവ്വത്തും രിസാലത്തും നിലച്ചിട്ടില്ല എന്നതിനാണ് ഖുർആൻ തെളിവ് നിരത്തുന്നതെന്ന് ഇവിടെ സമർഥിച്ചു കഴിഞ്ഞു. അതുപ്രകാരം ഈ ഉമ്മത്തിൽ വരാനിരിക്കുന്ന മഹാത്മാവിനെ കുറിച്ച് ധാരാളം പ്രവചനങ്ങൾ നബി (സ) അരുളിയതായും നമ്മുക്ക് കാണാൻ കഴിയുന്നു. ഒരു വ്യക്തി ആഗതനായികൊണ്ട് പ്രസ്തുത പ്രവചനങ്ങൾ തന്നിൽ പുലർന്നിരിക്കുന്നുവെന്ന് അവകാശപ്പെടുമ്പോൾ അത് പഠിച്ച് മനസിലാക്കി സത്യമെന്ന് ബോധ്യപ്പെടുന്നവർ വിശ്വസിക്കുകയും ബോധ്യപ്പെട്ടാലും അംഗീകരിക്കാൻ തയ്യാറല്ലാത്തവർ കൃത്യമായ പ്രവചനങ്ങളല്ലയെന്ന് പറഞ്ഞ് നിഷേധിക്കുകയും ചെയ്യുന്നു. നബിമാർ ആഗതരായ കാലത്തെല്ലാം നടന്ന് വരുന്ന തുടർ പ്രക്രിയ മാത്രമാണിത്.

അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ അഹ്മദുൽ ഖാദിയാനി(അ) തീർപ്പുകൽപിച്ചിട്ടില്ല എന്നാണ് അക്ബർ സാഹിബ് അവസാനമായി ആരോപിക്കുന്നത്. അഹ്മദ് (അ) നെപ്പറ്റി ഹക്കമൻ അദ്‌ലൻ ആയിരിക്കുമെന്ന പ്രവചന പ്രകാരം അദ്ദേഹം ഭിന്നതകൾക്ക് തീർപ്പുകൽപിക്കുകയും വരാനിരിക്കന്ന ഭിന്നതകൾക്കെല്ലാം തീർപ്പുകൽപിക്കാനുള്ള കൃത്യമായ മാർഗരേഖ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം കുറച്ചു വിശദീകരണമർഹിക്കുന്നതിനാൽ മറ്റാരവസരത്തിലേക്ക് മാറ്റിവെക്കുന്നു.

www.alislam.org

# സ്വകാര്യ ജീവിതം

യാതൊരുത്തന്റേയും സ്വകാര്യവും കുടുംബപരവും ഗാർഹികവുമായ കാര്യങ്ങളിലും എഴുത്തുകളിലും അകാരണമായി ഇടപെടാനോ ആരുടേയും മാന്യതയേയോ കീർത്തിയേയോ ആക്രമിക്കാനോ പാടുള്ളതല്ല. അപ്രകാരമുള്ള എല്ലാ ഇടപെടലുകളിൽ നിന്നും സംരക്ഷണം ലഭിക്കാൻ ഓരോ പൗരനും അവകാശമുണ്ട്. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 12-ാം ഖണ്ഡികക്ക് ഇസ്‌ലാമിക വീക്ഷണത്തിലുള്ള വിശദീകരണം. വിവ: എൻ അബ്ദുഹീം (മർഹൂം)

സർ സഫറുല്ലാഹ് ഖാൻ

വ്യക്തിനിഷ്ഠമായതിനാൽ ഓരോ വ്യക്തിയുമായും വളരെ അടുത്ത് ബന്ധപ്പെട്ട കാര്യങ്ങളെയാണ് കൂടുതൽ സ്പർശിക്കുന്നതെന്ന് മാത്രം. സ്റ്റേറ്റുമായുള്ള ബന്ധത്തിൽ മാത്രമല്ല പൗരന്മാർ തമ്മിലുള്ള ബന്ധത്തിലും ഈ അവകാശം സംരക്ഷിക്കുന്നതിൽ ഇസ്‌ലാം മറ്റേതൊരു വ്യവസ്ഥയേയും മുന്നിട്ടു നിൽക്കുന്നു.

അല്ലയോ ***വിശ്വാസികളെ അനുവാദം ചോദിക്കാതെയും അകത്തുള്ളവരെ അഭിവാദ്യം ചെയ്യാതെയും നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്. അതാണ് നിങ്ങൾക്ക് ഗുണകരമായത്. നിങ്ങൾ എപ്പോഴും ഓർമിക്കാൻ വേണ്ടിയാണ് ഈ ഉപദേശം. അകത്ത് ആരെയും കണ്ടില്ലെങ്കിൽ സമ്മതം കിട്ടിയാൽ മാത്രമേ ഉള്ളിൽ കടക്കാവൂ. മടങ്ങിപ്പോകാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ മടങ്ങിക്കൊൾവീൻ. അതത്രെ നിങ്ങൾക്ക് ഏറെ ശുദ്ധം. നിങ്ങൾ ചെയ്യേണ്ടതെന്തെന്ന് അല്ലാഹു നല്ലത് പോലെ അറിയുന്നു. എന്നാൽ നിങ്ങളുടെ മുതലുകൾ സ്ഥിതിചെയ്യുന്നതും ആളില്ലാത്തതുമായ ഗൃഹങ്ങളിൽ നിങ്ങൾക്ക് പ്രവേശിച്ചുകൊള്ളാവുന്നതാണ്. നിങ്ങൾ വെളിപ്പെടുത്തുന്നതും നിങ്ങൾ ഒളിച്ചുവെക്കുന്നതുമായ എല്ലാം അല്ലാഹു നല്ലതുപോലെ അറിയുന്നതാണ്. ( 24: 28-30)***

സൗകര്യാവകാശത്തിന് (Easement of Privacy) മുസ്‌ലിം നിയമശാസ്ത്രം അംഗീകാരം നൽകുകയും നിയമ നടപടികളിലൂടെ അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ഒരാൾ പാർത്ത് വരുന്ന സ്ഥലം നിശ്ചിത കാലത്തിന് ശേഷം അന്യരുടെ അലട്ടും അലോസരവും കൂടാതെ നിർബാധം സ്വകാര്യമായി അനുഭവിച്ച് പോരുന്നതിന് അയാൾക്കവകാശം സിദ്ധിക്കുന്നതാണ്. അതിന് ശേഷമാകട്ടെ, അയാളുടെ അവകാശത്തിന് ഹാനി തട്ടുന്ന വിധം ഒരു കെട്ടിടമോ മറ്റോ അവിടെ ഉയർത്തപ്പെട്ടുകൂടാത്തതാകുന്നു.

കാലാവസ്ഥാപരവും സാംസ്കാരികവുമായ ചില പരിഗണനകൾ ഈ സൗകര്യാവകാശത്തിന് എതിരായി വരാറുണ്ട്. എന്നാൽ മിതകാലവസ്ഥയുള്ള ഭൂവിഭാഗങ്ങളിൽ തന്നെയും വിശിഷ്യ പാശ്ചാത്യ രാജ്യങ്ങളിൽ നഗരങ്ങളിലെ വികസിച്ചു വരുന്ന ജനജീവിതത്തിന്റെ സമ്മർദത്താൽ സ്വകാര്യജീവിതം ഇപ്പോൾ അനഭിലഷണീയമായ ഇടപെടലുകൾക്ക് വിധേയമായി തീർന്നിരിക്കയാണ്. ആകയാൽ കെട്ടിട നിർമാണ നിയമങ്ങളിലും മറ്റും മേൽപറഞ്ഞ ഏറ്റവും ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകികൊണ്ട് എന്തെങ്കിലും പരിഹാരങ്ങൾ കണ്ടെത്താതെ തരമില്ല.

മുസ്‌ലിം നിയമ ശാസ്ത്രത്തിലെ മറ്റൊരു സിദ്ധാന്തം കൂടി ഇതേ കാര്യം ചൂണ്ടികാട്ടുന്നുണ്ട്.

അതായത് ഈ ഖണ്ഡികയിൽ ഉൾക്കൊള്ളുന്ന ചില മൂല്യങ്ങളെ അത് ഊന്നിപ്പറയുകയും ഉറപ്പിക്കുകയും അവയ്ക്ക് സംരക്ഷണം നൽകുകയും ചെയ്യുന്നു. നഗര സ്വത്തുക്കളുടെ വിൽപ്പന ഇസ്‌ലാമിക നിയമ പ്രകാരം പൂർവ വിക്രിയാ അവകാശത്തിന് (Pre-emption) വിധേയമാകുന്നു. വിൽപ്പന നടത്തുവാൻ ഉദ്ദേശിച്ചുള്ള ഒരു കെട്ടിടത്തിന്റെ ഉടമസ്ഥന് അയാളാഗ്രഹിക്കുന്ന പക്ഷം സൗകര്യാവകാശം (Easement) അനുഭവിച്ചു പോവുന്നതോ വിൽക്കാനുദ്ദേശിച്ച സ്വത്തിന് അനുകൂലമായുള്ള സൗകര്യാവകാശത്തിന് വിധേയമായിട്ടുള്ളതോ ആയ സ്വത്തിന്റെ ഉടമസ്ഥന്, അയാളാഗ്രഹിക്കുന്ന പക്ഷം അത്രതന്നെയോ അതിൽ കൂടുതലോ ഉള്ള ക്രയാവകാശം ഇല്ലാത്ത മറ്റാരേക്കാളും മുമ്പേ അത് വിലക്കെടുക്കാൻ അവകാശമുണ്ടായിരിക്കും. ഈ അവകാശത്തെ ലംഘിച്ചുകൊണ്ട് ഒരു വിൽപ്പന നടക്കുന്ന പക്ഷം, കോടതി നടപടികളിലൂടെ പ്രസ്തുത അവകാശം നേടിയെടുക്കാവുന്നതാകുന്നു. അപ്പോൾ ക്രേതാവ് ആ സ്ഥലത്തിന് യഥാർഥത്തിൽ നൽകി കഴിഞ്ഞിട്ടുള്ള വില തിരിച്ച് കിട്ടുന്നതോടെ പൂർവ വിക്രിയാവകാശിക്ക് (Pre-emptor) അതൊഴിഞ്ഞു കൊടുക്കേണ്ടതും ആ സ്ഥലത്തിന് അയാൾ അവകാശിയായി തീരുന്നതുമാണ്.

**അയൽവാസിയോട് ദയാദാക്ഷിണ്യവും ദയവും കാണിക്കേണ്ടതിനെ പറ്റി ഇസ്‌ലാം ശക്തിയായി ഉദ്ബോധിപ്പിക്കുന്നു. അല്ലാഹുവിനെ വണങ്ങുവിൻ. ഒരു വസ്തുവിനേയും അവനിൽ പങ്കുചേർക്കരുത്. മാതാപിതാക്കളോടും ഉറ്റ ബന്ധുക്കളോടും അനാഥരോടും പട്ടിണി പാവങ്ങളോടും അയൽക്കാരനോടും അടുത്തവനായാലും അന്യനായാലും-നിങ്ങളുടെ പാർശ്വവർത്തികളായ കൂട്ടുകാരനോടും സഞ്ചാരികളോടും നിങ്ങളുടെ വലത്കൈക്ക് ഉടമപെട്ടവരോടും ഉപകാരപൂർവം പെരുമാറുവിൻ. നിശ്ചയമായും അല്ലാഹു അഹംഭാവിയേയും ഡംഭുകാരനേയും ഇഷ്ടപ്പെടുന്നില്ല. ലുബ്ധ് കണിക്കുകയും ലുബ്ധ് കാണിക്കാൻ പ്രേരിപ്പിക്കുകയും അല്ലാഹു അനുഗ്രഹവായ്പ്പിൽ നിന്ന് പ്രദാനം ചെയ്തിട്ടുള്ളതിനെ മറച്ചു വെക്കുകയും ചെയ്യുന്നവരത്രെ അവർ. (4:37-38)**

അയൽ വാസിയോടുള്ള കർത്തവ്യത്തെ പറ്റി തിരുനബി(സ) പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുണ്ട്. നബി(സ) ഒരിക്കൽ ഇപ്രകാരം അരുളുകയുണ്ടായി: **'അയൽക്കാരനോടുള്ള കടപ്പാട് സംബന്ധിച്ച് ദൈവം എനിക്ക് അധികമായും അടിക്കടിയായും ശാസനകൾ നൽകിയപ്പോൾ അയൽവാസി സ്വത്തിന് അവകാശിയാക്കപ്പെട്ടേക്കുമെന്ന് ഞാൻ കരുതിപ്പോയി'. (ബുഖാരി)**

ഹജ്ജത്തുൽ വിദായിൽ ചെയ്ത വിടവാങ്ങൽ പ്രസംഗത്തിൽ തിരുനബി(സ) പ്രഖ്യാപിച്ചു. **'നിങ്ങളുടെ ജീവനും നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ മാനവും ഈ ദിനത്തിന്റെയും (ഹജ്ജ് നാൾ) ഈ മാസത്തിന്റെയും ഈ കേന്ദ്രത്തിന്റേയും പാവനത്വം പോലെ പാവനമായിട്ടുള്ളതാണ്'(ഹംമ്പൽ)**

– ***Islam & Human Rights*** *എന്ന പുസ്തകത്തിൽ നിന്ന്.*

# രോഹിങ്ക്യൻ മുസ്‌ലിംകൾ: ഖലീഫത്തുൽ മസീഹ് അപലപിച്ചു

മ്യാന്മറിലെ രോഹിങ്ക്യൻ മുസ്‌ലിംകൾക്ക് നേരെയുള്ള പീഡനത്തെ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ഒരു പത്രപ്രസ്താവനയിൽ ശക്തമായി അപലപിക്കുകയുണ്ടായി. നൂറുക്കണക്കിന് മുസ്‌ലിംകൾ കൊല്ലപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ആയിരക്കണക്കിനാളുകൾ വീട് ഉപേക്ഷിച്ച് പോവുകയും ചെയ്യുന്നു. മ്യാന്മറിൽ മുസ്‌ലിംകൾക്ക് നേരെയുള്ള കൊടും ക്രൂരതകളും അനീതിയും എത്രയും പെട്ടെന്ന് അവസാനിക്കട്ടെയെന്ന് അഹ്മദികൾ പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതായി ഖലീഫ തിരുമനസ്സ് അറിയിച്ചു. ഇത്തരം പീഡനങ്ങൾക്ക് മുസ്‌ലിംകളെ ലക്ഷ്യം വെക്കുന്നതിന് പിന്നിൽ മുസ്‌ലിം ലോകത്തിന്റെ തന്നെ വിഭജനവും വിഭാഗീയതയുമാണ് ഉന്നംവെക്കുന്നത്. മുസ്‌ലിം രാജ്യങ്ങൾക്കിടയിൽ ഐക്യം നിലനിന്നെങ്കിൽ ഇത്തരം ദുരന്തങ്ങൾ ഒരിക്കലും ആവർത്തിക്കപ്പെടില്ലായിരുന്നു. ഇക്കാര്യത്തിൽ ലോക രാഷട്രങ്ങൾ ഇടപെടണമെന്നും ഈ വിഷയത്തിൽ മുസ്‌ലിം രാജ്യങ്ങൾ മുന്നോട്ട് വരണമെന്നും ഞാൻ പ്രതീക്ഷിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു വെന്ന് അഹ്മദിയ്യാ ഖലീഫ പറഞ്ഞു. മ്യാന്മറിലെ മുസ്‌ലിംകളും അതുപോലെ ലോകത്തിൽ മതപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട എല്ലാ ജനവിഭാഗത്തിന്റേയും പീഡനങ്ങൾക്ക് അറുതി വരുത്താൻ ഞാൻ പ്രാർഥിക്കുന്നു. യാതൊരു ഭീതിയും കൂടാതെ എല്ലാ ആളുകൾക്കും അവരുടെ വിശ്വാസാദർശങ്ങൾ പ്രകടിപ്പിക്കാനും ആചരിക്കാനും അവകാശമുണ്ടായിരിക്കണമെന്നും എല്ലാ രാജ്യങ്ങളും എല്ലാ വിശ്വാസികളെയും തുല്യരായി കണക്കാക്കണമെന്നും അദ്ദേഹം പറഞ്ഞു.

കുറിപ്പുകൾ

# വംശീയ ഉന്മൂലനത്തിന് വിധേയമാവുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ

മുസാഫിർ

ശാന്തിയുടെയും ധർമത്തിന്റെയും സനാതന സന്ദേശങ്ങൾ ലോകത്തിന് നൽകിയ ശാക്യമുനിയുടെ മതം സ്വീകരിച്ച മ്യാന്മറിലെ ജനത, പാവങ്ങളും പരമ ദരിദ്രരുമായ രോഹിങ്ക്യൻ മുസ്‌ലിംകളെ വംശീയമായി ഉന്മൂലനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. മ്യാന്മറിൽ ബംഗ്ലാദേശിലെ ചിറ്റഗോങ്ങ് ഡിവിഷനോട് ചേർന്ന് ബംഗാൾ ഉൾക്കടലിന് അഭിമുഖമായി നിൽക്കുന്ന രാഖിൻ പ്രവിശ്യയിലാണ് ബംഗാളി ഭാഷയുടെ ഒരു വകഭേദമായ രോഹിങ്ക്യൻ ഭാഷ സംസാരിക്കുന്ന ഈ ജനവിഭാഗം ജീവിക്കുന്നത്. പതിമൂന്ന് ലക്ഷം വരുന്ന ഈ ജനത അനുഭവിക്കുന്ന നരകയാതനകൾ കണ്ട് ലോകം നടുങ്ങുകയാണ്. മനുഷ്യത്വം മരവിച്ചുപോയവർ നടത്തുന്ന അതിഭയാനകവും സ്തോഭജനകവുമായ പീഡന വാർത്തകളാണ് മ്യാന്മറിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി അയൽ രാജ്യങ്ങളിലേക്ക് വൻ അഭയാർഥി പ്രവാഹമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവരിൽ മൂന്നിലൊന്ന് ഭാഗം പീഢനവും വംശഹത്യയും ഭയന്ന് മ്യാന്മറിൽ നിന്ന് അഭയാർഥികളായി ബംഗ്ലാദേശിലേക്കും അയൽരാജ്യങ്ങളിലേക്കും രക്ഷപ്പെട്ടു കഴിഞ്ഞു. ബുദ്ധമതസ്ഥരും സൈന്യവും ചേർന്നു നടത്തുന്ന ഈ കൂട്ടഹത്യകളും കൊടിയ പീഡനങ്ങളും വംശീയമായ ഉന്മൂലനം തന്നെയാണെന്നാണ് ഐക്യരാഷ്ട്ര സഭയുടെ വിലയിരുത്തൽ.

ഐക്യരാഷ്ട്ര സഭയുടെ ഹ്യുമൻ റൈറ്റ് ഹൈ കമ്മീഷണർ ജോർദാൻകാരനായ സൈദ് ബിൻ റാസ ഹുസൈൻ രാജകുമാരൻ മ്യാന്മറിൽ നടക്കുന്നത് വംശീയ ഉന്മൂലനമാണെന്ന് അസന്ദിഗ്ദമായി ഒരു പത്രസമ്മേളനത്തിൽ പ്രഖ്യാപിക്കുകയും രൂക്ഷമായ ഭാഷയിൽ ഇതിനെ അപലപിക്കുകയും ചെയ്തു. വംശീയ ഉന്മൂലനത്തിന്റെ പാഠപുസ്തക മാതൃകയാണ് മ്യാന്മറിൽ നടക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷകരെ മ്യാന്മറിലേക്ക് കടത്തി വിടാൻ മ്യാന്മർ ഭരണകൂടം അനുവദിക്കുന്നില്ല എന്നും അദ്ദേഹം കുറ്റപ്പെടുത്തി. മ്യാന്മർ ബംഗ്ലാദേശ് അതിർത്തിയിൽ മൈനുകൾ വിതറി അഭയാർഥികളായി രക്ഷപ്പെടുന്നവരെ ഒരു വശത്ത് വകവരുത്തുമ്പോൾ തിരിച്ച് മ്യാന്മറിലേക്ക് വരുന്ന രോഹിങ്ക്യക്കാരെ ഐഡന്റിറ്റി കാർഡ് ചോദിച്ച് ജന്മനാട്ടിലേക്ക് കടക്കാൻ സൈന്യം അനുവദിക്കുന്നുമില്ല എന്നും അദ്ദേഹം പറഞ്ഞു. ഇത് മനുഷ്യവംശത്തിനെതിരായുള്ള കുറ്റകൃത്യമായി കണക്കാക്കപ്പെടും എന്നും സൈദ് ബിൻ റാസ അവർക്ക് താക്കീത് നൽകിയിരിക്കുകയാണ്.

മ്യാന്മറിൽ പൂർണ പൗരാവകാശം നൽകാതെ ജീവിക്കുന്ന ഈ ജനത ലോകത്തിലെ ഏറ്റവും പീഢിതരും നിസ്സഹായരുമായ ജനവിഭാഗമാണ്. അവർക്ക് സ്വന്തം മതം ആചരിക്കാനോ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനോ സഞ്ചാര സ്വാതന്ത്ര്യമോ മ്യാന്മർ നിയമം അനുവദിക്കുന്നില്ല. മ്യാന്മറിൽ ദീർഘകാലത്തെ പട്ടാള ഭരണത്തിന് ശേഷം 2015 ൽ അധികാരത്തിൽ വന്ന ഓങ്ങ് സാൻ സൂചിയുടെ ഭരണത്തിന് കീഴിലാണ് ഈ പീഢനങ്ങൾ ഇപ്പോൾ കൂടുതൽ രൂക്ഷമാവുന്നത്. സൂചി സമാധാനത്തിനുള്ള നോബേൽ സമ്മാന ജേതാവാണ് എന്ന് നാം ഓർക്കണം. പ്രധാനമന്ത്രിക്ക് സമാനമായ സ്റ്റേറ്റ് കൗൺസിലർ പദവിയാണ് ഇപ്പോൾ അവർ വഹിക്കുന്നത്. രോഹിങ്ക്യൻ പീഢനങ്ങൾക്കെതിരെ സൂചി മൗനിയായിരിക്കുന്നത് കണ്ട് അന്താരാഷ്ട്ര സമൂഹത്തിൽ നിന്നും അവർക്കെതിരെ കടുത്ത രോഷമുയരുകയാണ്. മ്യാന്മറിൽ സൈനികരുടെ പൈശാചികമായ ആക്രമണത്തെ രൂക്ഷമായി അപലപിച്ച ഐക്യരാഷ്ട്ര സഭാ ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടറസ് പീഢനം അവസാനിപ്പിക്കാനുള്ള അവസാന

അവസരമാണ് സൂചിക്ക് ഇപ്പോഴുള്ളതെന്ന് താക്കീത് നൽകുകയുണ്ടായി. ഐക്യരാഷ്ട്ര സഭ ഈ പ്രശ്നം ചർച്ചചെയ്യാൻ വിളിച്ചുചേർത്ത സമ്മേളനത്തെ സൂചിക്ക് അഭിമുഖീകരിക്കാൻ കഴിയാതെ അവർ മാറി നിൽക്കുകയാണുണ്ടായത്. രോഹിങ്ക്യകൾക്ക് മ്യാന്മറിൽ തിരിച്ചെത്താനുള്ള അവസരം ഉണ്ടാക്കണമെന്നും യുഎൻ ജനറൽ സെക്രട്ടറിയുടെ ശക്തമായ പ്രസ്താവനക്ക് ശേഷമാണ് അൽപ്പമെങ്കിലും പീഢനത്തിനെതിരെ സൂചി പ്രസ്താവനയിറക്കിയത്.

മ്യാന്മറിൽ രോഹിങ്ക്യകൾക്കെതിരെ നടന്നത് വംശഹത്യ തന്നെയാണെന്ന് പെർമനന്റ് പീപിൾസ് ട്രിബ്യൂണലും (Permanent Peoples Tribunal PPT) പ്രഖ്യാപനം നടത്തിയിരിക്കുന്നു. മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന വിശ്വപ്രശസ്തമായ ആഗോള സ്വതന്ത്ര സംഘടനയാണ് PPT. ഈ കൂട്ടക്കൊലകൾ യുദ്ധക്കുറ്റമായി കണക്കാക്കണമെന്നും ഔദ്യോഗിക ചുമതല എന്ന നിലക്കാണ് സൈന്യം കുറ്റകൃത്യങ്ങൾ ചെയ്തുകൂട്ടിയതെന്നും കുറ്റവാളികളെ യുദ്ധക്കുറ്റവാളികൾ എന്ന നിലക്ക് വിചാരണ ചെയ്യണമെന്നും ട്രിബ്യൂണൽ ആരോപിക്കുന്നു.

ചിരപുരാതനകാലം മുതൽ ഈ മഹത്തായ ദേശത്തേക്ക് കടന്നുവന്നവരെ ഇരു കൈകളും നീട്ടി നാം സ്വീകരിച്ചിട്ടുണ്ട്. ബംഗ്ലാദേശിലെ ചിറ്റഗോംഗ് മലനിരകളിൽ നിന്നും ഇന്ത്യയിലെത്തിയവരാണല്ലോ ചക്മ, ഹജോങ്ങ് ജനങ്ങൾ. അവർ പഴയ അവിഭക്ത പാകിസ്താനിൽ ബംഗ്ലാദേശ് പാകിസ്താന്റെ ഭാഗമായിരുന്നപ്പോൾ ചിറ്റഗോങ്ങ് മലനിരകളിൽ വസിക്കുന്നവരായിരുന്നു. ഗോത്ര വർഗക്കാരായ അവർ ബുദ്ധമതക്കാരും ഹിന്ദുക്കളുമായിരുന്നു. കർണ പൂലി നദിയിൽ കപ്തായി ഡാം കെട്ടിയപ്പോൾ അവരുടെ ഭൂമി നഷ്ടപ്പെടുകയും അവർ ഇന്ത്യയിലേക്ക് വരികയുമാണുണ്ടായത്. മതപരമായ വിവേചനം അവിഭക്ത പാകിസ്താനിൽ അവർ അനുഭവിച്ചിരുന്നതായും പറയപ്പെടുന്നു. ഇന്ത്യയിലെ അരുണാചൽ പ്രദേശിലെ അഭയാർഥി ക്യാമ്പുകളിലാണ് അവർ കഴിഞ്ഞിരുന്നത്. അത്തരത്തിൽ ഇന്ത്യയിൽ 50 വർഷമായി ജീവിച്ചുവരുന്ന ചക്മ ഹജോങ്ങ് ജനതക്ക് സുപ്രീം കോടതിയുടെ നിർദേശപ്രകാരമാണ് ഇന്ത്യൻ പൗരത്വം കൊടുക്കാൻ തീരുമാനിച്ചത്. മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് 1,20,000 തിബത്തൻ അഭയാർഥികൾക്കും നാം അഭയം നൽകുകയുണ്ടായി. ആ ദയാവായ്പ്പും ഉദാരമനസ്കതയും രോഹിങ്ക്യൻ ജനതയുടെ കാര്യത്തിലും അനുവർത്തിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

മതം, വംശം, ഭാഷ, രാഷ്ട്രീയം മുതലായ കാരണങ്ങളാൽ പീഢനങ്ങൾ ഭയന്ന് ആ രാജ്യത്ത് നിന്ന് രക്ഷപ്പെടുകയും ജനിച്ച രാജ്യത്ത് തിരിച്ചു ചെന്ന് സുരക്ഷിതരായി ജീവിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നവരെയുമാണ് അഭയാർഥികൾ എന്ന് സാങ്കേതികമായി വിളിക്കുന്നത്. ഐക്യരാഷ്ട്ര സഭയും അന്താരാഷ്ട്ര സമൂഹവും ഏറ്റവും അനുഭാവത്തോടെയും ഗൗരവത്തോടെയും കൈകാര്യം ചെയ്യുന്ന വിഷയമാണ് അഭയാർഥി പ്രശ്നം. അഭയാർഥികളെ സഹായിക്കാനും വിസ്ഥാപനം ചെയ്യപ്പെട്ട അവരുടെ ജീവിതം സുരക്ഷിതമാക്കാനും അവരുടെ അവകാശങ്ങളും സംരക്ഷിക്കാനും നിരവധി അന്താരാഷ്ട്ര നിയമങ്ങളും അന്താരാഷ്ട്ര ഉടമ്പടികളും അന്താരാഷ്ട്ര ഏജൻസികളുമുണ്ട്. ആ നിയമങ്ങളിലൊന്നാണ് അഭയാർഥികൾക്ക് അഭയം ലഭിക്കാനുള്ള അവകാശം (The Right to Asylum), അതുപോലെ പീഡിതരാജ്യത്തേക്ക് തിരിച്ചയക്കാതിരിക്കാനുള്ള അവകാശം (The Right to Non-Refoulement) എന്നിവ. അഭയാർഥികളുമായി ബന്ധപ്പെട്ട് 144 രാജ്യങ്ങൾ ഒപ്പിട്ട 1951 ലെ അന്താരാഷ്ട്ര ഉടമ്പടിയിലും (Convention Relating to the Status of Refugees) 146 രാജ്യങ്ങൾ ഒപ്പിട്ട 67 ലെ പ്രോട്ടോകോളിലും (Protocol Relating to the Status of Refugees) ഇന്ത്യ ഒപ്പുവെച്ചിട്ടില്ല. അത് കൊണ്ട് ഇന്ത്യയിൽ അഭയാർഥികളായി എത്തുന്നവരെ തിരിച്ചയക്കണം എന്ന് പറയുന്നതിൽ അർഥമില്ല. 1948 ൽ ഇന്ത്യ ഒപ്പിട്ട സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ (The Universal Declaration of Human Rights (UDHR) ആർട്ടിക്കിൾ 14 ൽ മർദനത്തിൽ നിന്നും രക്ഷപ്പെടാൻ മറ്റുരാജ്യങ്ങളിൽ അഭയം തേടാൻ ഓരോ പൗരനും അവകാശമുണ്ട് എന്ന വകുപ്പ് പ്രകാരം നാം അഭയാർഥികൾക്ക് അഭയം നൽകാൻ ബാദ്ധ്യസ്ഥരാണ്. പല യൂറോപ്യൻ രാജ്യങ്ങളും ഉത്തരവാദിത്വ ബോധത്തോടെ ഈ അന്താരാഷ്ട്ര മര്യാദ പാലിച്ചുവരുന്നു. നമ്മുടെ ഭരണ ഘടന വിഭാവന ചെയ്യുന്ന ജീവിക്കാനുള്ള അവകാശം (21-ാം ഖണ്ഡിക) കേവലം രാജ്യത്തെ പൗരന്മാർക്ക് മാത്രമുള്ളതല്ലെന്നും ഈ രാജ്യത്ത് തങ്ങുന്ന എല്ലാ മനുഷ്യജീവികൾക്കും അർഹതപ്പെട്ടതാണെന്നും സുപ്രീം കോടതി പല തവണ വ്യക്തമാക്കിയതാണ്.സുപ്രീം കോടതിയാണ് ഇക്കാര്യത്തിൽ അന്തിമ വിധി പ്രസ്താവിക്കേണ്ടത്.

രോഹിങ്ക്യൻ അഭയാർഥികളുടെ പ്രവാഹത്തിൽ ദരിദ്ര രാജ്യമായ ബംഗ്ലാദേശ് പ്രതിസന്ധിയിലാണ്. നാല് ലക്ഷം അഭയാർഥികളാണ് ഈയടുത്ത ദിവസങ്ങളിലായി ബംഗ്ലാദേശിൽ എത്തിച്ചേർന്നിട്ടുള്ളത്. ഈ ഘട്ടത്തിൽ ബംഗ്ലാദേശിനെ സഹായിക്കാൻ പ്രധാന മന്ത്രി മോഡി തയ്യാറായത് ശ്ലാഘനീയമാണ്. സെപ്തംബർ 14 ന് വ്യാഴാഴ്ച

7000 ടൺ അവശ്യവസ്തുക്കൾ ബംഗ്ലാദേശിലേക്ക് അയച്ച് കൊടുക്കാൻ ഇന്ത്യ തയ്യാറായി. അതിന് ശേഷവും ബംഗ്ലാദേശിലേക്കുള്ള സഹായം തുടരുന്നുണ്ട്. വംശഹത്യയെ അതിജീവിച്ച് കൊണ്ട് 40,000 രോഹിങ്ക്യൻ അഭയാർഥികളാണ് ഇന്ത്യയിൽ എത്തിചേർന്നിരിക്കുന്നത്. അവരെ ഇന്ത്യയിൽ അഭയാർഥികളായി സ്വീകരിക്കാൻ അനുവദിക്കില്ല എന്നാണ് കേന്ദ്ര സർക്കാർ നിലപാട്. ഉടുതുണിക്ക് മറുതുണിയില്ലാതെ നിസ്സഹായരും അശക്തരും പരമ ദരിദ്രരും പട്ടിണി പേക്കോലങ്ങളുമായ രോഹിങ്ക്യക്കാരെ വീണ്ടും മ്യാന്മറിലെ കൊലനിലങ്ങളിലേക്ക് തിരിച്ചയക്കുന്നത് മനുഷ്യ സ്നേഹികളെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. ഇത് ഭാരതത്തെ പോലെ മഹത്തായ പാരമ്പര്യമുള്ള ഒരു രാജ്യത്തിന് ഒരിക്കലും ഭൂഷണമല്ല. ആ തീരുമാനം നിർഭാഗ്യകരമാണ്. ഭാരത സംസ്ക്കാരത്തിനും സാർവലൗകിക സാഹോദര്യത്തിനും നിരക്കാത്തതുമാണ്. പരമോന്നത നീതിപീഠം ഈ വിഷയത്തിൽ ഇടപെടാൻ പാടില്ലെന്നും സർക്കാർ പൗരന്മാർക്കായി ഒരുക്കുന്ന ക്ഷേമ സൗകര്യങ്ങൾ നിയമ വിരുദ്ധമായി കടന്നുവന്ന രോഹിങ്ക്യൻ അഭയാർഥികൾക്ക് നൽകരുതെന്നുമാണ് കേന്ദ്ര സർക്കാരിന്റെ വാദം.

രോഹിങ്ക്യൻ അഭയാർത്ഥികൾ പൗരത്വത്തിന് വേണ്ടിയല്ല നമ്മോട് യാചിക്കുന്നത്. ജീവൻ രക്ഷിക്കാനും താൽക്കാലികമായി തലചായ്ക്കാൻ ഒരിടവുമാണ്. മനുഷ്യത്വത്തിന്റെ പേരിൽ അത് കേൾക്കാൻ നമുക്ക് ബാദ്ധ്യതയില്ലേ?. സുപ്രീം കോടതിയാണ് ഇക്കാര്യത്തിൽ അന്തിമ വിധി പ്രസ്താവിക്കേണ്ടത്. രോഹിങ്ക്യൻ മുസ്ലിംകൾ അനധികൃത അഭയാർഥികളായതിനാൽ അവർക്കിടയിൽ ഭീകരവാദികൾ കടന്നു കൂടാൻ സാദ്ധ്യതയുള്ളത് കൊണ്ട് രാജ്യത്തിന് സുരക്ഷാ ഭീഷണിയുണ്ടെന്ന വാദമാണ് കേന്ദ്ര സർക്കാർ ഉയർത്തുന്നത്. തീർച്ചയായും അത്തരം വിധ്വംസക പ്രവർത്തനം നടത്തുന്നവർ അഭയാർഥികൾക്കിടയിൽ ഉണ്ടെങ്കിൽ കർശനമായ നിരീക്ഷണം നടത്തി തക്കതായ ശിക്ഷാനടപടിയും അത്തരക്കാർക്കെതിരെ കൈകൊള്ളേണ്ടതുണ്ട്.

1893 സെപ്തംബർ 11 ന് ഭാരതത്തിന്റെ വീര പുത്രനും ഭാരതീയ സംസ്കാരത്തിന്റെ ഉജ്ജ്വലനായ പ്രചാരകനുമായ സ്വാമി വിവേകാനന്ദൻ അമേരിക്കയിലെ ചിക്കാഗോയിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ ശരണാർഥികൾക്ക് അഭയമരുളിയ ഈ പുണ്യപുരാതന രാജ്യത്തിന്റെ പേരിൽ അഭിമാനം കൊണ്ടിട്ടുണ്ട് എന്ന കാര്യം അനുസ്മരിച്ച് കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. അമേരിക്കയിൽ വെച്ചുള്ള അദ്ദേഹത്തിന്റെ വിശ്വപ്രശസ്തമായ പ്രസംഗത്തിന്റെ പ്രാരംഭ വരികൾ ശ്രദ്ധിക്കുക.

***‘അമേരിക്കയിലെ സോദരീ സോദരന്മാരെ ............സഹിഷ്ണുതയെന്ന ആശയം വിവിധ ദേശങ്ങളിലേക്ക് വഹിക്കുന്നതിനുള്ള ബഹുമതി വിദൂര ജനതകളിൽ നിന്നും വരുന്ന ഈ ആളുകൾക്ക് തികച്ചും അവകാശപ്പെട്ടതാണെന്ന് പൗരസ്ത്യ പ്രതിനിധികളെ പരാമർശിച്ച് നിങ്ങൾ പറഞ്ഞുവല്ലോ. ഈ മണ്ഡപത്തിൽ ഇരിക്കുന്ന അവർക്കും എന്റെ നന്ദി. സഹിഷ്ണുതയും സാർവലൗകിക സ്വീകാര്യതയും രണ്ടും ലോകത്ത് ഉപദേശിച്ച മതത്തിന്റെ അനുയായി എന്ന നിലക്ക് ഞാൻ അഭിമാനം കൊള്ളുന്നു. ഞങ്ങൾ സാർവലൗകിക സഹിഷ്ണുതയിൽ വിശ്വസിക്കുക മാത്രമല്ല സർവ മതങ്ങളും സത്യമെന്ന യാഥാർഥ്യം സ്വീകരിക്കുകയും ചെയ്യുന്നു. ലോകത്തുള്ള സർവ മതങ്ങളിലേയും പീഢിതർക്കും ശരണാർഥികൾക്കും അഭയമരുളിയവരാണ് എന്റെ ജനതയെന്നതിൽ ഞ അഭിമാനിക്കുന്നു...........***

പേജ് 11ൽ നിന്ന് തുടർച്ച

ചെയ്തിട്ടുള്ള പാപം മൂടിവെക്കപ്പെടുന്നതായിരിക്കും. ആരാണോ ഈ വാക്യങ്ങൾ ഏതെങ്കിലും നന്മയുടെ മജ്‌ലിസിലും ദൈവസ്മരണയുടെ മജ്‌ലിസിലും ചൊല്ലിയത് അതോടുകൂടി അവനിൽ അത് മുദ്രവെക്കപ്പെടുന്നതായിരിക്കും. ആ വാക്യങ്ങൾ ഇതാണ്. ***സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാ അൻത അസ്തഗ്ഫിറുക്ക വഅതൂബു ഇലയ്ക്ക.*** അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നീ പരിശുദ്ധനാണ്. നിന്നെക്കൂടാതെ ഒരു ആരാധ്യനുമില്ല. നിന്നോട് പൊറുക്കലിനെ തേടുന്നു. നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ പ്രാർഥന അനിഷ്ടകരമായ കാര്യങ്ങളുടെ ദുസ്വാധീനത്തിൽനിന്ന് സുരക്ഷിതമാക്കിവെക്കുന്നതാണ്. മനുഷ്യന് നല്ല മജ്‌ലിസുകളുടെ അനുഗ്രഹത്തിൽനിന്ന് കൂടുതൽ കൂടുതൽ അനുഗ്രഹം തേടാൻ നിമിത്തമായിത്തീരുന്നതാണ്.

ഖുത്ബയുടെ അവസാനം അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ എപ്പോഴും ചീത്ത മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടുന്നവരാകട്ടെ. ഇനി അഥവാ അറിയാതെ കണ്ട് അതിൽ പങ്കെടുത്താൽത്തന്നെയും അവയുടെ ദുസ്വാധീനത്തിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. നമ്മളോട് കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ. നമ്മെ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്ത് വ്യവസ്ഥിതിയോടും ചേർന്നിരിക്കുന്നവരാക്കട്ടെ. എല്ലാ ഫിത്നയുണ്ടാക്കുന്നതിൽനിന്നും ഫിത്നയുടെ ദ്രോഹത്തിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

www.alislam.org



## ജനാബ് ടി. അബ്ദുർ റശീദ് സാഹിബ്

കോഴിക്കോട്: മാത്തോട്ടം ജമാഅത്തംഗമായ ജനാബ് ടി.അബ്ദുർ റശീദ് സാഹിബ് (73) 11.09.2017 ന് വഫാത്തായി (ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ). കേരളത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജിഹ്വയും കേരളത്തിലെ ആദ്യത്തെ മുസ്‌ലിം മാസികയുമായ സത്യദൂതന്റെ മാനേജരായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. 1982 മുതൽ കണ്ണൂരിലെ സത്യദൂതൻ പ്രസ്സിൽ പ്രവർത്തിച്ചുവരുന്ന അദ്ദേഹം സത്യദൂതൻ നടത്തിപ്പിൽ സ്തുത്യർഹമായ സേവനമാണ് നൽകിയത്. വിവിധ സത്യദൂതൻ മാനേജർമാരുടെ കീഴിൽ സത്യദൂതന്റെ വരിസംഖ്യ പിരിച്ചെടുക്കുന്നതിനായി കേരളത്തിലെ മുഴുവൻ ജമാഅത്തുകളിലും തുടർച്ചയായി പര്യടനം നടത്തിയിട്ടുണ്ട്. തുടർന്ന് സത്യദൂതന്റെയും പ്രസ്സിന്റെയും മാനേജരായും പ്രവർത്തിച്ചു.

കണ്ണൂർ സിറ്റി ജമാഅത്തിലാണ് നേരത്തേ അംഗമായിരുന്നത്. സിറ്റി ജമാഅത്തിൽ ദീർഘകാലം ഖാഇദായി പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹം ഖാഇദായിരിക്കുമ്പോഴാണ് ഖാദിംകളെ ഖബർ കുഴിക്കുന്നതിലും അതുമായി ബന്ധപ്പെട്ട പ്രവർത്തികളിലും സജ്ജരാക്കിയത്. കണ്ണൂരിൽ നിന്ന് മാത്തോട്ടം ജമാഅത്ത് പരിധിയിൽ താമസം മാറ്റുന്നതുവരെ ഈ പ്രവർത്തിയിൽ അദ്ദേഹം സ്വയം തന്നെ ഏർപ്പെടുകയുണ്ടായിട്ടുണ്ട്. ജമാഅത്തിന്റെ മറ്റു പദവികളും അദ്ദേഹം അലങ്കരിച്ചിരുന്നു. പബ്ലിക്കേഷൻ വകുപ്പിലാണ് അവസാനകാലം ജോലിചെയ്തിരുന്നത്.

പരേതന്റെ പിതാവ് മുഹമ്മദ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വിന്റെ ഓഫീസിൽ ജോലിചെയ്തിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ (ആമീൻ) മക്കൾ: സിയാദ് അഹ്മദ് (കുവൈത്ത്), സവാദ് അഹ്മദ്, സഹീർ അഹ്മദ് (ബാംഗ്ലൂർ) സുനീറ, റിസ്‌വാന. മരുമക്കൾ: ജസീല(കോഴിക്കോട്), ശഹർ ബാനു (കണ്ണൂർ), സമീന(മഞ്ചേശ്വരം), ശൈക്ക് സിലാർ അഹ്മദ് (ആന്ധ്ര).

*- ശംസുദ്ദീൻ കണ്ണൂർ*



## എം. പി. അബൂബക്കർ സാഹിബ്

ചേലക്കര ജമാഅത്തംഗമായ എം.പി. അബൂബക്കർ സാഹിബ് (59) 08-08-2017 ന് ഇഹലോകവാസം വെടിഞ്ഞു. (ഇന്നാലില്ലാഹി.....)

ചേലക്കര ജമാഅത്തിലെ ആദ്യകാല അഹ്മദിയും സുപ്രസിദ്ധ ഹോമിയോ ഡോക്ടറുമായിരുന്ന മർഹൂം പാറോല പീടികയിൽ മുഹമ്മദ് സാഹിബിന്റെയും നിലവിൽ കടലായി ജമാഅത്തംഗമായ മറിയം ബിവി സാഹിബയുടെയും മകനായി 1958ൽ ജനിച്ച ഇദ്ദേഹം ജമാഅത്ത് വ്യവസ്ഥിതിയോട് തികഞ്ഞ ആത്മാർഥത പുലർത്തുകയും ജമാഅത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായും മൗലവിമാരുമായും വ്യക്തി ബന്ധം പുലർത്തുകയും ചെയ്തിരുന്ന ആളായിരുന്നു. തബ്ലീഗിൽ പ്രത്യേക തരം ആവേശവും പല വിഷയങ്ങളിലും അഗാധമായ അറിവും അതിലുപരി ഉജ്ജ്വല പ്രാസംഗികനുമായിരുന്നു. കഴിയുന്നത്ര ജമാഅത്തിയായ നമസ്ക്കാരം നിലനിർത്തുകയും ദീനി സേവനങ്ങൾ ചെയ്യുന്നതിൽ താല്പര്യമുള്ള വ്യക്തിയും മൂസിയുമായിരുന്നു. ഇടക്കാലത്ത് കടലായി ജമാഅത്തിൽ അംഗമാവുകയും അവിടെ 6 വർഷക്കാലം ജമാഅത്തിന്റെ സദർ ആയും പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. അതുപോലെ ചേലക്കരയിൽ വൈസ് പ്രസിഡന്റായും മാൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാളി ജമാഅത്തിലെ മർഹൂം യു. ഹംസ സാഹിബിന്റെ മകൾ റുഖ്യയാണ് ഭാര്യ. മകൻ സജിൽ അഹ്മദ്. മരുമകൾ ജസ്ന. സഹോദരി ബുഷ്റ മാലിക് (കടലായി). അല്ലാഹു പരേതന് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

*- മൗലവി വസീം അഹ്മദ്, കടയാനെല്ലൂർ*

### മതതീവ്രവാദം അരുത്

ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം. റസൂൽ തിരുമേനി (സ) അരുളി: ദീനിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിലെ തീവ്രത മൂലമാണ് (അഹ്മദ്)

Published on 7.10. 2017
Pages 44
Vol: 89 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly




INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

1800 425 2020 Toll Free (9 am to 9 pm)